എഡിറ്റോറിയൽ

# മദ്ധ്യസ്ഥ ശ്രമം കബളിപ്പിക്കലിന്റെ അടുത്ത ഊഴം?

ഒരു നിഴൽ നാടകം പോലെ, മലങ്കരസഭാമക്കളെ കബളിപ്പിക്കുന്ന നയതന്ത്ര–രീതിശാസ്ത്രം വെളിപ്പെടുത്തുന്നതാണ് സംസ്ഥാന സർക്കാരിന്റെയും മദ്ധ്യസ്ഥരുടെയുമൊക്കെ സഭാതർക്ക പരിഹാരശ്രമങ്ങളുടെ വാർത്താചിത്രങ്ങൾ. സംസ്ഥാന സർക്കാർ മലങ്കരസഭാതർക്ക പരിഹാരത്തിനായി സംവിധാനം ചെയ്ത മദ്ധ്യസ്ഥസമിതിയംഗം ആദരണീയനായ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ വിഘടിത വിഭാഗം സുന്നഹദോസ് സെക്രട്ടറി അഭിവന്ദ്യ ജോസഫ് മാർ ഗ്രീഗോറിയോസ് തിരുമേനിയുമായി കൂടിക്കാഴ്ച നടത്തുന്നത് ചിത്രസഹിതം പത്രത്തിൽ കണ്ടു. തൊട്ടുപിന്നാലെ, നിഷേധക്കുറിപ്പിലൂടെ മദ്ധ്യസ്ഥസമിതിയെ അറിയില്ലെന്നും വിശ്വാസികളെയും നീതിന്യായകോടതികളെയും കബളിപ്പിക്കുന്നതിനുള്ള സർക്കാർ ശ്രമത്തിന്റെ ഭാഗമാണിതെന്നും പ്രസ്താവിക്കുകയുണ്ടായി.

"ഒരു വെള്ളരിക്കാപ്പട്ടണം" എന്ന ബിംബധ്വനി ഉണർത്തുന്നതാണ് കേരളത്തിലെ സമകാലികവാർത്തകൾ. അതുകൊണ്ടുതന്നെ മേൽസൂചിപ്പിച്ച വാർത്തകളിൽ അതിശയോക്തിയില്ല. എന്നിരുന്നാലും സാധാരണ സത്യവിശ്വാസികളുടെ നിഷ്കളങ്കവികാരങ്ങൾ അല്പമെങ്കിലും ഈ കുറിപ്പിലൂടെ പ്രകടിപ്പിച്ചില്ലെങ്കിൽ അത് കൃത്യവിലോപമാകും എന്നു കരുതുന്നു.

**സമാദരണീയരായ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരും ബഹു. ഡോ. സിറിയക് തോമസും കേരളം ആദരിക്കുന്ന പ്രഗത്ഭ വ്യക്തിത്വങ്ങളാണ്...**

**...ഇനി അവരുടെ വാക്കുകൾക്ക് അർത്ഥമുണ്ടാകുമോ?**

1) പ്രശ്നപരിഹാരങ്ങൾക്കുവേണ്ടി മദ്ധ്യസ്ഥത വഹിക്കുന്നതും തീർപ്പുകല്പിക്കുന്നതും കോടതികളാണ്. 1995 മുതൽ ഇന്നോളം സഭയിലെ പല തർക്കങ്ങളിലും കോടതികൾ തീർപ്പുകല്പിച്ചിട്ടുണ്ട്. അവ വ്യക്തമായി പഠിച്ച് നീതി നടപ്പിൽ വരുത്തുക എന്നതു മാത്രമാണ് സർക്കാരിന്റെ ദൗത്യം. വിഘടിതവിഭാഗം 1995–നുമുൻപും പിൻപും നടത്തിയിട്ടുള്ള അനേകം കോടതിയലക്ഷ്യങ്ങളും നീതിരഹിത പ്രവർത്തനങ്ങളുമുണ്ട്. ഓർത്തഡോക്സ് സഭ ഏതു കോടതിവിധിയാണ് മാനിക്കാത്തതെന്ന് സർക്കാരോ വിഘടിതവിഭാഗമോ മദ്ധ്യസ്ഥരോ കാര്യകാരണ സഹിതം ബോധിപ്പിക്കണം. അല്ലെങ്കിൽ, കേരളത്തിൽ കോടതിവിധികൾ നടപ്പിലാക്കുവാൻ സാദ്ധ്യമാകാത്ത സാഹചര്യമെന്തെന്നു വ്യക്തമാക്കണം.

2) മദ്ധ്യസ്ഥ സമിതിയുടെ നിയമനവും നിയോഗവും സത്യവിശ്വാസികളെ കബളിപ്പിക്കുന്ന സർക്കാർ–വിഘടിതവിഭാഗ കൂട്ടുകെട്ടിന്റെ തന്ത്രമാണെന്ന ആശങ്കയുണ്ട്. സമിതിയിലെ ബഹു. മന്ത്രിസഭാംഗങ്ങൾ അവരുടെ സ്ഥാനന്യായേന ബഹുമാനിക്കപ്പെടാമെങ്കിലും പ്രശ്നപരിഹാരത്തിന് യോഗ്യരാണെന്ന വിശ്വാസം മലങ്കരസഭയിലെ സാധാരണ വിശ്വാസികൾക്കില്ല. തൃക്കുന്നത്തു സെമിനാരി–തിരുവനന്തപുരം നാടകങ്ങളൊന്നും ഇനിയും ആരും വിസ്മരിച്ചിട്ടില്ലെന്നോർക്കുക!

3) സമാദരണീയരായ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരും ബഹു. ഡോ. സിറിയക് തോമസും കേരളം ആദരിക്കുന്ന പ്രഗത്ഭവ്യക്തിത്വങ്ങളാണ്. സഭാവിഷയത്തിൽ അവരുടെയൊക്കെ വ്യക്തമായ ശബ്ദം കേൾക്കുവാൻ വിശ്വാസികൾ ഒരു സമ

യത്ത് ആഗ്രഹിച്ചിരുന്നു. ഇനി അവരുടെ വാക്കുകൾക്ക് അർത്ഥമുണ്ടാകുമോ? "രണ്ടു സഭകൾ എന്നത് സമൂഹം അംഗീകരിച്ചു കഴിഞ്ഞു" എന്ന് മദ്ധ്യസ്ഥത നടത്തുന്നതിനുമുൻപേ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ പ്രസ്താവിച്ചു എന്ന വാർത്ത വിശ്വാസികളെ സംബന്ധിച്ചിടത്തോളം വിഘടിതരുടെ "വിഭജനം" എന്ന അക്രൈസ്തവ ആശയത്തിനുള്ള പിൻതാങ്ങലാണ്. വോട്ടുരാഷ്ട്രീയ സർക്കാരുകളുടെ മുൻവിധികളെ മറികടന്ന് നീതിന്യായ കോടതികളുടെ വിധിതീർപ്പുകളെയും മലങ്കരസഭാ വിജ്ഞാനീയത്തെയും മനസ്സിലാക്കി സത്യം വിളിച്ചു പറയുവാൻ അദ്ദേഹം ആർജ്ജവത്വം കാണിച്ചാൽ വിശ്വാസികൾ അതു സ്വീകരിക്കും.

4) മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് വ്യക്തമായ ഒരു നിലപാടുണ്ട്. യാക്കോബായ സഭ എന്നു വിളിക്കപ്പെടുന്ന വിഘടിത വിഭാഗത്തിനു സ്വന്തമായുള്ളതൊന്നും മലങ്കരസഭയ്ക്കാവശ്യമില്ല. സഭയുടെ നിലപാട് ഭാരതത്തിന്റെ പരമോന്നതനീതിപീഠം അംഗീകരിച്ചു നല്കിയ സഭാഭരണഘടനയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാനികളാൽ സഭ നയിക്കപ്പെടണം എന്നുള്ളതാണ്. ഈ നിലപാടിനെ അവഗണിക്കുന്നവർ സഭയുടെ പള്ളികളും സ്ഥാപനങ്ങളും കൈയേറിയിട്ട് ഭൂരിപക്ഷാവകാശം ഉന്നയിക്കുന്നതിലെ നിയമസാധുത മദ്ധ്യസ്ഥസമിതികൾ വെളിപ്പെടുത്തണം. സഭാവിഭജനം ദൈവത്തിന്റെയോ ദൈവജനത്തിന്റെയോ നിലപാടല്ല! അതൊരു പൈശാചിക ശബ്ദവും ദൂരവ്യാപകങ്ങളായ ദൂഷ്യഫലങ്ങൾ ഉളവാക്കുന്നതുമാണെന്ന് വിഘടനവാദികൾ മനസ്സിലാക്കുക.

5) കാൽവറി ക്രൂശിൽ സമന്വയിച്ചിരിക്കുന്ന സ്നേഹവും ത്യാഗവും കർത്താവിന്റെ ശരീരമായ സഭയിലും സമന്വയിക്കണം. മലങ്കരസഭ അങ്ങനെയൊരു തത്വശാസ്ത്രത്തിന്റെ പ്രായോഗികതയിൽനിന്ന് പിൻമാറുമെന്ന് ആരും കരുതേണ്ട കാര്യമില്ല. നീതി നടപ്പിലാക്കുമ്പോൾ ക്രിസ്തുവിന്റെ സ്നേഹാടിസ്ഥാനത്തിൽ അർഹമായത് ആർക്കും നല്കുവാൻ സഭ സന്നദ്ധമായിരിക്കും. വിഘടിതവിഭാഗം മലങ്കര സഭയുടെ ആത്മസന്താനങ്ങളാണ്. അവർക്ക് സഭയുടെ ശിക്ഷണത്തിൽ നില്ക്കുവാനിഷ്ടമില്ലെങ്കിലും ചേക്കേറാൻ മറ്റൊരിടമില്ലെങ്കിലും അതു വെളിപ്പെടുത്തിയാൽ പള്ളിയും സെമിത്തേരിയുമൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അവരുടെ ഉപയോഗത്തിനും കൂടി നല്കുന്നതിന് സഭാനേതൃത്വം സന്നദ്ധമായിരിക്കും എന്നാണ് സഭാജനം വിശ്വസിക്കുന്നത്.

"ഒടുവിൽ സഹോദരന്മാരെ, സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായതു ഒക്കെയും നിർമ്മലമായതു ഒക്കെയും രമ്യമായതു ഒക്കെയും സൽക്കീർത്തിയായതു ഒക്കെയും സൽഗുണമോ പുകഴ്ചയോ ആയതൊക്കെയും ചിന്തിച്ചുകൊൾവിൻ." ഫിലിപ്യർ 4:8

**– പണിക്കരച്ചൻ** ■


**മലങ്കരസഭ മാസിക**

**വരിസംഖ്യ**

**ഇന്ത്യയിൽ**

| | | |
|---|---|---|
| ഒറ്റപ്രതി | : | 10 രൂപ |
| ഒരു വർഷം | : | 100 രൂപ |
| 4 വർഷം | : | 400 രൂപ |
| 12 വർഷം (ആയുഷ്ക്കാലം) | : | 1000 രൂപ. |

***വിദേശത്തേക്ക്***

ഒരു വർഷം : 1000 രൂപ

**പരസ്യനിരക്കുകൾ**

| | | |
|---|---|---|
| Back Page (Colour) | : | 10000 |
| Front Inside (Colour) | : | 8000 |
| Back Inside (Colour) | : | 7000 |
| Full page (B & W) | : | 3000 |
| Half page (B & W) | : | 1750 |
| Quarter page (B & W) | : | 1250 |
| Minimum (B & W) | : | 750 |
| Favours Block (Colour) | : | 500 |
| Favours Block (B & W) (Stamp Size) | : | 300 |



# മഹാപുരോഹിത സന്ദേശം



വാത്സല്യമക്കളേ,

സെപ്റ്റംബർ പതിനാലാം തീയതി സ്ലീബാ പെരുന്നാളാണ്. നമ്മുടെ കർത്താവിന്റെ രക്ഷാകരമായ സ്ലീബായെ കണ്ടെടുത്തു പ്രതിഷ്ഠിച്ച മഹാസംഭവത്തിന്റെ അനുസ്മരണം ജയമുള്ളതും രക്ഷാകരവുമായ സ്ലീബായുടെ അടയാളത്താൽ വി. ത്രിത്വനാമത്തിൽ മുദ്രകുത്തപ്പെട്ടിരിക്കുന്ന നാം ഓരോരുത്തരും ഈ മഹാസംഭവത്തിൽ ജീവിതംകൊണ്ട് പങ്കാളികളാകണം. എനിക്കോ നമ്മുടെ കർത്താവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത് എന്ന വി. പൗലൂസ് ശ്ലീഹായുടെ വചനം നമുക്കും അർത്ഥം നല്കുന്നതാണ്. സ്ലീബാപ്പെരുന്നാൾ നമ്മുടെ ജീവിതത്തിന്റെ ആഘോഷമാകണം. അതു നമ്മുടെ ജീവനെയും ജീവിതത്തെയും ദൈവത്തിങ്കലേക്കു നയിക്കുന്ന ആഘോഷമാകണം.

ക്രൂശിലൂടെ ഒഴുകുന്നത് ദൈവത്തിന്റെ അനന്തമായ സ്നേഹമാണ്. സ്നേഹം എന്ന വാക്കിന് തൈലം എന്ന അർത്ഥമുണ്ട്. തൈലം ശരീരത്തെ മയപ്പെടുത്തുന്നതും രോഗസൗഖ്യം നല്കുന്നതുമാണ്. നല്ല ശമരിയാക്കാരന്റെ ഉപമയിൽ ശമരിയാക്കാരൻ വീണു കിടക്കുന്ന വഴിപോക്കന് സൗഖ്യദാനത്തിനുള്ള മരുന്നായി ഉപയോഗിക്കുന്നത് തൈലമാണ്. മൂപ്പന്മാർ രോഗികളെ തൈലം പൂശി സൗഖ്യമാക്കട്ടെ എന്ന് യാക്കോബ് ശ്ലീഹായും അനുശാസിക്കുന്നുണ്ട്. നമ്മുടെ ജീവിതത്തിലുണ്ടാകുന്ന മുറിവുകളെ ഉണക്കുവാൻ സ്നേഹത്തിനു മാത്രമാണ് സാധിക്കുന്നത്. ദൈവത്തിനും അയൽക്കാരനും എതിരായി പ്രവർത്തിക്കുന്നവരെല്ലാം സ്വാർത്ഥരും പാപികളുമാണ്. എല്ലാറ്റിനും ഉപരി ദൈവത്തെ സ്നേഹിക്കുകയും തന്നെപ്പോലെ തന്റെ അയൽക്കാരനെ സ്നേഹിക്കുകയും ചെയ്യുന്നവൻ പരിപൂർണ്ണതയിലേക്കു വളരുന്നു.

> **"ദൈവത്തിനും അയൽക്കാരനും എതിരായി പ്രവർത്തിക്കുന്നവരെല്ലാം സ്വാർത്ഥരും പാപികളുമാണ്"**

സ്നേഹത്തിന് രൂപങ്ങളും ഭാവങ്ങളും ഉണ്ടാകാം. എന്നാൽ അടിസ്ഥാനപരമായി സ്നേഹം ത്യാഗമാണ്. ത്യാഗമാണ് നാം നമ്മുടെ കർത്താവിന്റെ ക്രൂശിൽ കാണുന്നത്. ത്യാഗസന്നദ്ധമല്ലാത്ത ജീവിതം ദുർബലവും അർത്ഥമില്ലാത്തതുമാണെന്നതിൽ സംശയമില്ല. സ്വന്ത പുത്രനേക്കാൾ ദൈവത്തെ സ്നേഹിച്ചതുകൊണ്ട് അബ്രഹാം സ്വന്തപുത്രനെ ബലികഴിക്കുവാൻ തയ്യാറായി. ക്രിസ്തു നമ്മെ സ്നേഹിച്ചു; ഇപ്പോഴും സ്നേഹിക്കുന്നു. ഈ ബോധമുള്ളവർക്ക് ഭയത്തിന്റെയോ ആകുലതയുടെയോ ആവശ്യമില്ല.

ദൈവം സ്നേഹമാകുന്നു. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നവൻ സമസൃഷ്ടികളെയും സ്നേഹിക്കും. സഹോദരരെ സ്നേഹിക്കാത്ത ഒരുവൻ ദൈവത്തെ സ്നേഹിക്കുന്നുവെന്നു പറയുന്നത് കള്ളമാണ്. കർത്താവിന്റെ ക്രൂശ് നല്കുന്ന സ്വഭാവം ദീർഘക്ഷമയുടേതാണ്. ദീർഘക്ഷമ ദൈവസ്നേഹത്തിന്റെ അടയാളമാണ്. കർത്താവിന്റെ രക്ഷാകരമായ സ്ലീബായുടെ പെരുന്നാൾ കൊണ്ടാടുന്ന നാം ക്രൂശിൽ കാണുന്ന നന്മകളെ ജീവിതത്തിൽ പകർത്തിയെടുത്ത് പരിപൂർണ്ണതയിലേക്കു വളരണം.

സ്ലീബാ പെരുന്നാളിനോടു ചേർന്ന് നമ്മുടെ പ. സഭയിലെ സ്ലീബാ ദാസ സമൂഹത്തിന്റെ വാർഷിക ആഘോഷങ്ങളും നാം നടത്താറുണ്ട്. ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമനസ്സുകൊണ്ട് ആരംഭിച്ച ഈ ആത്മീയപ്രസ്ഥാനത്തിൽ ധാരാളം കുടുംബങ്ങൾ അംഗങ്ങളായിട്ടുണ്ട്. അവരെ എല്ലാവരെയും ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിക്കുവാനുള്ള നമ്മുടെ ഉത്തരവാദിത്വം നാം വിസ്മരിക്കരുത്. ബലഹീനനായ നാം എല്ലാവർക്കുംവേണ്ടി ദൈവസന്നിധിയിൽ അഭയയാചന കഴിക്കുന്നുണ്ട്. സർവ്വേശ്വരൻ നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ!

ത്യാഗി ജോസഫ്



# പ. കന്യക മറിയാം രക്ഷാദൗത്യത്തിലെ നിത്യ കന്യക

പരിശുദ്ധ കന്യക മറിയത്തെ 'സഹോദരിയെന്നും' 'യേശുവിന്റെ അമ്മയെന്നും', തുടങ്ങി ആ സ്ഥാനത്തിന് ചേരാത്തതും ദൈവകല്പനയെ ലംഘിക്കുന്നതുമായ സംജ്ഞകളിലൂടെ ഇകഴ്ത്തി കാണിക്കാൻ ശ്രമിക്കുന്നവരുടെ വലയിൽ വീഴുന്ന സഭാ മക്കൾ അറിഞ്ഞിരിക്കേണ്ട വേദ സത്യങ്ങൾ നമ്മുടെ കണ്ണു തുറപ്പിക്കട്ടെ.

ക്രിസ്തീയ ദൈവശാസ്ത്രത്തിൽ പ: കന്യക മറിയത്തിന്റെ സ്ഥാനം അദ്വിതീയമാണ്. ലോകരക്ഷകനായ യേശുവിന്റെ ജനനവും, രക്ഷാ പദ്ധതിയും വേദഗ്രന്ഥത്തിൽ രേഖപ്പെടുത്തുമ്പോഴെല്ലാം മറിയയും പരോക്ഷമായോ , പ്രത്യക്ഷമായോ, വിഷയീഭവിക്കുന്നുണ്ട്. പ: കന്യക മറിയം രക്ഷയുടെ നിദാനമെന്ന് പുകഴ്ത്തുന്ന കാത്തോലിക്ക ദൈവ ശാസ്ത്രം മരിയൻ ശാസ്ത്ര ശാഖ തന്നെ വികസിപ്പിച്ച് മറിയത്തെ ഒരു ദേവതയുടെ സ്ഥാനത്തേയ്ക്ക് ഉയർത്തുന്നു. എന്നാൽ മറുവശത്ത്, പരിശുദ്ധന്മാരോടുള്ള മധ്യസ്ഥ പ്രാർത്ഥനയുടെ പ്രാധാന്യം കുറച്ചു വികലമായി ചിത്രീകരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി പ: കന്യക മറിയത്തിന്റെ സ്ഥാനത്തെ തമസ്ക്കരിക്കുവാൻ ബദ്ധപ്പെടുന്നു പ്രൊട്ടസ്റ്റന്റ് വിഭാഗക്കാർ.

രക്ഷാ പദ്ധതിയിൽ പ: കന്യകയുടെ സ്ഥാനം വേദപുസ്തകാടിസ്ഥാനത്തിൽ ഓർത്തഡോക്സ് സഭകൾ എപ്രകാരം മനസ്സിലാക്കുന്നു എന്നതാണ് ഈ പഠനത്തിന്റെ ഉദ്ദേശം.

“സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും” (ഉല്പ. 3:3) എന്ന പഴയ നിയമത്തിലെ പ്രഥമ സുവിശേഷ (Proto Evangelion) വും കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും (യശ്ശ: 7:14) എന്നുള്ള പ്രവചനവും മറിയ എന്ന കന്യകയിലേക്ക് വിരൽ ചൂണ്ടുന്നു. ദൈവസൃഷ്ടിയായ ആദമും ഹവ്വയും അല്ലാതെ മാനവകുലത്തിലെ സ്ത്രീ–പുരുഷന്മാരെല്ലാം സ്ത്രീയുടെ ഉദരത്തിൽ നിന്നും ഉരുവായവരാണ്. എന്നാൽ പ്രകൃതി നിയമങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു ജനനത്തെ കുറിക്കുന്ന പ്രസ്തുത പ്രവചനചുരുളുകൾ പുരുഷന്റെ പങ്കാളത്തമില്ലാതെ സ്ത്രീയിൽ നിന്നു മാത്രം ജനിക്കുന്ന ഒരു സന്തതി, അതും ഒരു കന്യകയുടെ മകനായി പിറക്കുന്ന ലോകരക്ഷിതാവിങ്കലേക്കുള്ള ദർശനം നൽകുന്നു. പഴയ നിയരത്തിലെ ഈ സ്ത്രീ–കന്യകാ സൂചനകൾ മഹത്തായ ഒരു സ്ത്രീയിലേക്ക് നയിക്കുന്ന വർണ്ണനകൾ ആണ്.

”അനേകം തരുണികൾ സാമർത്ഥ്യം കാണിച്ചിട്ടുണ്ട്. നീയോ അവരില്ലൊവരിലും ശ്രേഷ്ഠയായിരിക്കുന്നു” (സദൃശ്യ 31:27) എന്നത് പ: കന്യമറിയത്തിൽ അന്വർത്ഥമായിരിക്കുന്നതുകൊണ്ടാണല്ലോ. ”എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും” (വി, ലൂക്കോസ് 1:48) എന്ന പ്രവചന തുല്യമായ വാക്കുകൾ മറിയം ഉച്ചരിക്കുന്നത്. പരിശുദ്ധ ത്രിത്വത്തിന്റെ രക്ഷാ പദ്ധതി മാനവചരിത്രത്തിൽ ഭാഗമാക്കുന്നതിനായുള്ള തിരഞ്ഞെടുപ്പിൽ സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ എന്ന സ്വർഗ്ഗത്തിന്റെ അംഗീകാരവും, മുദ്രയും ലഭിച്ച ഏക സ്ത്രീരത്നം.

”വിശുദ്ധ പ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും” (വി, ലൂക്കോസ് 1:35) എന്ന് മാലാഖ അരുളി ചെയ്ത വചനത്തിലൂടെ ഒരു അമ്മയ്ക്കു ലഭിക്കുന്ന ശ്രേഷ്ഠമായ

സ്ഥാനമഹിമയിലേക്കുള്ള പ്രവേശനം കൂടിയാണെന്ന് പരിശുദ്ധാത്മാവ് തെളിയിക്കുന്നു. അത്യുന്നതന്റെ ശക്തി വഹിക്കുന്ന മറിയയുടെ വന്ദന സ്വരം എലിസബത്തിനെ പരിശുദ്ധാത്മ പ്രേരിതയാക്കി. മാതൃതുല്യയായ ആ മഹതി ചെറുമകളുടെ പ്രായം മാത്രം ഉള്ള മറിയയെ "കർത്താവിന്റെ അമ്മ" (വി. ലൂക്കോസ് 1:41) എന്ന് വിളിച്ചു ബഹുമാനിച്ച് നമുക്ക് മാതൃക കാട്ടി തന്നു. കന്യകമറിയം ദൈവമാതാവെന്ന് അന്നുമുതൽ സഭയും ഏറ്റുപറഞ്ഞു (വി. യോഹ. 19:27) യോഹന്നാനെ പ്രിയമാതാവിന്റെ ഉത്തരവാദിത്വം ഏൽപ്പിക്കുമ്പോൾ യേശുവിന്റെ അമ്മ, ഒരോ ക്രിസ്ത്യാനിക്കും ആത്മീയ മാതാവാകുകയാണ്. ഈ ലോകത്തിനു കർത്താവിന്റെ മറ്റൊരു ദാനം.

പരിശുദ്ധ കന്യക മറിയത്തെ 'സഹോദരിയെന്നും' 'യേശുവിന്റെ അമ്മ'യെന്നും, തുടങ്ങി ആ സ്ഥാനത്തിന് ചേരാത്തതും ദൈവകല്പനയെ ലംഘിക്കുന്നതുമായ സംജ്ഞകളിലൂടെ ഇകഴ്ത്തി കാണിക്കാൻ ശ്രമിക്കുന്നവരുടെ വലയിൽ വീഴുന്ന സഭാ മക്കൾ അറിഞ്ഞിരിക്കേണ്ട വേദ സത്യങ്ങൾ നമ്മുടെ കണ്ണു തുറപ്പിക്കട്ടെ.

### I. യേശു മറിയയുടെ ആദ്യ ജാതൻ (വി. ലൂക്കോ. 2:7)

പ. കന്യക മറിയത്തിന് യേശുവിന്റെ ജനനത്തിനുശേഷം മറ്റു സന്താനങ്ങൾ ഉണ്ടായി, അങ്ങനെ യേശുവിനു സഹോദരങ്ങൾ ഉണ്ടായിരുന്നു എന്നതിന്റെ സൂചനയായിട്ടാണ് സുവിശേഷകൻ ഈ പദം ഉപയോഗിച്ചിരിക്കുന്നതെന്ന വികലമായി വ്യാഖ്യാനിക്കുന്ന നവീകരണ വക്താക്കൾ ഉണ്ട്.

അഹറോന്റെ പൗരോഹിത്യ സ്ഥാപനത്തിനു മുമ്പ് തന്നെ കടിഞ്ഞൂലുകളായ ആദ്യ ജാതന്മാരെ സംബന്ധിച്ച് യഹോവ ഇസ്രായേലിന് നിയമം നൽകി. ഇസ്രായേൽ മക്കളുടെ ഇടയിൽ മനുഷ്യരിലും, മൃഗങ്ങളിലും കടിഞ്ഞൂലായി പിറക്കുന്നതിനെ ഒക്കെയും എനിക്കായി ശുദ്ധീകരിക്ക അത് എനിക്കുള്ളതാകുന്നു (പുറ 13:2) അങ്ങനെ എല്ലാ ആദ്യജാതൻമാരും യഹോവയ്ക്ക് സമർപ്പിതമായിരിക്കണം.

രണ്ടോ, അതിലധികമോ സന്താനങ്ങളുള്ളവരിൽ ആദ്യപുത്രൻ എന്നർത്ഥത്തിലല്ല മറിച്ച് മൃഗങ്ങൾക്കോ, മനുഷ്യർക്കോ മറ്റൊരു സന്തതി ജനിച്ചാലും ഇല്ലെങ്കിലും ഒരു സ്ത്രീയുടെ ഗർഭപാത്രത്തിലെ ആദ്യഫലം എന്നർത്ഥത്തിൽ ആണ് ആദ്യജാതൻ എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. ഉദാ:- കടിഞ്ഞൂലായ ആണൊക്കെയും കർത്താവിന് വിശുദ്ധമായിരിക്കണം. (വി, ലൂക്കോസ് 2:23-24 പുറ 13:2) എന്നുള്ള മോശയുടെ ന്യായപ്രമാണം അനുസരിച്ച്, ജനിച്ച് 40-ാം ദിവസം ആദ്യ ജാതനായ യേശുവിനെ ദേവാലയത്തിൽ അർപ്പിച്ചു. യേശുവിന് മറ്റു സഹോദരങ്ങൾ ഉണ്ടായതുകൊണ്ടല്ലല്ലോ യേശു ആദ്യ ജാതനെന്ന് വിളിക്കപ്പെട്ടത് പകരം മറിയയുടെ ഗർഭപാത്രത്തിന്റെ ആദ്യഫലം എന്ന നിലയിൽ ആണ്.

"അപ്പോൾ സിംഹാസനത്തിൽ ഇരിക്കുന്ന ഫറവോന്റെ ആദ്യ ജാതൻ മുതൽ തിരികല്ലിങ്കിൽ ഇരിക്കുന്ന ദാസിയുടെആദ്യ ജാതൻ വരെയും , മിസ്രയിംദേശത്തുള്ള കടിഞ്ഞൂൽ ഒക്കെയും, മൃഗങ്ങളുടെ എല്ലാ കടിഞ്ഞൂലും ചത്തു പോകും' (പുറ : 11:5) മിസ്രയിമീൽ കടിഞ്ഞൂൽ സംഹാരം നടത്തിയപ്പോൾ ആദ്യജാതൻമാരെ സംഹരിച്ചത് അവർക്ക് ഇളയ സഹോദരങ്ങൾ ഉണ്ടോ ഇല്ലയോ എന്നു നോക്കിയല്ല എന്നു മനസ്സിലാക്കാൻ പ്രയാസമുണ്ടാവില്ല. "തന്റെ ഏക ജാതനായ മകനെ ലോകത്തിന്.........." (യോഹ 3:16) ഏക മകൻ, ആദ്യജാതനും ആണ്. "Every only son is a first born, but not every first born is an only son" ആകയാൽ ആദ്യജാതൻ എന്നാൽ അതിനുമുമ്പ് മക്കളില്ലായിരുന്നു എന്നു സൂചിപ്പിക്കുന്നതിനാണ്. അതിനുശേഷം മക്കളുണ്ടായി എന്ന തരത്തിലല്ല എന്നു വ്യക്തമാക്കുന്നു.

### II. നിന്റെ ഭാര്യയെ ചേർത്തു പിടിച്ചു കൊള്ളുക (വി.മത്തായി 1:25)

യഹൂദ പാരമ്പര്യത്തിൽ വിവാഹ നിശ്ചയം കഴിഞ്ഞ കന്യകമാരെയും ഭാര്യയെന്ന് വിളിച്ചിരുന്നു. നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊള്ളാൻ ശങ്കിക്കേണ്ടാ (മത്തായി 1: 20) എന്നതിൽ നിന്നും, വിവാഹ നിശ്ചയം കഴിഞ്ഞ് കന്യകയായ മറിയം ജോസഫിന്റെ ഭാര്യ എന്നറിയപ്പെട്ടിരിന്നുവെങ്കിലും, അവർ ഭാര്യ ഭർത്താക്കന്മാരായി ജീവിച്ചു എന്നർത്ഥത്തിലല്ല ഈ പദം ഉപയോഗിച്ചിരിക്കുന്നത്.

യഹൂദ നിയമങ്ങൾ വിവാഹിതയ്ക്കും, വിവാഹ നിശ്ചയം കഴിഞ്ഞ കന്യകയ്ക്കും ഒരു പോലെ ബാധകമായിരുന്നു. എന്നാൽ വിവാഹ നിശ്ചയം കഴിയാത്ത കന്യകമാർക്ക് നിയമം മറ്റൊന്നായിരുന്നു (ആവ 22:23-26) ഇതിൽ പ്രതിപാദിച്ചിരിക്കുന്ന നിയമം ഭർത്തൃമതിക്കും വിവാഹ നിശ്ചയം കഴിഞ്ഞ കന്യകയ്ക്കും ഒരുപോലെ നിർവ്വചിച്ചിരിക്കുന്നു. ഭർത്തൃവഞ്ചനയായ വ്യഭിചാരകുറ്റം എന്നാൽ കന്യകയെ സംബന്ധിച്ചുള്ളത് അവളുടെ സംരക്ഷണത്തിനായും നിലകൊള്ളുന്നു. നരനിൽ നിന്നും ആദ്യ സ്ത്രീയെ സൃഷ്ടിച്ചപ്പോൾ സ്ത്രീത്വത്തിന്റെ പ്രതീകമായി നാരിയെന്നും (ഉല്പ 2:23) മാതൃത്വത്തിന്റെ പ്രതീകമായി നാരിയെ ഹവ്വായെന്നും (ഉല്പ: 320) (അവൾ ജീവനുള്ളവർക്കെല്ലാം മാതാവല്ലോ.) നാമകരണം ചെയ്തിരിക്കുന്നു. മറിയം യൗസേഫിന്റെ ഭാര്യയെന്ന് അറിയപ്പെട്ടതുകൊണ്ട് മാത്രം അവളുടെ കന്യകത്വത്തിന് വിഘ്നം സംഭവിച്ചു എന്നർത്ഥമില്ല. വിവാഹ കർമ്മത്തിലൂടെ ഒരു പുരുഷന്റെ ഭാര്യയായി തീർന്നിട്ടില്ലാത്ത മറിയം, പരിശുദ്ധാത്മാവിനാൽ ഗർഭിണിയായിരിക്കുന്ന അവസ്ഥയിൽ, മോശൈകന്യായ പ്രമാണ പ്രകാരം വ്യഭിചാര കുറ്റത്തിന് കല്ലെറിഞ്ഞു കൊല്ലപ്പെടും എന്നു ഉള്ളതിനാൽ, യൗസേഫിന്റെ ഭാര്യ എന്ന മേൽവിലാസത്തിൽ അവൾക്ക് ലഭിക്കേണ്ട സംരക്ഷണം നൽകുകയാണീ വാക്യ ത്തിലൂടെ ദൈവം

നൽകുന്നത്. അതുകൊണ്ട് തന്നെ ശിശുവിന്റെ ജനനം വരെയുള്ള സന്ദർഭങ്ങളിലെ സ്വർഗ്ഗീയ സന്ദേശങ്ങളിൽ മറിയം യൗസേഫിന്റെ ഭാര്യയായി തന്നെ വിശേഷിപ്പിക്കപ്പെട്ടു. മറിയയെ ചേർത്തുകൊള്ളുക എന്നാൽ നിന്റെ വീട്ടിൽ പൂർണ്ണ സംരക്ഷണം നൽകുക എന്നർത്ഥമാക്കുന്നു എന്ന് ആ നാഴിക മുതൽ ആ ശിഷ്യർ അവളെ തന്റെ വീട്ടിൽ കൈകൊണ്ട് (യോഹ: 19:12) യോഹന്നാൻ ശ്ലീഹാ അന്നുമുതൽ പ: കന്യക മറിയത്തെ തന്റെ ഭവനത്തിൽ സംരക്ഷിച്ചു എന്നർത്ഥമെന്ന് നാം മനസ്സിലാക്കുന്നു.

മറ്റൊരു സവിശേഷത കാണുന്നത്, യേശുവിന്റെ ജനനത്തിന് ശേഷം ഉള്ള സന്ദേശങ്ങളിൽ ഒരു ഭാഗത്തും മറിയയെ യൗസേഫിന്റെ ഭാര്യാ പദവിയിൽ വിശേഷിപ്പിക്കുന്നതായി കാണുന്നില്ല. നീ എഴുന്നേറ്റ് ശിശുവിനേയും അമ്മയേയും കൂട്ടികൊണ്ട് (വിശുദ്ധ മത്തായി 2:13, 20) പോകാൻ പറയുന്നതല്ലാതെ ഭാര്യയെയും മകനെയും കൂട്ടികൊണ്ട് പോകാനുള്ള നിർദ്ദേശം നൽകുന്നില്ല. തുടർന്നുള്ള രംഗങ്ങളിൽ അവൻ എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടിക്കൊണ്ട് പോയി എന്നു കാണുന്നു. (മത്തായി 2:14, 21) പുത്രനെ പ്രസവിച്ചതിനുശേഷം യൗസേഫിനോടും മറിയയെ അമ്മയായി കാണുവാനാണ് നിർദ്ദേശം.

## III. ആദ്യജാതനെ പ്രസവിക്കുവോളം (വരെ) അവൻ അവളെ പരിഗ്രഹിച്ചില്ല (വി. മത്തായി 1:25)

ആദ്യജാതനായ യേശുവിന്റെ ജനനത്തിനുശേഷം യൗസേഫും, മറിയയും, ഭാര്യാ, ഭർത്താക്കന്മാരായി ജീവിച്ചു എന്നർത്ഥം നൽകുന്നവരുണ്ട്. എന്നാൽ ഇതേപദം വി. വേദപുസ്തകത്തിൽ മറ്റു സ്ഥലങ്ങളിൽ ഉപയോഗിച്ചിരിക്കുന്നത് ശ്രദ്ധിച്ചാൽ ഈ വാദത്തിൽ പ്രസക്തിയില്ലെന്ന് ബോദ്ധ്യമാകും

എ) എന്നാൽ ശൗലിന്റെ മകൾ മീഖളിനു ജീവപര്യന്തം ഒരു കുട്ടിയും ഉണ്ടായില്ല. ( 2 ശമുവേൽ 6:23) എന്നു പറഞ്ഞാൽ മരിച്ചതിനുശേഷം കുട്ടിയുണ്ടായി എന്ന് അർത്ഥം പറയില്ലല്ലോ.

ബി) ഞാനോ ലോകവസാനത്തോളം നിങ്ങളോടുകൂടിരിക്കും (മത്തായി 28:20)



**മറിയയെ ചേർത്തുകൊള്ളുക എന്നാൽ നിന്റെ വീട്ടിൽ പൂർണ്ണ സംരക്ഷണം നൽകുക എന്നർത്ഥമാക്കുന്നു എന്ന് ആ നാഴിക മുതൽ ആ ശിഷ്യർ അവളെ തന്റെ വീട്ടിൽ കൈകൊണ്ട് (യോഹ: 19:12) യോഹന്നാൻ ശ്ലീഹാ അന്നുമുതൽ പ: കന്യക മറിയത്തെ തന്റെ ഭവനത്തിൽ സംരക്ഷിച്ചു എന്നർത്ഥമെന്ന് നാം മനസ്സിലാക്കുന്നു.**

ലോകവസാനം കഴിഞ്ഞ് പിന്നീട് യേശു ഉണ്ടാവില്ല എന്നർത്ഥം കൊടുക്കില്ലല്ലോ.

സി) ഞാൻ നിന്റെ ശത്രുക്കളെ പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്തിരിക്ക (സങ്കീ 110:1) അതിനുശേഷം എഴുനേറ്റുപോയ് ക്കൊള്ളുക എന്ന് അർത്ഥമില്ലല്ലോ. ശിശുവിനെ കുറിച്ചുള്ള സന്ദേശങ്ങൾ, മാലാഖമാരുടെ സന്ദർശനം, ആട്ടിടയന്മാരുടെ സന്ദേശം, ശിശു, ലോകരക്ഷകനാണെന്നുള്ള തിരിച്ചറിവ് ഇവയെല്ലാം ദൈവിക രക്ഷാ പദ്ധതിയുടെ ഭാഗമായി മറിയയിലൂടെ നിർവ്വഹിക്കുന്ന കാര്യങ്ങളാണെന്നു നേരിൽ അനുഭവിച്ച യൗസേഫ് മറിയയോടുള്ള സമീപനം എത്ര ആദരവോടെ നിർവ്വഹിച്ചു എന്നു മനസ്സിലാക്കാവുന്നതേയുള്ളു.

## IV. അവന്റെ സഹോദരങ്ങൾ എന്ന പ്രയോഗം

എബ്രായ സാഹിത്യത്തിൽ സഹോദരങ്ങൾ എന്ന പദത്തിന് വിപുലമായ അർത്ഥം കാണുന്നു. അകത്തും അടുത്തും ഉള്ള ബന്ധുക്കൾക്കും, സഹോദരമക്കൾക്കും സഹോദരങ്ങൾ എന്ന പദത്തിനുള്ളിൽ സ്ഥാനം നൽകിയിരുന്നു. ഒന്നു രണ്ട് ഉദാഹര ണങ്ങൾ.

എ. യാക്കോബും, അമ്മാവൻ ലാബനും (ഉല്പ 29:10–12)

താൻ അവളുടെ അപ്പന്റെ സഹോദരനെന്നും, റിബക്കയുടെ മകനെന്നും യാക്കോബ് റാഹേലിനോട് പറഞ്ഞു. ഇവിടെ അമ്മാവനെ സഹോദരൻ എന്നാണ് വിളിക്കുന്നത്.

പിന്നെ ലാബൻ യാക്കോബിനോട് "നീ എന്റെ സഹോദരനാകകൊണ്ട് വെറുതേ എന്നെ സേവിക്കണമോ" അനന്തിരവനെ സഹോദരനെന്ന് വിളിച്ചിരിക്കുന്നു.

ബി) അബ്രഹാമും ലോത്തും

ലോത്ത് അബ്രഹാമിന്റെ സഹോദരപുത്രനെന്ന് രേഖപ്പെടുത്തിയിരിക്കുന്നു (ഉല്പ 11:31) തന്റെ സഹോദരനെ ബന്ധനസ്ഥനാക്കി കൊണ്ട് പോയി എന്നു അബ്രഹാം കേട്ടപ്പോൾ (ഉല്പ 14:14) എന്നാണ് ഈ ഭാഗത്ത് പറഞ്ഞിരിക്കുന്നത്.

മേൽ ഉദ്ധരിച്ച ഉദാഹരണങ്ങൾ വ്യക്തമാക്കുന്നത് സഹോദരൻ (ങ്ങൾ) എന്ന പദ പ്രയോഗത്തിലൂടെ ഒരാളുടെ ഏറ്റവും അടുത്ത ബന്ധുക്കളെയും അക്കാലത്ത് അറിഞ്ഞിരുന്നുവെന്നും, അവർ ഒരേ മാതാപിതാക്കളുടെ മക്കൾ എന്നർത്ഥത്തിലല്ല എന്നും വ്യക്തമാകുന്നു.

അങ്ങനെയെങ്കിൽ പുതിയ നിയമത്തിൽ യേശുവിന്റെ സഹോദരങ്ങൾ എന്നു പറഞ്ഞിരിക്കുന്നവർ ആരായിരിക്കും.

**വി. മത്തായി 13:55, 56 വി. മർക്കോസ് 6: 1–3**

ഇവൻ തച്ചന്റെ മകനല്ലയോ? ഇവന്റെ അമ്മ മറിയ എന്നവളല്ലോ? ഇവന്റെ സഹോദരന്മാർ യാക്കോബ്, യോസെ, ശിമോൻ, യൂദാ എന്നിവർ അല്ലയോ? ഇവന്റെ സഹോദരിമാർ എല്ലാം നമ്മോടുകൂടെയില്ലയോ? വി. മത്തായി 13: 55–56, വി. മർക്കോസ് 6:1–3) കർത്താവിന്റെ സഹോദരൻ യാക്കോബിനെ താൻ കണ്ടുവെന്ന് പൗലോസ് ശ്ലീഹാ പറയുന്നു (ഗലാത്യ 1: 19) സെബദി പുത്രന്മാരിലെ യാക്കോബിൽ നിന്നും വേറിട്ട് അറിയുന്നതിനായി ചെറിയ യാക്കോബെന്ന് ഇദ്ദേഹം അറിയപ്പെട്ടിരുന്നു (വി. മർക്കോ 15:40) അൽഫായിയുടെ മകൻ യാക്കോബെന്ന് പന്ത്രണ്ട് ശിഷ്യന്മാരിൽ ഒരുവനായി ഇദ്ദേഹം അറിയപ്പെടുന്നു (വി. മത്തായി 10: 3) ഇവരാരും പരിശുദ്ധ കന്യക മറിയയുടെയോ, യൗസേഫിന്റെയോ ആദ്യ വിവാഹത്തിലെയോ മക്കളോ അല്ലെന്നും സുവിശേഷ രചയിതാക്കൾ വ്യക്ത മാക്കുന്നുണ്ട്.

അവരിൽ മഗ്ദലകാരത്തി മറിയയും, യാക്കോബിന്റെയും, യോസയുടെയും അമ്മയായ മറിയയും, സെബദി പുത്രന്മാരുടെ (വി, മത്താ. 27:55,56) യേശുവിന്റെ ക്രൂശിനരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലെയോഫായുടെ ഭാര്യ മറിയയും, മഗ്ദലക്കാരത്തി മറിയയും നിന്നിരുന്നു. (യോഹ 19:25) ശബത്തു കഴിഞ്ഞ ശേഷം മഗ്ദലക്കാരത്തി മറിയയും യാക്കോബിന്റെ അമ്മ മറിയയും ശലോമിയും ചെന്ന് (മർക്കോ. 16:1) യാക്കോബിന്റെയും യോസയുടെയും അമ്മ മറിയയും പരിശുദ്ധ കന്യക മറിയവും ഒരാളല്ലെന്നും, യേശുവിന്റെ മാതാവായ മറിയയുടെ സഹോദരി മറിയയാണെന്നും ഈ ഭാഗങ്ങൾ വ്യക്തമാക്കുന്നു. യേശുവിന്റെ സഹോദരങ്ങളായി പറയപ്പെടുന്ന ഇവർ അകന്ന ബന്ധുക്കളായ സഹോദരങ്ങൾ എന്ന് തെളിവാക്ക പ്പെട്ടിരിക്കുന്നു.

ചുരുക്കത്തിൽ പ: കന്യക മറിയത്തിന് യേശു അല്ലാതെ മറ്റു മക്കൾ ഉണ്ടായിരുന്നില്ല എന്നുള്ള സഭയുടെ വിശ്വാസം വേദപുസ്തകപരമായി ശരിയെന്നു തെളിയിക്കുന്നു.

1. മറ്റു മക്കൾ ഉണ്ടായിരുന്നുവെങ്കിൽ യോഹന്നാന്റെ സംരക്ഷണയിൽ മറിയയെ ഏൽപ്പിക്കുകയില്ലായിരുന്നു.

2. മിസ്രയിമിലേക്കും തിരികെയും ഉള്ള യാത്രയിൽ മറ്റു കുട്ടികൾ ഉണ്ടായിരുന്നതായി എവിടെയും പരാമർശിക്കുന്നില്ല. (വി. മത്തായി 2: 14, 20, 21) 12–ാം വയസ്സിൽ യരുശലേമിലേക്കുള്ള യാത്രയിലോ, മടക്കയാത്രയിലോ യേശു അല്ലാതെ മറ്റു മക്കളെ ക്കുറിച്ചുള്ള യാതൊരു സൂചനയും നൽകുന്നില്ല. ( ലൂക്കോ 2: 43)

3.യൗസേഫിന്റെ ആദ്യ വിവാഹത്തിലെ മക്കളാണിവരെന്നുള്ള പാരമ്പര്യ വാദത്തിലും കഴമ്പില്ലെന്ന് സുവിശേഷ ഭാഗങ്ങൾ തന്നെ മുകളിൽ വ്യക്ത മാക്കിയിരിക്കുന്നു. ഇതെല്ലാം കാണിക്കുന്ന പരമാർത്ഥം പരിശുദ്ധ കന്യകമറിയം നിത്യ കന്യകയും രക്ഷക്കുറ വിടവുമാണെന്നാണ് പ്രവാചകനായ യെഹസ്ക്കിയേൽ വ്യക്തമാക്കുന്ന പ്രകാരം കിഴക്കോട്ട് ദർശനമുള്ള ഗോപുരത്തിലേക്ക് മടക്കി കൊണ്ടുവന്നു എന്നാൽ അത് അടച്ചിരുന്നു. അപ്പോൾ യഹോവ എന്നൊടരുളി ചെയ്തത് ഈ ഗോപുരം തുറക്കാതെ അടച്ചിരിക്കണം. ആരും അതിൽ കൂടെ കടക്കരുത്. യിസ്രായേലിന്റെ ദൈവമായ യഹോവ അതിൽ കൂടെ അകത്തു കടന്നതുകൊണ്ട് അത് അടച്ചിരിക്കണം. (യെഹ. 44:2)

ഈ ഗോപുര വാതിൽ കന്യക മറിയത്തിന്റെ ഗർഭപാത്രമാണ്. അതിലൂടെ ദൈവപുത്രൻ കടന്നുപോയതുകൊണ്ട് അത് മറ്റൊരു ജന്മത്തിനായി തുറക്കില്ലെന്നുള്ള മുൻകൂട്ടിയുള്ള പ്രവചനമാണ് കന്യകമറിയമിൽ നിവർത്തിയായിരിക്കുന്നത്.

■


## പിതാക്കന്മാരുടെ ഓർമ്മ

***84–ാം ഓർമ്മ സെപ്റ്റം. 23***

***10–ാം ഓർമ്മ സെപ്റ്റം. 28***



അൽവാറീസ് മാർ യൂലിയോസ് (പിഞ്ചിം സെ. മേരീസ് പള്ളി, ഗോവ)



ഫീലിപ്പോസ് മാർ തെയോഫിലോസ് (ആലുവ തൃക്കുന്നത്ത് സെമിനാരി)

# സ്വാശ്രയ പ്രശ്നവും ചർച്ച് പൊളിറ്റിക്സും

**ബിനോസ് തോമസ് കണ്ണാട്ട്**

> ഒരോ പള്ളികളും കേന്ദ്രീകരിച്ച് നടക്കുന്ന ഗ്രൂപ്പുപ്രവർത്തനങ്ങളും ചേരിപ്പോരും തെരുവുകളിലേക്കെത്തിയിരിക്കുന്നു. ചർച്ച് പൊളിറ്റിക്സ് എന്ന വാക്കിന് വിശ്വാസികൾക്കിടയിലുള്ള പ്രചാരം തന്നെ പള്ളിപ്പറമ്പ് രാഷ്ട്രീയം താഴേത്തട്ടിലേക്ക് വ്യാപിച്ചിരിക്കുന്നു എന്നതിനു തെളിവാണ്.

വിശുദ്ധ ബൈബിളിൽ മത്തായിയുടെ സുവിശേഷം ഇങ്ങനെ പറയുന്നു:

"യേശു ദേവാലയത്തിൽ ചെന്നു. ദേവാലയത്തിൽ വില്ക്കുന്നവരെയും കൊള്ളുന്നവരെയും എല്ലാം പുറത്താക്കി. പൊൻവാണിഭക്കാരുടെ മേശകളെയും പ്രാവുകളെ വിൽക്കുന്നവരുടെ പീഠങ്ങളെയും മറിച്ച് കളഞ്ഞു അവരോടു: എന്റെ ആലയം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്നു എഴുതിയിരിക്കുന്നു. നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർക്കുന്നു എന്നു പറഞ്ഞു."

വി. മത്തായി 21 :12–14

സംസ്ഥാന സർക്കാർ അവതരിപ്പിച്ച സ്വാശ്രയ നിയമത്തിനെതിരെ ചില സഭാ മേലധ്യക്ഷന്മാർ പ്രക്ഷോഭത്തിന് ആഹ്വാനം ചെയ്തിരിക്കുന്ന സാഹചര്യത്തിലാണ് മേലുദ്ധരിച്ച വി. ബൈബിൾ വചനം നാം ഓർത്തുപോവുന്നത്. ക്രിസ്തു എന്നാൽ സ്നേഹവും കാരുണ്യവുമാണ്. എന്നാൽ അനീതികളോട് കാരുണ്യം കാട്ടാത്തവനാണ് ക്രിസ്തു എന്ന് മേലുദ്ധരിച്ച വചനം സാക്ഷ്യപ്പെടുത്തുന്നു. ഉന്നത വിദ്യാഭ്യാസം ലാഭക്കൊതിയന്മാരുടെ കച്ചവടച്ചരക്കാകുമ്പോൾ സാധാരണക്കാരായ വിശ്വാസികൾ ഞെട്ടുകയാണ്.

അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും എന്റെയടുക്കലേക്ക് വരിക എന്ന വചനത്തിലൂടെ അനുകമ്പയുടെയും കരുതലിന്റെയും വഴി തുറന്നിട്ടിരിക്കുകയാണ് യേശുദേവൻ. അധ്വാനിക്കുന്നവന്റെയും പാവപ്പെട്ടവന്റെയും കുട്ടികളുടെ മുമ്പിൽ ഏതു സ്വാശ്രയ വിദ്യാലയത്തിന്റെ കവാടങ്ങളാണ് തുറക്കുക?

സ്വാശ്രയനിയമം സമഗ്രമല്ല. മറ്റേത് നിയമത്തിലുമെന്നപോലെ എതിർക്കപ്പെടേണ്ടതും അവ്യക്തതനിറഞ്ഞതുമായ ചില കാര്യങ്ങൾ ബില്ലിലുണ്ടെന്നു സൂക്ഷ്മപരിശോധനയിൽ വ്യക്തമാകും. എന്നാൽ നിയമത്തിന്റെ ഉദ്ദേശ്യശുദ്ധിയെ ആർക്ക് എതിർക്കുവാൻ കഴിയും?

1957 ലെ ആദ്യ ഇ.എം.എസ് സർക്കാരിലെ വിദ്യാഭ്യാസമന്ത്രി പ്രൊഫ. ജോസഫ് മുണ്ടശ്ശേരി അവതരിപ്പിച്ച ചരിത്രപ്രസിദ്ധമായ വിദ്യാഭ്യാസബില്ല് ഇതുമായി ചേർത്ത് വായിക്കണം. 39 വകുപ്പുകളും മൂന്ന് ഉപവകുപ്പുകളുമുള്ള ഈ ബില്ല് 1957 ജൂലൈ 7 നാണ് പ്രസിദ്ധപ്പെടുത്തിയത്. സെപ്തംബർ 2 ന് നിയമസഭ ഇത് പാസ്സാക്കുകയും ചെയ്തു. സ്വകാര്യ സ്കൂൾ അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ ക്ലിപ്തപ്പെടുത്തിയ ഈ ബില്ല് സുപ്രീംകോടതി തന്നെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി. ബില്ല് പൂർണ്ണമായും നടപ്പിലായില്ല. ഉദാഹരണത്തിനായി 11-ാം വകുപ്പ് അധ്യാപക നിയമനം പി.എസ്.സി നൽകുന്ന ലിസ്റ്റിൽ നിന്ന് നടത്തണമെന്നത് 1960-ഓടെ ഉപേക്ഷിക്കപ്പെട്ടു. എന്നാൽ സുപ്രീംകോടതിയും ഈ വകുപ്പ്

ന്യൂനപക്ഷാവകാശ ലംഘനമായി പരിഗണിച്ചി ല്ലെന്നോർക്കണം. വിദ്യാഭ്യാസ ബില്ല് പാസ്സായിട്ട് ഇപ്പോൾ നാലു ദശാബ്ദത്തോളമായി. ഇത്രയും നാളത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ കേരള വിദ്യാഭ്യാസമഖലയെ സമഗ്രമായി പരിഷ്കരിച്ച നിയമമാണിതെന്ന് ബില്ലിന്റെ അന്നത്തെ ശത്രുക്കളാൽപോലും വിലയിരുത്തപ്പെടുന്നു. ബില്ലിനെ തിരെ അന്നു വിശ്വാസികൾ നടത്തിയ വിമോചന സമരങ്ങൾക്കാവശ്യമായ പണവും ബുദ്ധിപരവുമായ ഉപദേശവുമെല്ലാം നൽകിയത് അമേരിക്കൻ ചാരസംഘടനയായ സി.ഐ.എ ആണെന്ന് അക്കാലത്തെ ഇന്ത്യയിലെ അമേരിക്കൻ അംബാസഡറായിരുന്ന പാട്രിക് മൊയ്നിഹാൻ വെളിപ്പെടുത്തിയിട്ടുണ്ട്. നേർവഴികളിൽ നല്ല ഇടയന്മാരാകേണ്ടവർ തെറ്റിദ്ധാരണയുടെയും സാർത്ഥതയുടെയും പേരിൽ തങ്ങളുടെ അജഗണങ്ങളെ നയിച്ചവഴികളിലെ ദൈവനിഷേധം ഇന്ന് നമ്മെ ഞെട്ടിക്കുന്നു. സ്വാശ്രയ കോളേജ് പ്രശ്നത്തിലെ സഭാ നേതൃത്വത്തിന്റെ നിലപാടുകൾ പഴയതെറ്റുകളിലേക്കുള്ള മടക്കമാണോ എന്നു സഭാവിശ്വാസികൾ സംശയിച്ചാൽ അവരെ കുറ്റം പറയാനാകുമോ? ഇതിന്റെപേരിൽ ഭാവിയിലെന്നെങ്കിലും 'മിയാകൾപ്പാ...മിയാകൾപ്പാ'- എന്റെ പിഴ എന്റെ പിഴ- എന്ന് ഏറ്റുപറഞ്ഞ് പൊതുസമൂഹത്തോട് മാപ്പിരക്കേണ്ടിവരുമെന്നത് തീർച്ചയാണ്.

മതസമൂഹങ്ങൾ, പ്രത്യേകിച്ച് ന്യൂനപക്ഷ സമുദായങ്ങൾ, ആരോഗ്യ വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങിയവ ചരിത്രപശ്ചാത്തലം പരിശോധിക്കുന്നത് ഈ അവസരത്തിൽ ഉചിതമായിരിക്കും. ശൂദ്രമക്ഷര സംയുക്തേ എന്ന മനുവാക്യം പിൻപറ്റി അധഃകൃതന് അക്ഷരം നിക്ഷേധിക്കപ്പെട്ട ഒരു സമൂഹത്തിലേക്കാണ് വിശുദ്ധ തോമാശ്ലീഹാ ക്രിസ്തുവിന്റെ സ്നേഹ സന്ദേശവുമായി വന്നിറങ്ങിയത്. ഫ്യൂഡൽ സംവിധാനത്തിന്റെ കർക്കശപീഢനമുറകളും അയിത്തവും ജാതികോയ്മകളും കേരളം ഭരിച്ചിരുന്ന ഈ ചുറ്റുപാടിലാണ് എല്ലാ മനുഷ്യരെയും ഒന്നായി കാണാൻ പഠിപ്പിച്ച ക്രിസ്തുമതം വേരൂന്നത്. വിദ്യാഭ്യാസവും ആരോഗ്യപ്രവർത്തനവും ദൈവവേലതന്നെയായി കണ്ട് സമർപ്പിതമനസ്കരായ മിഷണറിമാരും പ്രേഷിതപ്രവർത്തകരും കേരളത്തിൽ വിദ്യാലയങ്ങളും ആതുരാലയങ്ങളും സ്ഥാപിച്ചുകൊണ്ട് ജനഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടി. അറിവിന്റെ വഴിയിലൂടെ ആത്മീയാനുഭവം പകരാൻ, ഒപ്പം കൂടുതൽ മനോഹരവും മൂല്യധിഷ്ഠിതവുമായ ഭൗതിക ജീവിതം ഉറപ്പാക്കാനുള്ള ശ്രമമായിട്ടാണ് അന്നു വിദ്യാലയങ്ങൾ തുറന്നത്. ജനായത്തഭരണം സ്ഥാപിതമായതോടെ മത-ഭാഷാ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ സാമൂഹ്യപുരോഗതി ഉറപ്പാക്കാൻ ഭരടണഘടനാപരമായ വ്യവസ്ഥകളുണ്ടായി. എന്നാൽ പിൽക്കാലത്ത് ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഭരണപരമായ അരാജകത്വത്തിന്റെയും മാനേജർമാരുടെ തന്നിഷ്ട ത്തിന്റെയും സാമ്പത്തിക അഴിമതിയുടെയും കേന്ദ്രങ്ങളായതോടെയാണ് ഇവയെ നിയന്ത്രിക്കാൻ 1957 ലെ സർക്കാർ നിയമം കൊണ്ടുവന്നത്. സഭാ സ്ഥാപനങ്ങളിലുൾപ്പെടെ അധ്യാപകനിയമനങ്ങൾക്ക് ലക്ഷങ്ങൾ കോഴവാങ്ങുന്നു എന്നത് പച്ചയായ സത്യമാണ്. സഭാ സ്ഥാപനങ്ങൾ കൂടാതെ പലസഭാ പിതാക്കന്മാരും തങ്ങളുടെ ആത്മീയ സ്ഥാപനത്തിന്റെ ബലത്തിൽ വിലപേശി സ്വന്തം പേരിലും കുടുംബ ട്രസ്റ്റുകളുടെ പേരിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്വന്തമാക്കുന്നില്ലേ? സ്വാർത്ഥതയുടെയും ഇഹലോക കെട്ടുപാടുകളുടെയും ചതിക്കുഴികളിൽ പെടാതെ പർവ്വതശിഖരത്തോളം നൈതികതയും ആഴക്കടലിന്റെ അഗാധതയാർന്ന ആത്മീയ വിശുദ്ധിയുമായി മാതൃകയാ കേണ്ടവർ ഇങ്ങനെ ചെയ്യുന്നത് സമുദായത്തിന്റെ അഭിവൃദ്ധിക്കു വേണ്ടിയാണെന്ന് സാമാന്യ ബുദ്ധിയുള്ള ആർക്കും വിശ്വാസി ക്കാനാവില്ല.

സ്വാശ്രയകോളേജ് സ്ഥാപനങ്ങളുടെ ന്യൂനപക്ഷ പദവി സംബന്ധിച്ചാണ് പ്രധാനമായും അഭിപ്രായ വ്യത്യാസമുള്ളതെന്ന് വ്യക്തമാണ്. ഇപ്പോൾ തന്നെ മതന്യൂനപക്ഷങ്ങൾക്ക് സ്ഥാപനങ്ങളാരംഭിക്കാൻ കേരളത്തിൽ യാതൊരു തടസ്സവുമില്ല. അവിടെ നിയമപരമായും വ്യവസ്ഥാപിതമായും പ്രവേശനവും അധ്യയനവും മൂല്യനിർണ്ണയവും നടക്കണം എന്നു മാത്രമേയുള്ളു. രാഷ്ട്ര പുനർനിർമ്മാണത്തിന് കണ്ണികളാകേണ്ട എഞ്ചീനീയർമാരെയും പൊതു ജനാരോഗ്യം കാത്തുസൂക്ഷിക്കേണ്ട ഡോക്ടർമാരെ യുമാണ് ഈ സ്ഥാപനങ്ങളിൽ നിന്ന് പുറത്തിറ ക്കേണ്ടത്.


ക്രിസ്തീയ സഭകളെ സംബന്ധിച്ചിടത്തോളം ആത്മീയേതരമായ ഇടപെടലുകളിലൂടെ വന്നുഭവിച്ച മൂല്യച്യുതിതന്നെയാണ് പ്രശ്നം. സഭാഭരണ സമിതികളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പുകളിൽ കടന്നുകൂടിയിട്ടുള്ള അനഭിമതമായ പ്രവണതകൾ ഈ മൂല്യച്യുതിക്ക് ആക്കം കൂട്ടിയിട്ടുണ്ട്. ഒരോ പള്ളികളും കേന്ദ്രീകരിച്ച് നടക്കുന്ന ഗ്രൂപ്പുപ്രവർത്തനങ്ങളും ചേരിപ്പോരും തെരുവുകളിലേക്കെത്തിയിരിക്കുന്നു. ചർച്ച് പൊളിറ്റിക്സ് എന്ന വാക്കിന് വിശ്വാസികൾക്കിടയിൽ ലഭിച്ച പ്രചാരം തന്നെ പള്ളിപറമ്പ് രാഷ്ട്രീയം എന്ന താഴേത്തട്ടിലേക്ക് വ്യാപിച്ചിരിക്കുന്നു എന്നതിനു തെളിവാണ്.

സാമൂഹ്യ പ്രതിബന്ധതയും ആത്മീയ ശക്തിയും ചോരാത്ത സഭാ പ്രവർത്തനമാണ് കാലം ആവശ്യപ്പെടുന്നത്. അതിന് വിശ്വാസികളുടെയും സഭാപിതാക്കന്മാരുടെയും കൂട്ടായ പരിശ്രമം അനിവാര്യമാണ്. ■

എം. സി. വർഗീസ്, ആലുവ

# മണിനാക്ക്





ഉണ്ടാക്കി ഞാൻ പറയുന്നതല്ലി കഥ
ഉണ്ടായതാണിത് പണ്ടൊരു പള്ളിയിൽ!
ശണ്ഠകൂടി; ജനം രണ്ടായ് പിരിഞ്ഞവർ
കണ്ടാൽ പരസ്പരം മിണ്ടാതെയായി പോൽ!

നേരും നെറിവുമില്ലാതെ പള്ളിക്കാര്യം
ഒരോരുത്തർക്ക് ചേരുന്നതരത്തിലായ്
ദാരുശില്പങ്ങളും, വെള്ളി, പൊൻ പണ്ടങ്ങൾ,
ആരുമറിയാതെ, കട്ടൊളിപ്പിച്ചവർ.

ആകെ മുടങ്ങി കൂദാശ, പൂജാദികൾ
ആകെ കുഴഞ്ഞു കുഴിച്ചിടൽ പോലുമേ!
ആകയാൽ സർക്കാരിലർപ്പിച്ചു സജ്ജനം
ആകവേ, സങ്കടം തീർക്കാൻ ശ്രമിക്കവേ,

മേലാളർ വന്നു; പറഞ്ഞൊത്തു കാര്യങ്ങൾ,
ശേലാക്കി മേലാൽ നടത്തേണ്ടതൊക്കയും
ശീലായ്മ ഏത് മേലാതെ ജനങ്ങളും
"വാലായ്മ" – നോക്കി പരിതപിച്ചായവർ!

പട്ട്, വെള്ളി, പണം, പണ്ടങ്ങൾ ഒക്കെയും
കട്ടോണ്ടുപോയവരാകവേ, ആ വക,
തിട്ടമായ് പള്ളി നടയ്ക്കു വച്ചും കൊണ്ട്
ചിട്ട, കല്പിച്ചുപോൽ, ചെയ്തു വണങ്ങിനാർ!

പള്ളിമുതൽ പിടിക്കാരനൊരു മാന്യൻ,
ഉള്ളഴിഞ്ഞു കൊണ്ടു വെച്ചൊരു പൊൻമണി;
കള്ളം നിനച്ചൂരിവെച്ചവൻ, പോക്കറ്റി–
നുള്ളിൽ ആ ''തങ്കമണി നാക്ക്" ഭദ്രമായ്

* * * * * *

മാസമൊന്നായില്ല, തിൻമുമ്പ്, പെട്ടെന്ന്
ശ്വാസനാളം തെല്ലടഞ്ഞുമുതൽപിടി;
ആ സമയം തന്നെ, കണ്ഠത്തിലുണ്ടായി;
മാംസപിണ്ഢം മണിനാക്കുപോൽ തൂങ്ങിയും!

കണ്ടിച്ചുനോക്കി; കരിച്ചുനോക്കി; വീണ്ടു–
മുണ്ടായി വന്നിതു "മറ്റൊന്ന"തേവിധം
മുണ്ടു പുതച്ചു മറച്ചു നടന്നുകൊ–
ണ്ടിണ്ടലാന്നു; നാണമേറ്റു; പോയ് മാനവും!

പൊന്നാനിയിൽ പോയ് – മതം മാറിയെങ്കിലും
പിന്നെയും വന്നു, മണിനാക്കു മക്കളിൽ!
"അന്യം നിന്നുപോയ്" ആ കുടുംബം, പിന്നെ,
മന്നിതിൽ മർത്ത്യക്ക് പാഠമായ് തീർന്നുപോൽ!

# മലങ്കരസഭയുടെ ഉത്തരഭാരത മിഷൻ

# ഒരു തുറന്ന കത്ത്

കർത്താവിൽ പ്രിയരേ,

മലങ്കര സഭയുടെ ഉത്തരഭാരത മിഷനെക്കുറിച്ച് പ. ബാവാ തിരുമേനി സഭയിലെ എല്ലാ ഇടവകകൾക്കും അയച്ച 157/07 നമ്പർ കല്പനയ്ക്ക് അനുബന്ധമാണ് ഈ കത്ത്. ഭിലായ് മിഷന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന കോൺവെന്റി നെപ്പറ്റിയും, യുവാക്കൾക്കായുള്ള മിഷൻ പരിശീലന കേന്ദ്രത്തെപ്പറ്റിയും കല്പനയിൽ സൂചിപ്പിച്ചിരുന്നു.

കോട്ടയം ജില്ലയിൽ, വാകത്താനത്തിനു സമീപം പാത്താമുട്ടത്ത്, സ്ലീബാ പള്ളിക്കു മുൻ വശത്താണ് കോൺവെന്റ് മന്ദിരം പണിതീർന്നു കൊണ്ടിരിക്കുന്നത്. ഗതാഗത സൗകര്യമുള്ള, പ്രകൃതിസുന്ദരമായ സ്ഥലമാണിത്. സഭയുടെ ഉത്തരഭാരത മിഷനായ ഭിലായ് മിഷന്റെ സ്ഥാപനങ്ങളിലും മിഷൻ പ്രവർത്തനമേഖലകളിലും സേവനമനുഷ്ഠിക്കു വാൻ വിദ്യാസമ്പന്നരായ കോൺവെന്റ് സിസ്റ്റേഴ്സിനെ സജ്ജരാക്കുന്നതിനുള്ള പ്രാഥമിക പരിശീലനമാണ് ഇവിടെ നടത്തുവാനുദ്ദേശിക്കുന്നത്. പത്താം ക്ലാസ്സിലും, +2 വിലും നല്ല മാർക്കു വാങ്ങിയ സമർത്ഥരായ പെൺകുട്ടികൾക്കാണ് മുൻഗണന. ഒരു വർഷക്കാലം നീളുന്ന പ്രാഥമിക പരിശീലനത്തിലൂടെ ഹിന്ദി, ഇംഗ്ലീഷ് ഭാഷകൾ മികവോടെ കൈകാര്യം ചെയ്യുന്നതിനും, കോൺവെന്റ് ലൈഫിനുള്ള ഓറിയന്റേഷനും ഇവിടെ സൗകര്യമേർപ്പെടുത്തും. കോളേജ് പഠനവും കോൺവെന്റ് ലൈഫിനുള്ള തുടർ പഠനവും ഭിലായിയിൽ ആയിരിക്കും. അവിടെ മിഷന്റെ ചുമതലയിൽ നടക്കുന്ന സെന്റ്. തോമസ് കോളേജ്, എൻജിനീയറിംഗ് കോളേജ് തുടങ്ങിയ സ്ഥാപനങ്ങളിൽ പഠന സൗകര്യമുണ്ട്. പഠനം പൂർത്തിയായാലുടൻ ചെറുസംഘങ്ങളായി ജോലിയിൽ പ്രവേശിക്കാം. സ്കൂളുകൾ, കോളേജുകൾ, ഹോസ്റ്റലുകൾ, വില്ലേജ്മിഷൻ പ്രവർത്തനങ്ങൾ, മെഡിക്കൽ മിഷൻ ഇങ്ങനെ വിവിധ മേഖലകളിൽ പ്രവർത്തനത്തിലേർപ്പെടാവുന്ന താണ്. കഴിവും വിദ്യാഭ്യാസ യോഗ്യതയുമനുസരിച്ച് തസ്തികകളും, നിലവിലുള്ള വേതനവും ലഭ്യമാക്കും.

ഉത്തര ഭാരതമിഷനിൽ നമ്മുടെ സഭ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. ഇതരസഭകൾ, വിശേഷിച്ച് കത്തോലിക്കാ സഭ, നൂറുക്കണക്കിന് സ്ഥാപനങ്ങളും ആയിരക്കണക്കിന് പ്രവർത്തകരുമായി വിദ്യാഭ്യാസ, ആതുര സേവന, സാമൂഹ്യപ്രവർത്തന മേഖലകളിൽ മുന്നേറുമ്പോഴും നമ്മുടെ സഭ ഏറെ പിന്നിലാണ്. ഭിലായ് മിഷനിൽ മുപ്പതോളം സ്ഥാപനങ്ങളുണ്ട്. പ്രവർത്തകരുടെ അഭാവം വലിയ പ്രശ്നമാണ്. കന്യാസ്ത്രീകൾ ആരുമില്ല. ഈ ദുഃസ്ഥിതി മാറ്റി യെടുക്കാനുള്ള പരിശ്രമത്തിന്റെ ഭാഗമായാണ് പുതിയ കോൺവെന്റ് ആരംഭിക്കുന്നത്. അംഗങ്ങളായി ചേരുന്നവ രുടെ പഠനകാല ചെലവുകളെല്ലാം മിഷൻ വഹിക്കുന്നതാണ്. ആദ്യ ബാച്ചിന്റെ പരിശീലനം ഒക്ടോബർ മാസം ആരംഭിക്കാമെന്ന് പ്രതീക്ഷിക്കുന്നു. അഡ്മിഷൻ ആഗ്രഹിക്കുന്നവർ അപേക്ഷയോടൊപ്പം ഇടവക വികാരിയുടെ സാക്ഷ്യപത്രവും, സർട്ടിഫിക്കറ്റുകളുടെ കോപ്പിയും ചേർത്ത്

1. Director, Bhilai Mission, P.O., Box. 24, Bhilai, C.G. State എന്ന വിലാസത്തിലും, അപേക്ഷയുടെ ഒരു കോപ്പി Rev. Fr. Thomas. P. Zachariah, Vicar, Sleeba Church, Pathamuttom P.O., Kottayam, Kerala. എന്ന വിലാസത്തിലും സെപ്റ്റംബർ 25നു മുമ്പായി അയച്ചുതരുക.

ദൈവവിളിയുള്ള യുവാക്കന്മാരെ ഭിലായ് മിഷനിൽ ചേർന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമുണ്ട്. ഭിലായ്മിഷന്റെ ഘടകമായ മക്കോഡിയാ വില്ലേജ് മിഷൻ സെന്ററിൽ 20 ൽ പരം യുവാക്കൾക്ക് താമസിച്ചു പഠിക്കാനുള്ള സൗകര്യങ്ങ ളുണ്ട്. കോഴ്സ് കഴിയുന്നവർക്ക് വലിയ ബുദ്ധിമുട്ടു കൂടാതെ കഴിയാനുതകുന്ന വേതനത്തോടെ പ്രവർത്തന മേഖല യിൽ നിയമനം ലഭിക്കുന്നതാണ്. സമർപ്പണ ബുദ്ധിയും ദൈവാശ്രയവും സഭാ സ്നേഹവുമുള്ളവർക്ക് അപേക്ഷി ക്കാം. +2 വരെയെങ്കിലും സ്കൂൾ വിദ്യാഭ്യാസം ഉണ്ടായിരിക്കണം. ഇടവക വികാരിയുടെ സാക്ഷ്യപത്രവും ആവശ്യമാ ണ്. അപേക്ഷ അയയ്ക്കേണ്ട മേൽ വിലാസം Director, Bhilai Mission, P.O. Box. 24, Bhilai, C.G. State

ഇതിൽ പ്രതിപാദിച്ചിരിക്കുന്ന രണ്ടു പ്രൊജക്ടുകളിൽക്കൂടി മിഷൻ പ്രവർത്തനത്തിന് കൂടുതൽ ആളുകളുണ്ടാ യാൽ അനതിവിദൂര ഭാവിയിൽ മലങ്കര സഭയുടെ മുഖഛായയ്ക്ക് ഗണ്യമായ മാറ്റമുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കു ന്നു. ഇത് സാദ്ധ്യമാകുവാൻ എല്ലാവരുടെയും തീക്ഷ്ണമായ പ്രാർത്ഥന ആവശ്യമാണ്. വൈദിക സഹോദരങ്ങളു ടെയും ആത്മീയ പ്രസ്ഥാനങ്ങളുടെയും, ആശ്രമസ്ഥരുടെയും പ്രാർത്ഥനാപൂർവ്വമുള്ള പരിശ്രമം കൊണ്ട് 25 ലക്ഷ ത്തോളം ജനസംഖ്യയുള്ള സഭയിൽ നിന്ന് കുറച്ചു പേരെ അയയ്ക്കാൻ സാധിക്കില്ലെ? താല്പര്യമുള്ളവർ അങ്ങി ങ്ങായി കാണുമെന്നതിന് സംശയം വേണ്ടാ. ഉത്സാഹിപ്പിക്കാൻ സന്മനസ്സുള്ള സഭാ സ്നേഹികൾ അവരെ കണ്ടുപി ടിച്ച് അയച്ചു തന്ന് ഈ എളിയ പരിശ്രമത്തെ വിജയിപ്പിക്കണമെ. സകലജാതികളോടും സുവിശേഷമറിയിപ്പാൻ കർത്താവു കല്പിച്ചതനുസരിക്കുന്നതിൽ നമ്മുടെ ഭാഗത്തുണ്ടായ നിസ്സംഗതയ്ക്ക് ഈ പരിശ്രമത്തിന്റെ വിജയം പുരോഗതിയുടെ പ്രഥമ കാൽവെയ്പാകുമെന്നാശിക്കാം.


ദൈവം അനുഗ്രഹിക്കട്ടെ

**സ്തേഫാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ**

# BIBLE STUDY 53 PUZZLE

CROSSWORD

**ജോഷി ബി. ജോൺ, മണപ്പള്ളി**



### വലത്തോട്ട്

1. അബ്രഹാം മുതലുള്ള പരമ്പരയിലെ എട്ടാമൻ (5)
4. 'ജനത്തിനുവേണ്ടി ഒരു മനുഷ്യൻ മരിക്കുന്നതു നന്ന്' എന്ന് യെഹൂദരോട് ആലോചന പറഞ്ഞവൻ (4)
6. അഹരോന്റെ തലമുറയിൽ മെരായോത്തിന്റെ മകൻ (4)
7. "കണ്ണടച്ചിരിക്കുന്ന പുരുഷൻ" ബെയോരിന്റെ മകൻ (3)
8. ഹനന്യാവിന് ബാബേലിൽ ലഭിച്ച പേര് (3)
9. ദാവീദിനു പിന്തുണയുമായി സിക്ലാഗിൽ ചെന്നപ്പോൾ ആത്മാവു ലഭിച്ചവൻ (4)
12. യിരെമ്യാവിനെ ഉപദ്രവിച്ച പുരോഹിതൻ (4)
13. ഇയ്യോബിന്റെ സ്വദേശം (2)
14. ദാവീദിന് അബീഗയിൽ പ്രസവിച്ച മകൻ (4)
15. 'പുറപ്പാട്' എന്ന് അർത്ഥം; പുറപ്പെടാൻ തുനിയാത്തവരുടെ പട്ടണം (4)
16. ഗാദ്ഗോത്രത്തിന് യോശുവ കൊടുത്ത അവകാശത്തിൽ, ഹെശ്ബോന്റെ എതിരേയുള്ള പട്ടണം (6)
18. പ്രായംകൊണ്ടു മുമ്പനായ കർത്തൃശിഷ്യൻ (3)
19. വിവേകവും ജ്ഞാനവും നല്കാൻ യഹോവ ശലോമോനു പ്രത്യക്ഷനായ സ്ഥലം (4)
21. "നാറ്റം വച്ചുതുടങ്ങി, നാലു ദിവസമായല്ലോ" പറഞ്ഞതാര്! (3)
23. ദാവീദിന്റെ സംഗീതഗായകർ; ഇവന്റെ പുത്രന്മാർ വാതിൽകാവൽക്കാർ (4)
26. അദ്ധ്യക്ഷന്മാരിലും പ്രധാന ദേശാധിപതിമാരിലും വിശിഷ്ടനായി വിളങ്ങിയവൻ (4)
27. തൊഴുത്തുകളുടെ താഴ്വര (3)
28. യോശീയാവിനെ ഫറവോൻ നെഖോ കൊന്ന സ്ഥലം (3)
29. 'സുവിശേഷം' എന്ന് അർത്ഥം (7)

### താഴോട്ട്

1. വാർദ്ധക്യത്തിൽ ദാവീദിനു കൂട്ടായി ലഭിച്ചവൾ (4)
2. ബേൽശസർ രാജാവിന്റെ പിൻഗാമി (4)
3. അഹരോന്റെ ഇളയമകൻ (4)
4. ഇതു പറയരുതെന്ന് ദൈവിക (പത്തു) കല്പന (4)
5. ഏബെരിന്റെ മകൻ (പു.നി.) (3)
6. സൻഹേരീബിനെ വധിച്ച പുത്രന്മാരിൽ മൂത്തവൻ (5)
9. ഗെരാർ രാജാവ് അബീമേലെകിന്റെ സ്നേഹിതൻ (4)
10. ഹോര്യനായ സേയീരിന്റെ മകൻ ദീശോന്റേ മൂന്നാമത്തെ പുത്രൻ(3)
11. പൗലോസ് സ്നാനപ്പെടുത്തിയ പള്ളിപ്രമാണി (4)
13. ഹാരാൻ മരിച്ച കൽദയപട്ടണം (2)
14. യോശുവയെ കാണാനെത്തിയ ഗിബെയോൻകാരുടെ പ്രധാന പട്ടണങ്ങളിലൊന്ന് (6)
17. പാർസിരാജാവ് കോരെശിന്റെ ധനമന്ത്രി (4)
20. റിബെക്കയുടെ പിതാവ് (4)
21. 'സ്തുതിഗീതങ്ങൾ' എന്ന് അർത്ഥം (3)
22. അഗാധദൂതന് എബ്രായഭാഷയിലെ പേര് (4)
24. കൂലിയായി നല്കപ്പെട്ട പഴം (3)
26. ആമോസിന്റെ ജന്മദേശം (3)

## പദപ്രശ്നം-51 (ശരിയുത്തരം അയച്ചവർ)

**വിജയികൾ: 1. ഏകാസ് കുഞ്ഞുമോൻ, കട്ടച്ചിറ, 2. റെയ്ചൽ അലക്സാണ്ടർ പുനെ, 3. മറിയാമ്മ ഫിലിപ്പ് തിരുവല്ല**

4. ആലീസ് എബ്രഹാം കോയമ്പത്തൂർ; 5. വി.എ. തോമസ് കറ്റാനം; 6. ശോശാമ്മ എബ്രഹാം ബിലാസ്പുർ; 7. ഏലിയാമ്മ ജോർജ് ആവണീശ്വരം; 8. മേരിക്കുട്ടി കുര്യാക്കോസ് ഭാണ്ഡുവ് മുംബൈ; 9. സാറാമ്മ തമ്പി കോയമ്പത്തൂർ; 10. മേരിക്കുട്ടി അലക്സാണ്ടർ തിരു; 11. സൂസമ്മ പി.എ. കരീപ്ര; 12. സാറാമ്മ മാത്യു തിരുവല്ല; 13. ലൗലി കോശി ഊന്നുകൽ; 14. ഏലിയാമ്മ ഗീവർ കുന്നംകുളം; 15. ലീലാമ്മ തങ്കച്ചൻ ചെറിയനാട്; 16. അന്നമ്മ ജോൺ തെക്കേമല; 17. വൽസമ്മ ഫിലിപ്പ് ഭോപാൽ; 18. റോസമ്മ ജോർജ് കൊൽക്കത്ത; 19. തങ്കമ്മ എബ്രഹാം കോടുകുളഞ്ഞി; 20. എലിസബത്ത് തമ്പി കൊച്ചി; 21. ഏലിയാമ്മ പൗലോസ് ചെല്ലങ്കോട്; 22. മോളി മാത്യു നാരങ്ങാനം; 23. റെയ്ചൽ മത്തായിക്കുട്ടി പുതുശ്ശേരി; 24. ടി.സി. മാത്തപ്പൻ കുന്നംകുളം; 25. മറിയാമ്മ സാമുവൽ വട്ടക്കുന്ന് കോട്ടയം; 26. മേരിക്കുട്ടി പാപ്പച്ചൻ കലയപുരം; 27. ആലീസ് ഫിലിപ്പ് മേലുകര; 28. ബേബിച്ചൻ പെരിങ്ങര; 29. സൂസമ്മ തങ്കൻ ഭാണ്ഡുവ്; 30. ആലീസ് വർഗ്ഗീസ് ചമ്പക്കര 31. ചിന്നമ്മ ജോൺ തിരു.; 32. ഏലിയാമ്മ സഖറിയ കൊൽക്കത്ത; 33. സൂസമ്മ മാത്യു നാരങ്ങാനം; 34. കുമാരി ചാക്കോ തിരു; 35. കെ.കെ. എബ്രഹാം പനയമ്പാല; 36. രഞ്ജിനി റജി കളമശ്ശേരി; 37. റാഹേലമ്മ തോമസ് തുവയൂർ; 38. കുഞ്ഞുമോൾ ജോർജ്ജ് കാർത്തികപ്പള്ളി; 39. മറിയാമ്മ വർഗ്ഗീസ് ആനിക്കാട്; 40. പൊന്നമ്മ ജോയ് കറ്റാനം; 41. എ.കെ. വർഗ്ഗീസ് അറുന്നൂറ്റിമംഗലം; 42. അമ്മിണി സഖറിയ പഴഞ്ഞി; 43. സൂസൻ ജോസഫ് നെടുമാവ്; 44. ഏലിയാമ്മ ഐസക് പുത്തൂർ.


**(അഭിപ്രായങ്ങളും സംശയങ്ങളും അറിയിക്കുക: ഫോൺ: 9447453123)**

(e-mail: joshibjohn@hotmail.com)

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം**
**ജോഷി ബി. ജോൺ മണപ്പള്ളി**
**S.R.P. മാർക്കറ്റ് പി.ഒ.**
**കൊല്ലം ജില്ല-690539**


ഉത്തരങ്ങൾ അയയ്ക്കേണ്ട അവസാന തീയതി : 10-10-2007

## പദപ്രശ്നം – 51, ശരിയുത്തരം

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 ഹെ | രോ | ദി | 2 ബോ | ൻ | 3 എ | ലീ | 4 ഹോ | രെ | ഫ് |
| ൽ | 5 ത | ർ | ശീ | ശ് | ലെ | 6 നെ | ബാ | 7 യോ | ത്ത് |
| ക്കാ | 8 അ | 9 ശെ | യാ | ർ | യാ | ശൂ | ബ് | വേ | 10 എ |
| 11 യി | രി | യാ | വ് | 12 അ | സാ | 13 ഹേ | ൽ | ൽ | ൽ |
| 14 യെ | യേ | 15 മ | റി | 16 യ | ർ | 17 നാ | സീ | ർ | ക്കോ |
| 18 ഹോ | ൽ | പ | ക്ഷി | ഹേ | 19 ബ | 20 ദാ | ത്യാ | 21 ബേ | ശ് |
| ശാ | 22 ഗി | ൽ | ബോ | വ | ർ | ദ് | 23 കാ | ട്ട | ത്തി |
| 24 ഫാ | ലെ | ഗ് | 25 ശൂ | ശ | ന്ന | 26 ഊ | 27 ലാ | 28 യി | 29 ത്രോ |
| ത്ത് | 30 യാ | രെ | ദ് | ലോ | 31 ബാ | ൽ | സ | റ | വാ |
| 32 അ | ദ് | മാ | ഥാ | 33 മി | സ് | പാ | ർ | ച്ചി | സ് |

ഉത്തരമയയ്ക്കാൻ മാസിക കീറരുത്. കാർഡിലോ, ഇൻലൻഡിലോ കളം വരച്ച് അയച്ചാൽ മതിയാകും.

കെ. ജിജി പണിക്കർ



# ഇടവിടാതെ പ്രാർത്ഥിപ്പിൻ

(1 തെസ്സ. 5:16)

പരമാർത്ഥ ഹൃദയത്തിലും
അനുസരണയിലും
വിധേയത്വത്തിലും
പ്രസാദിക്കുന്ന ദൈവത്തോട്
പശ്ചാത്താപത്തോടും
നുറുങ്ങിയ ഹൃദയത്തോടും
സ്ത്രോത്ര സ്വരത്തോടെ
കരുണയും കൃപയും
യാചിക്കുകയാണ്
പ്രാർത്ഥനയിൽ ചെയ്യേണ്ടത്.

"സഹോദരന്മാരെ, കാലങ്ങളെയും സമയങ്ങളെയും കുറിച്ച് നിങ്ങളെ എഴുതിയറിക്കുവാൻ ആവശ്യമില്ല."– ജാതികളുടെ അപ്പോസ്തോലനും ക്രൈസ്തവ സഭയുടെ പ്രധാന കെട്ടുപണിക്കാരനുമായി നിസ്വാർത്ഥം പ്രവർത്തിച്ച് ജീവൻ വച്ച സാക്ഷാൽ പൗലോസ് ശ്ലീഹായുടെ ഈ ഓർമ്മപ്പെടുത്തൽ ((1 തെസ്സ 5:16) കാലിക പ്രസക്തിയേറിയതും അത്യന്തം ചിന്തനീയവുമാണ്.

ലോകാന്ത്യത്തെക്കുറിച്ചും അന്തിമ ന്യായവിധിയെക്കുറിച്ചുമൊക്കെ പ്രതിപാദിക്കുന്ന ദൈവശാസ്തശാഖയാണ് ഇസ്കറ്റോളജി (Eschatology). തെസ്സലോനക്യയിലുള്ള, വിഗ്രഹാരാധനയിൽ നിന്നും ദൈവവിശ്വാസത്തിലേക്ക് വന്ന ക്രൈസ്തവ സഹോദരരെ, പീഡകളുടെ കാലങ്ങളിൽ ഉറപ്പിക്കുന്നതിനും വിശ്വാസത്തിലും പ്രത്യാശയിലും നിലനിർത്തുന്നതിനും എഴുതിയ രണ്ട് കത്തുകളിലും (1 തെസ്സ; 2 തെസ്സ.) ഇസ്കറ്റോളജിക്കൽ പ്രബോധനങ്ങളും പരാമർശങ്ങളും നിറഞ്ഞിരിക്കുന്നു. അപ്പോസ്തോലന്റെ ഈ പ്രബോധനത്തിന്റെ ചുവടുപിടിച്ച് ഏതാനും ചിന്തകൾക്കാണ് ഇവിടെ ഉദ്യമിക്കുന്നത്.

**പ്രാർത്ഥന – എന്തിന്, എപ്പോൾ, എങ്ങനെ?**

വി. വേദപുസ്തകത്തിൽ പല ഭാഗങ്ങളിലായി ഇതിനുള്ള ഉത്തരങ്ങൾ വ്യക്തമായും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രാർത്ഥന (prayer), യാചനാ രീതിയിലുള്ള വിധേയപ്പെട്ടുള്ള തന്നെത്താൻ താഴ്ത്തിയുള്ള ദൈവത്തോടുള്ള അപേക്ഷയാണ്. നമ്മുടെ കർത്താവ് പല സന്ദർഭങ്ങളിലും ഏകാന്തതയോടും ഏകാഗ്രതയോടും പ്രാർത്ഥിച്ചിരുന്നതായി സുവിശേഷങ്ങളിൽ കാണാം. അത് തന്നെ തന്റെ ദൗത്യത്തിൽ ശക്തിപ്പെടുത്തുന്നതിനും പിശാചിന്റെ പരീക്ഷണങ്ങളെ അതിജീവിക്കുന്നതിനും തന്റെ

പിതാവുമായി നിരന്തര സമ്പർക്കത്തിലായിരിക്കുവാനും ആത്യന്തികമായി തന്റെ മനുഷ്യാവതാരം വിജയകരമായി പൂർത്തിയാക്കി പിതാവിന്റെ വലത്ത് ഭാഗത്തേക്ക് തിരികെയെത്തുവാനും സാദ്ധ്യമാക്കി.

യോഹന്നാൻ സ്നാപകൻ തന്റെ ശിഷ്യന്മാരെ പ്രാർത്ഥന പഠിപ്പിച്ചു. എന്നാൽ തന്നെയനുഗമിച്ച് വന്ന ശിഷ്യഗണത്തിന് പുതിയ അനുഭവം ആകുവാൻ തക്കവണ്ണം അവർക്ക് കർത്താവ് തന്നെ എങ്ങനെ പ്രാർത്ഥിക്കണമെന്ന് പഠിപ്പിച്ചുകൊടുക്കുന്നതായി നാം വായിക്കുന്നു (ലൂക്കോ 11;1–4 മത്തായി 6:9–13). തന്റെ പരസ്യശുശ്രൂഷാ കാലത്ത് പലയവസരങ്ങളിലും കർത്താവ്, പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യം എടുത്തുപറഞ്ഞിട്ടുണ്ട്. ദൈവരാജ്യത്തേയും മനുഷ്യ പുത്രന്റെ വരവിനെക്കുറിച്ചും വ്യക്തമാക്കുന്ന സന്ദർഭത്തിൽ കർത്താവ് ശിഷ്യന്മാരെ ഓർമ്മിപ്പിക്കുന്നു.– “മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കണ”മെന്ന്. (ലൂക്കൊസ് 18:1) യുഗാന്ത്യലക്ഷണങ്ങളെക്കുറിച്ച് ഓർമ്മിപ്പിച്ച് കർത്താവ് മറ്റൊരിടത്ത് പ്രബോധിപ്പിക്കുന്നു; “ആ കാലം എപ്പോൾ എന്ന്, നിങ്ങൾ അറിയായ്ക കൊണ്ട് സൂക്ഷിച്ചുകൊള്ളുവിൻ, ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ” (മർക്കോസ് 13:33)

പൈശാചിക ശക്തികളുടെ പിടിയിലകപ്പെടാതിരിക്കാനും അവയെ വിജയിക്കുവാനും പ്രാർത്ഥനയും ഉപവാസവും അത്യന്താപേക്ഷിതമാണെന്ന് വി. വേദപുസ്തകം പലയിടത്തും സാക്ഷിക്കുന്നു. പ്രാർത്ഥനയാലും ഉപവാസത്തിലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുകയില്ല എന്ന് കർത്താവ് ഓർമ്മിപ്പിച്ചു. (മത്തായി 17:21, മക്കോ; 9: 29)

സർവ്വസഭയ്ക്കും മുന്നിൽ ദാവീദ് രാജാവ് യഹോവയെ സ്തുതിച്ച് ചൊല്ലിയത്: എന്റെ ദൈവമേ, നീ ഹൃദയത്തെ ശോധന ചെയ്ത് പരമാർത്ഥതയിൽ പ്രസാദിക്കുന്നു എന്നു ഞാൻ അറിയുന്നു. (1 ദിന: 29: 17). പരമാർത്ഥ ഹൃദയത്തിലും അനുസരണയിലും വിധേയത്വത്തിലും പ്രസാദിക്കുന്ന ദൈവത്തോട് പശ്ചാത്താപത്തോടും നുറുങ്ങിയ ഹൃദയത്തോടും സ്ത്രോത്ര സ്വരത്തോടെ കരുണയും കൃപയും യാചിക്കുകയാണ് പ്രാർത്ഥനയിൽ ചെയ്യേണ്ടത്.

“സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചും കൊണ്ട് പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരത കാട്ടുവാനും” ശ്ലീഹാ, എഫേസ്യർക്ക് എഴുതിയ കത്തിൽ (6:18) പ്രബോധിപ്പിക്കുന്നു. റോമയിലെ ജനങ്ങളോടുള്ള പ്രബോധനത്തിൽ “പ്രാർത്ഥനയിൽ ഉറ്റിരിക്കുവാൻ” (റോമൻ 12: 12, 13) അപ്പോസ്തോലൻ ഓർമ്മിപ്പിക്കുന്നു. വിളിക്കപ്പെട്ടവർ അനേകം ഉണ്ടാകും; എന്നാൽ തെരഞ്ഞെടുക്കപ്പെടുന്ന ആ ചുരുക്കം എണ്ണത്തിൽ ഉൾപ്പെടാൻ നാം ഇടവിടാതെ പ്രാർത്ഥിക്കേണ്ടത് അത്യാവശ്യമാണ്. പത്ത് കന്യകമാരുടെ ഉപമയിലൂടെ കർത്താവ് ഓർമ്മിപ്പിക്കുന്നു.; “നാളും നാഴികയും നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ” (മത്തായി 25:13).

കർത്താവ് തന്റെ പ്രസിദ്ധമായ ഗിരിപ്രഭാഷണത്തിലൂടെ ആഹ്വാനം ചെയ്തുവല്ലോ; “നിങ്ങളെ ഉപദ്രവിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിപ്പിൻ; സ്വർഗ്സ്ഥനായ നിങ്ങളുടെ പിതാവിന് പുത്രന്മാരായി തീരേണ്ടതിന് തന്നെ” (മത്തായി 5:44)

അതിഭാഷണമോ വെറും ജല്പനങ്ങളോ (babblings) ആയിപ്പോകാതെ, യാചിക്കും മുമ്പേ നമ്മുടെ ആവശ്യങ്ങളെ അറിയുന്ന നമ്മുടെ പിതാവിനോട് എപ്രകാരം യാചിക്കണമെന്ന് കർത്താവ് ശിഷ്യന്മാരെ പഠിപ്പിച്ചുവല്ലോ. ഈ കർതൃപ്രാർത്ഥന (മത്തായി 6:9–13)യുടെ പൊരുൾ മനസ്സിലാക്കി യാചിക്കുവാൻ നമുക്ക് സാധിക്കണം. മുമ്പേ, അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടി ഇതൊക്കെയും നിങ്ങൾക്ക് കിട്ടും (6:33)

ഉപായത്താൽ നീണ്ട പ്രാർത്ഥന കഴിക്കുന്നവരെ (Those teachers making lengthy prayers for a show) സൂക്ഷിച്ചുകൊള്ളുവാൻ കർത്താവ് ഓർമ്മിപ്പിച്ചു. (മക്കോ: 12:40) യാചിക്കുന്നതൊക്കെയും ലഭിച്ചു എന്ന് വിശ്വസിച്ച് പ്രാർത്ഥിക്കുവാൻ കർത്താവ് പഠിപ്പിച്ചു. (മർക്കോ 11:24) ‘വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും’ ‘എന്നും നീതിമാന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു’ വെന്നും ദൈവത്തിന്റെയും ക്രിസ്തുവിന്റെയും ദാസനായ യാക്കോബ് തന്റെ ലേഖനത്തിൽ സാക്ഷിക്കുന്നു (യാക്കോബ് 5:15, 16). ഭൂതോപദ്രവം ബാധിച്ച മകളുള്ള കനാന്യസ്ത്രീ, പക്ഷപാതക്കാരനെ ചുമന്നുകൊണ്ടു വന്നവർ, ശതാധിപൻ, സൗഖ്യരായ കുരുടർ മുതലായ

നമ്മുടെ കർത്താവ് പല സന്ദർഭങ്ങളിലും ഏകാന്തതയോടും ഏകാഗ്രതയോടും പ്രാർത്ഥിച്ചിരുന്നതായി സുവിശേഷങ്ങളിൽ കാണാം. അത് തന്നെ തന്റെ ദൗത്യത്തിൽ ശക്തിപ്പെടുത്തുന്നതിനും പിശാചിന്റെ പരീക്ഷണങ്ങളെ അതിജീവിക്കുന്നതിനും തന്റെ പിതാവുമായി നിരന്തര സമ്പർക്കത്തിലായിരിക്കുവാനും ആത്യന്തികമായി തന്റെ മനുഷ്യാവതാരം വിജയകരമായി പൂർത്തിയാക്കി പിതാവിന്റെ വലത്ത് ഭാഗത്തേക്ക് തിരികെയെത്തുവാനും സാദ്ധ്യമാക്കി.



അനേകരുടെ വിശ്വാസവും പ്രാർത്ഥനകളും വി. വേദപുസ്തകത്തിൽ ദൃഷ്ടാന്തങ്ങളാണ്. പ്രാർത്ഥന എങ്ങനെയായിരിക്കണമെന്ന്, ദേവലായത്തിൽ പ്രാർത്ഥിക്കുവാൻ പോയ ചുങ്കക്കാരനേയും പരീശനനെയും ചൂണ്ടിക്കാട്ടി കർത്താവ് പഠിപ്പിക്കുന്നു; സ്വർഗ്ഗത്തെ ഭയപ്പെട്ട്, മാറത്തടിച്ച് ദൈവമെ പാപിയായ എന്നോട് കരുണ യുണ്ടാകേണമേ എന്ന് പ്രാർത്ഥിച്ച ചുങ്കക്കാരൻ നിതീകരിക്കപ്പെട്ടവനായി വീട്ടിലേക്ക് പോയ തായി കാണാം (ലൂക്കോ . 18: 13).

സാധകന്റെ സഞ്ചാരം എന്ന ഗ്രന്ഥത്തിൽ (The way of a pilgrim) 'ഇടവിടാതെ പ്രാർത്ഥിപ്പിൻ' എന്ന് പളളിയിലെ ആരാധനയ്ക്കിടയിൽ ശ്രവിച്ച അപ്പോസ്തോലന്റെ പ്രബോധനത്തിന്റെ പ്രായോഗികതയും പൊരുളും തേടി സഞ്ചരിക്കുന്ന ഒരു സാധകനെ നാം ദർശിക്കുന്നു. ഹൃദയത്തിൽ നിന്ന് ഉദ്ഭവിക്കുന്ന നിരന്തരമായ ഒരു ആന്തരിക പ്രാർത്ഥന യാണിതെന്ന് മനസ്സിലാക്കി ആ പ്രാർത്ഥനയിൽ തുടരുമ്പോഴുള്ള സാധകന്റെ പരമാനന്ദം അനുഭവിച്ചറിയേണ്ടതാണ്. കർത്താവേ, യേശു ക്രിസ്തുവേ എന്നിൽ കനിയേണമേ എന്ന് നിരന്തരമായി പ്രാർത്ഥിക്കാൻ അഭ്യസിച്ച ആ വ്യക്തിക്ക് ആത്മീയ നിറവിൽ നിലനിൽക്കുവാൻ സാധിക്കുന്നു. വി. കുദാശകളിൽ നാമും പലപ്പോഴും ചൊല്ലാറുളള ഈ ഏറ്റവും ചുരുങ്ങിയ പ്രാർത്ഥന– കുറിയേലായിസോൻ– നമ്മുടെ ഹൃദയത്തിൽ നിന്ന് നിരന്തരമായി പ്രഭവിക്കണം.

ആഗോളവൽക്കരണത്തിന്റെയും കമ്പോളവൽക്കരണത്തിന്റെയും ആധുനികവൽക്കണരത്തിന്റെയും ഫലമായുണ്ടായിട്ടുള്ള ഉപഭോഗ പ്രവണതകൾ വ്യക്തികളെയും സമൂഹങ്ങളെയും സ്ഥാപനങ്ങളെയും ദേശങ്ങളേയും രാജ്യങ്ങളേയും മത്സര ബുദ്ധിയോടും ലാഭേച്ഛയൊടെയും പ്രവർത്തിക്കുമ്പോഴും സമൂഹത്തിൽ ആശാസ്യമല്ലാത്ത മാതൃകകൾ ഉണ്ടാകുമ്പോഴും നാമോരോരുത്തരുടെയും വ്യക്തി, കുടുംബ ജീവിതങ്ങളിൽ പ്രാർത്ഥനകളും ആദ്ധ്യാത്മിക ചിന്തകളും അന്യമാകുന്നുണ്ടോയെന്ന് ആത്മപരിശോധന അത്യന്താപേക്ഷിതമായിരിക്കുന്നു. മനുഷ്യന് നിയന്ത്രിക്കാനാവാത്ത പ്രകൃതിക്ഷോഭങ്ങളുടെയും പകർച്ച വ്യാധികളുടെയും നീരാളിപ്പിടിത്തത്തിൽ നിന്നും രക്ഷ നേടാൻ അവിടുത്തെ കൃപയേ കാംക്ഷിക്കുക കൂടിയാണ് മനുഷ്യന് കരണീയം. ■

*കവിത*

# പുണ്യരോദനം

**സൂസൻ ജോർജ്**



*(ഗോവയിൽ കബറടങ്ങിയിരിക്കുന്ന അൽവാറീസ് മാർ ജൂലിയോസ് തിരുമേനിയുടെ ജീവിതാന്ത്യം.)*

അന്നവസ്ത്രാദികൾ നൽകിയോനിന്നിതാ
നിൽക്കുന്നു നഗ്നമായ് ഛിന്നത പൂണ്ടിതാ

പീഡിതർക്കാശ്രയനേറെ സഹിക്കുന്നു
പീഡകൾ ഏകനായ് ശോകനായ്

ഇല്ലാത്ത കുറ്റം ചുമത്തി ആ പൂജ്യനെ
നിർത്തി ന്യായാസന മുമ്പാകെ ദുഷ്ടന്മാർ

ഗൂഢമായ് തമ്മിൽ പറഞ്ഞവരോരോന്ന്
കുറ്റം ചുമത്തി ആ വന്ദ്യൻ ചുമലതിൽ

അന്യായമായ് തന്നെ അടച്ചു തുറുങ്കിലായ്
ആരോപിച്ചന്നവർ ഇല്ലാത്ത കുറ്റങ്ങൾ

മുത്തിയ കൈകളിൽ ചങ്ങല ബന്ധിച്ചു
പരിഹസിയ്ക്കുന്നു മുഖത്തു തുപ്പുന്നവർ

തൃപ്പാദ വന്ദനം ചെയ്യേണ്ട കാലുകൾ
കെട്ടി വലിയ്ക്കുന്നു വീഥിയിലൂടവർ

തൻ ദീന രോദനം കേൾക്കാതെ നിശ്ചലം
നിന്നന്നു മിത്രങ്ങളായവർ ഏവരും

ആക്ഷേപമേറെ സഹിച്ചിട്ടും ആ യോഗി
പ്രാർത്ഥിച്ചു തെല്ലും ശപിച്ചില്ലൊരുത്തരേം

ഒരു തുള്ളി നീരിനായ് ദാഹിച്ചവൻ വിട്ടു
പ്രാണനെ ഏല്പിച്ചു തൻ പിതൃ സന്നിധേ

തീർന്നില്ല ക്രൂരത തള്ളിപ്പറഞ്ഞവൻ
ചീട്ടിട്ടു ഭാഗിച്ചെടുത്തു തൻ അങ്കികൾ

അയ്യോ! കുഴിമാടം തെമ്മാടിക്കൂട്ടത്തിൽ
ഇട്ടു മൃതദേഹം നിന്ദ്യമായ് ഹീനമായ്

ആ പുണ്യ പാദാര വിന്ദങ്ങളിൽ വന്നു
ചുംബിക്കുവാൻ കൊതിക്കുന്നിതാ നിന്റെ ജനം

ഏകണേ മാപ്പിന് നീചരാം ഞങ്ങൾക്ക്
ചെയ്തപരാധങ്ങൾ ഓർക്കാതെ പുണ്യനേ

തോമസ് മാർ അത്താനാസിയോസ്

*(12.08.2007 ഞായറാഴ്ച കോട്ടയം തിരുനക്കര മൈതാനത്ത് നടന്ന ന്യൂനപക്ഷാവകാശ സംരക്ഷണ സമ്മേളനത്തിൽ ചെങ്ങന്നൂർ മെത്രാസനത്തിന്റെ തോമസ് മാർ അത്താനാസിയോസ് നടത്തിയ അദ്ധ്യക്ഷ പ്രസംഗം)*

# അടിച്ചേല്പിക്കൽ... വേണ്ട തുറന്ന ചർച്ചയാകാം!

വിദ്യാഭ്യാസ മേഖലയ്ക്ക് ഈടുറ്റ സംഭാവനകൾ നൽകിയിട്ടുള്ള ക്രൈസ്തവസഭകൾക്ക് നേരെ തുടരെ ഉണ്ടാകുന്ന ആരോപണങ്ങളും വിമർശനവുമാണ് ഇത്തരമൊരു മഹാ സമ്മേളനത്തിലേക്ക് നമ്മേ നയിച്ചിട്ടുള്ളത്. മതേതരത്വ രാഷ്ട്രമെന്ന സനാതാന ആശയം ഉയർത്തിപ്പിടിക്കുവാൻ ഭാരതപൈതൃകം എന്നും ശ്രമിച്ചിരുന്നു. ഇന്ത്യൻ ഭരണഘടന ന്യൂനപക്ഷ അവകാശങ്ങളെ വ്യക്തമായി നിർവ്വചിച്ചത് ഇന്ത്യ മഹാരാജ്യത്തിന്റെ ഈ മതേതരത്വ സ്വഭാവം കെട്ടുറപ്പോടെ നിലനിർത്താൻ വേണ്ടിയായിരുന്നു. ന്യൂനപക്ഷ അവകാശങ്ങളിലൂടെ ലഭിച്ചിട്ടുള്ള സ്വാതന്ത്ര്യം ക്രൈസ്തവ ദർശനത്തിൽ അടിയുറച്ചു നിന്നുകൊണ്ട് രാഷ്ട്ര പുരോഗതിക്കായി ഉപയോഗിക്കാൻ നാം എക്കാലവും ശ്രമിച്ചിട്ടുണ്ട്. ഭാരതീയ വിദ്യാഭ്യാസ മേഖലയ്ക്ക് ക്രൈസ്തവ സഭകൾ നൽകിയിട്ടുള്ള സംഭാവനകളെ വിമർശകർക്ക് പോലും അവഗണിക്കാൻ കഴിയുകയില്ല. സ്വാതന്ത്ര്യത്തിന്റെ അറുപതാം പിറന്നാൾ ആഘോഷിക്കുന്നതിനു തയ്യാറെടുക്കുന്ന നമ്മുടെ രാജ്യത്തിന്റെ കഴിഞ്ഞകാല ചരിത്രം ഇങ്ങനെയായിരിക്കെ ഇപ്പോൾ വിദ്യാഭ്യാസ മേഖലയിൽ നമ്മുക്ക് നേരെ ഉയരുന്ന ആരോപണങ്ങളുടെ പിന്നിലുള്ള സംഘടിത ശ്രമങ്ങളെ കണ്ടില്ല എന്ന് നടിക്കുവാൻ നമുക്ക് കഴിയുകയില്ല.

> കേരളത്തിൽ എപ്പോഴൊക്കെ ഇടതു സർക്കാർ അധികാരത്തിൽ എത്തിയോ അപ്പോൾ ഒക്കെ വിദ്യാഭ്യാസ മേഖലയിൽ വിവാദങ്ങൾ ഉണ്ടായിട്ടുണ്ട്. ബംഗാളിൽ പാഠപുസ്തകങ്ങൾ ഉൾപ്പെടെ ഇടതുപക്ഷ ആശയങ്ങൾ കുത്തിനിറയ്ക്കാൻ പാർട്ടിക്ക് കഴിഞ്ഞപ്പോൾ കേരളത്തിൽ അത് കഴിയാതെ പോകുന്നതിന്റെ അസ്വസ്ഥതയാണ് ഇത്തരം നീക്കങ്ങളുടെ പിന്നിൽ.

സാമൂഹിക നീതി എന്ന മഹത്തായ ആശയം ഇടയ്ക്കിടയ്ക്ക് ഉന്നയിച്ച് വിദ്യാഭ്യാസ മേഖലയെ കൈയ്യടക്കുവാനാണ് സർക്കാർ ശ്രമിക്കുന്നത്. സാമൂഹിക നീതിയെ പറ്റിയുള്ള ഒരു എരിവും മറ്റൊരു മേഖലയിലും പറയുന്നതല്ലാതെ ഇതുവരെ കണ്ടുതുടങ്ങിയിട്ടില്ല. മാലിന്യനിർമ്മാർജ്ജനം തുടങ്ങി റോഡു വികസനം വരെയുള്ള സമസ്ത മേഖലയിലും അനുദിനം കോടതികളുടെ ശാസനകൾക്ക് വിധേയമാകുന്ന സർക്കാർ, വിദ്യാഭ്യാസ മേഖലയെ നവീകരിക്കാൻ എന്ന വ്യാജേന ദ്രുതഗതിയിൽ നടത്തുന്ന സംഘടിത ശ്രമങ്ങളെ സംശയദൃഷ്ടിയോടെ മാത്രമേ വീക്ഷിക്കുവാൻ നമുക്ക് കഴിയുകയുള്ളു.

ന്യൂനപക്ഷ അവകാശങ്ങൾ ആരുടെയും ഔദാര്യമല്ല മറിച്ച് അത് ഭരണഘടന നമുക്ക് നൽകുന്ന അവകാശമാണ്. ഇന്ത്യൻ ഭരണഘടനയുടെ

30-ാം വകുപ്പിന്റെ ഒന്നാം അനുച്ഛേദം ഈ അവകാശം ഇങ്ങനെ നിർവ്വചിച്ചിരിക്കുന്നു. എല്ലാ ന്യൂനപക്ഷങ്ങൾക്കും അവ മതമോ, ഭാഷയോ അടിസ്ഥാനമായുള്ളതായാലും അവരുടെ ഇഷ്ട പ്രകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാനും, ഭരണം നടത്തുവാനും അവകാശം ഉണ്ടായിരിക്കുന്നതാണ്. ന്യൂനപക്ഷ അവകാശങ്ങളെ കോടതികളിൽ ചോദ്യം ചെയ്തപ്പോളൊക്കെ അനുകൂല വിധികൾ മാത്രമാണ് നമുക്ക് ലഭിച്ചിട്ടുള്ളത്. 1959-ലെ കേരളാ എഡ്യൂക്കേഷൻ ബിൽ-റഫറൻസ് കേസ് മുതൽ 2005-ലെ പി. എ. ഇനാംദാർ കേസ് വരെ ഇതിന് ഉദാഹരണങ്ങൾ ആണ്. ന്യൂനപക്ഷ അവകാശങ്ങൾക്ക് മേലുള്ള സർക്കാരിന്റെ അനാവശ്യ ഇടപെടലുകളെ കോടതികൾ പലപ്പോഴും രൂക്ഷമായി വിമർശിച്ചിട്ടുണ്ട്. 2002 ഒക്ടോബർ മാസം 30-ാം തീയതി സുപ്രീം കോടതിയിൽ വച്ച് ബഹു. ജഡ്ജി ജസ്റ്റിസ് റൂമാ പാൽ തന്റെ അഭിപ്രായം ശക്തമായി പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ നിർണ്ണയിക്കുവാൻ സർക്കാരിന് അധികാരം നൽകുകയാണെങ്കിൽ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പൂർണ്ണമായും നിരോധിക്കപ്പെടേണ്ട സർക്കാരിന്റെ കൈകടത്തലുകൾ അനധികൃതമായ വിധം പുറംവാതിലിൽ കൂടി അനുവദിക്കുകയായിരിക്കും ചെയ്യുന്നത്.

ലഭ്യമായ അവകാശങ്ങളെ കവർന്നെടുക്കാൻ ശ്രമിക്കുമ്പോൾ അതിനെ പ്രതിരോധിക്കാനും അതിനെതിരെ പ്രതിഷേധിക്കാനും സ്വഭാവികമായും നാം ബാദ്ധ്യസ്ഥരാകും. അത്തരം ശ്രമങ്ങളെ സമരഭീഷണിയായി കണ്ട് സഭകൾക്ക് പണ്ടുള്ള കരുത്ത് ഇപ്പോഴില്ലെന്നും ഇനിയും ഒന്നിനും ത്രാണിയില്ലെന്നും പ്രചരിപ്പിക്കുന്നവർ പഴയ പാർട്ടിയല്ല ഇപ്പോഴത്തെ പാർട്ടിയെന്ന് ഓർക്കുന്നതും നന്നായിരിക്കും. സാന്റിയാഗോ മാർട്ടിനും, ഫാരീസ് അബൂബക്കറും നിറഞ്ഞാടുന്ന പാർട്ടിക്കളങ്ങളിൽ വന്ന മാറ്റങ്ങളെ പറ്റി ഞങ്ങളും ബോധവാന്മാരാണ് എന്ന് ഓർമ്മിപ്പിക്കുവാൻ ഈ അവസരം ഞാൻ ഉപയോഗിക്കട്ടെ.

നിയമനിർമ്മാണം കൊണ്ടും അധികാര ശക്തികൊണ്ടും കേരളത്തിലെ സ്വാശ്രയമേഖലയെ വരുതിയിൽ നിർത്താനുള്ള ശ്രമങ്ങൾ കോടതിയുടെ സമയോചിത ഇടപെടൽ മൂലം പരാജയപ്പെട്ടതിന്റെ ജാള്യം മറയ്ക്കാനുള്ള സർക്കാർ ശ്രമത്തിന്റെ ഭാഗമാണ് പഞ്ചായത്ത് രാജിന്റെ പരിധിയിൽ എയ്ഡഡ് സ്ക്കൂളുകളെ കൊണ്ടുവരാനുള്ള സർക്കാരിന്റെ നീക്കം. കേരളത്തിൽ ആകെയുള്ള 12702 സ്ക്കൂളുകളിൽ 7794 സ്ക്കൂളുകളും എയ്ഡഡ് മേഖലയിലാണ്. സർക്കാർ മേഖലയിലെ ഭൂരിപക്ഷ അദ്ധ്യാപക വിദ്യാർത്ഥി സംഘടനകളുടെ നേതൃത്വം മാർക്സിസ്റ്റ് അനുഭാവ സംഘടനകൾക്കാണ് സർക്കാർ സ്ക്കൂളുകളേക്കാൾ ഏറെയുള്ള എയ്ഡഡ് മേഖലയെ എങ്ങനെ പാർട്ടിയുടെ വരുതിയിലാക്കാം എന്ന് തലപുകഞ്ഞ ചിന്തകൾ കൊടുവിലാണ് ഈ സ്കൂളുകളുടെ നിയന്ത്രണം പഞ്ചായത്തുകളെ ഏൽപ്പിക്കാൻ സർക്കാർ തീരുമാനിച്ചത്.

ഇതുവഴി രണ്ട് പ്രധാന ഗൂഢലക്ഷ്യങ്ങളാണ് സർക്കാരിനുള്ളത്. കേരളത്തിൽ ആകെയുള്ള 999 ഗ്രാമപഞ്ചായത്തുകളിൽ 681-ലും 53 മുനിസിപ്പാലിറ്റികളിൽ 29-ഉം, 152 ബ്ലോക്ക് പഞ്ചായത്തുകളിൽ 110-ഉം ഇപ്പോൾ എൽ.ഡി.എഫ് ആണ് ഭരിക്കുന്നത്. ഈ മുൻതൂക്കം മുതലെടുത്ത് പാർട്ടി ലോക്കൽ സഖാക്കളുടെ നിയന്ത്രണത്തിൻ കീഴിൽ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ എത്തിക്കുക എന്ന ലക്ഷ്യമാണ് ഒന്നാമത്തേത്. രണ്ടാമതായി കേരളത്തിലെ ന്യൂനപക്ഷങ്ങളുടെ കൈകളിലാണ് എയ്ഡഡ് മേഖലയുടെ ഭൂരിഭാഗം എന്നത് സർക്കാരിനെ അസ്വസ്ഥതപ്പെടുത്തുന്നു. കേരളത്തിന്റെ സാംസ്ക്കാരിക രാഷ്ട്രീയ പശ്ചാത്തലത്തിൽ എന്നും ന്യൂനപക്ഷങ്ങൾ നിർണ്ണായക ശക്തി തന്നെയാണ്. ബംഗാൾ പോലെ കേരളത്തെ പാർട്ടിയുടെ സ്ഥിരം കുത്തകയാക്കാൻ കഴിയാതെ പോകുന്നത് ന്യൂനപക്ഷങ്ങളുടെ ഈ അമിതസ്വാധീനം മൂലമാണെന്നാണ് പാർട്ടി സൈദ്ധാന്തികരുടെ കണ്ടെത്തൽ. ന്യൂനപക്ഷങ്ങളെ കഴിയുന്നിടത്തോളം ഭിന്നിപ്പിക്കുക, അവരുടെ അധികാര അവകാശങ്ങൾ എത്രത്തോളം കടിഞ്ഞാൺ ഇടാമോ അത് ചെയ്യുക എന്നതാണ് ഈ സർക്കാരിന്റെ വിദ്യാഭ്യാസ നയം.

കേരളത്തിൽ എപ്പോഴൊക്കെ ഇടതു സർക്കാർ അധികാരത്തിൽ എത്തിയോ അപ്പോൾ ഒക്കെ വിദ്യാഭ്യാസ മേഖലയിൽ വിവാദങ്ങൾ ഉണ്ടായിട്ടുണ്ട്. ബംഗാളിൽ പാഠപുസ്തകങ്ങൾ ഉൾപ്പെടെ ഇടതുപക്ഷ ആശയങ്ങൾ കുത്തിനിറയ്ക്കാൻ പാർട്ടിക്ക് കഴിഞ്ഞപ്പോൾ കേരളത്തിൽ അത് കഴിയാതെ പോകുന്നതിന്റെ അസ്വസ്ഥതയാണ് ഇത്തരം നീക്കങ്ങളുടെ പിന്നിൽ.

സ്ക്കൂൾ ഹെഡ്മാസ്റ്റർമാരുടെ ദൈനംദിന മേൽനോട്ടം പഞ്ചായത്തുകളെ ഏൽപ്പിക്കാനുള്ള നീക്കം അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സർക്കാർ കൊട്ടിഘോഷിക്കുമ്പോൾ ഈ സംവിധാനം കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ അക്ഷരാർത്ഥത്തിൽ താറുമാറാക്കുമെന്ന പരമാർത്ഥം സർക്കാർ വിസ്മരിക്കുന്നു. രാഷ്ട്രീയ പകപോക്കലിന്റെ കുരുക്കിൽ വാർഡുകളുടെ ദൈനംദിന ഭരണം പോലും പലപ്പോഴും പെരുവഴിയിലാക്കപ്പെടുന്ന ദുരവസ്ഥ നാം ദിവസേന കണ്ടുകൊണ്ടിരിക്കുകയാണ്. ഭരണസമിതിയും പ്രതിപക്ഷവും രണ്ട് നിർദ്ദേശങ്ങളുമായി ഹെഡ്മാസ്റ്റർമാരെ സമീപിച്ചാൽ സ്ക്കൂൾ ഭരണവും ഹെഡ്മാസ്റ്ററും ത്രിശങ്കു സ്വർഗ്ഗത്തിലാക്കപ്പെടും. കേരളത്തിലെ പഞ്ചായത്ത് റോഡുകൾക്ക് സമമായി കേരളത്തിലെ

വിദ്യാഭ്യാസ മേഖലയെ മാറ്റപ്പെടും.

സർക്കാരിന്റെ നിയന്ത്രണത്തിൽ കീഴിലുള്ള സ്ക്കൂളുകൾ പലതും അടച്ചുപൂട്ടൽ ഭീഷണിയുടെ നടുവിലാണ്. കേരളത്തിലാകമാനം ഭീതിവിതയ്ക്കുന്ന മാരകമായ പനിയെ നിയന്ത്രിക്കുവാൻ ഒന്നും ചെയ്യുവാൻ കഴിയാതെ സർക്കാർ നട്ടം തിരിയുന്നു. എറെ കൊട്ടുംകുരവയുമായി അവതരിപ്പിച്ച കാർഷിക കടാശ്വാസ കമ്മീഷൻ പേപ്പറുകളിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. സുനാമി ഫണ്ടുകൾ ശരിയായി വിനിയോഗിക്കുവാൻ ഒരു നല്ല പദ്ധതി രൂപീകരിക്കുവാൻ പോലും സർക്കാരിന് കഴിഞ്ഞിട്ടില്ല. കേരള ജനതയുടെ സാമൂഹ്യ നീതിയുടെ ഇത്തരം അടിസ്ഥാനാവശ്യങ്ങളെ ലാഘവത്തോടെ കൈകാര്യം ചെയ്യുന്ന സർക്കാർ വിദ്യാഭ്യാസ മേഖലയിലെ സാമൂഹ്യനീതിയെപ്പറ്റി അവേശം കൊള്ളുന്നത് ഒരു പോലെ കൗതുകകരവും ദുഃഖകരവുമാണ്. പകർച്ചപ്പനി ബാധിച്ച് അനേകർ കഷ്ടപ്പെടുമ്പോൾ അവരെ ഒരു ചെറിയ പരിധിവരെയെങ്കിലും സഹായിക്കുവാൻ കഴിയുന്ന സ്വാശ്രയ മെഡിക്കൽ കോളേജുകൾ തല്ലിത്തകർത്തത് എന്തു സാമൂഹ്യ നീതിയാണ്? കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ!

വിദ്യാഭ്യാസത്തിന്റെ നന്മ അനുഭവിക്കുന്നത് വ്യക്തികൾ മാത്രമല്ലെന്നും സമൂഹം കൂടിയാണെന്നുമുള്ള തിരിച്ചറിവോടുകൂടി വിദ്യാഭ്യാസ മേഖലയിലെ മാറ്റങ്ങളെ പറ്റി സുതാര്യമായ ചർച്ചകൾക്കാണ് സർക്കാർ നേതൃത്വം കൊടുക്കേണ്ടത്. ചർച്ചകളിലൂടെ ഉരുത്തിരിയുന്ന അഭിപ്രായ സമന്വയത്തിന് പകരം ഏകാധിപത്യപരമായ മാറ്റങ്ങൾ അടിച്ചേൽപ്പിക്കാനുള്ള ശ്രമങ്ങളിൽ നിന്നും സർക്കാർ പിൻമാറണം. കേരള വിദ്യാഭ്യാസ മേഖലയിൽ ഇന്നു നിലനിൽക്കുന്ന അനിശ്ചിതത്വങ്ങൾ അന്യസംസ്ഥാന വിദ്യാഭ്യാസ ലോബിക്ക് മാത്രമാണ് സഹായകമായി തീരുന്നത്. ക്രൈസ്തവസഭകൾക്ക് നീതിയെപ്പറ്റി വ്യക്തമായ ബോദ്ധ്യങ്ങളുണ്ട്. ദൈവനീതിയിൽ അധിഷ്ഠിതമായ സാമൂഹ്യനീതി സംരക്ഷിക്കുവാൻ ക്രൈസ്തവസഭകൾ എക്കാലവും ബാദ്ധ്യസ്ഥരാണ്. അതിനെപ്പറ്റി ആരും വ്യാകുലപ്പെടണ്ട. സ്വാർത്ഥ താല്പര്യങ്ങളെ മാറ്റി നിർത്തി സുതാര്യ ചർച്ചകൾക്ക് തയ്യാറായാൽ അതാകും കേരളത്തിനും കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയ്ക്കും അഭികാമ്യം എന്ന് ഓർമ്മിപ്പിക്കട്ടെ. മൂന്നാർ കുടിയൊഴിപ്പിക്കലിന്റെ ആദ്യഘട്ടത്തിൽ നമ്മുടെ ബഹു. മുഖ്യമന്ത്രി കാണിച്ച താല്പര്യവും നിശ്ചയ ധാർഷ്ട്യവും ഈ കാര്യത്തിലും കാണിച്ച് സുതാര്യ ചർച്ചകൾക്ക് സർക്കാർ തയ്യാറായാൽ അതാകും കേരളത്തിനും കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയ്ക്കും അഭികാമ്യം എന്ന് വീണ്ടും ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ എന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ നിന്നും വിരമിക്കുന്നു.

ദൈവം നമ്മേ അനുഗ്രഹിക്കട്ടെ ■

*For Favours Received*



**by:-**

**V. I. George, Ciji George**
**Anna George, Mary George**

**15–ാം ചരമവാർഷികം**
**05–09–2007**



**മാത്യൂസ് നാടാവള്ളിൽ**
**ചന്ദനപ്പള്ളി**

***കർത്താവേ നിൻ മദ്ബഹായിൽ***
***സ്മൃതരാകട്ടെ മൃതി പൂണ്ടോർ***
***നിൻ ശ്രേഷ്ഠത വെളിവാകും നാൾ***
***നിൻ വലമായവർ നിൽക്കണമെ.***

***Inserted by Sorrowing Family***



സപ്ലിമെന്റ്

# ചേപ്പാട് ഫീലിപ്പോസ് മാർ ദീവന്നാസി 152-ാമത് ഓർമ്മപെരുനാൾ സെപ്റ്റം.



## ചേപ്പാട് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി

**ഫാ. കെ. എം. വർഗീസ്, കളീക്കൽ (വികാരി)**

സത്യ വിശ്വാസ സംരക്ഷകനായ ഫിലിപ്പോസ് മാർ ദീവന്നാസ്യോസിന്റെ (IV) ഭൗതികാവിശിഷ്ടങ്ങൾ അന്ത്യവിശ്രമം കൊള്ളുന്ന ചേപ്പാട് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി എട്ടു നൂറ്റാണ്ടുകൾക്കുമുമ്പ് ചേപ്പാട് മാർ ദീവന്നാസ്യോസ് പണിയിച്ചതാണ് പള്ളിമേടയും പടിപ്പുരമാളികയും. പടിപ്പുരമാളികയുടെ സ്ഥാനത്താണ് ഇപ്പോൾ കുരിശിൻതൊട്ടി സ്ഥിതിചെയ്യുന്നത്.

1918–ൽ ഇടവക ചേപ്പാട് മാർ ദീവന്നാസ്യോസിന്റെ സ്മരണയ്ക്കായി P.M.D.U.P. School ആരംഭിച്ചു. 2003–ൽ തിരുമേനിയുടെ നാമത്തിൽ M.D.M. English Medium Public School ആരംഭിച്ചു.

1953–ൽ ഈ പള്ളി പുതുക്കി പണിതു. ഇതോടൊപ്പം പള്ളിയുടെ മുൻവശത്ത് കുരിശിൻ തൊട്ടിയും വി. മദ്ബഹായുടെ തെക്കുവശത്ത് കബർ മുറിയും പണിതു. 1956 ഒക്ടോ. 31–ാം തീയതി തിരുമേനിയുടെ ചരമ ശതാബ്ദി (ജൂബിലി) എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സലാസി ഉദ്ഘാടനം ചെയ്തു. ചക്രവർത്തിയുടെ സന്ദർശന വേളയിൽ എത്യോപ്യൻ കുരിശും വെള്ളി ധൂപക്കുറ്റിയും അംഹാറിക്ക് ഭാഷയിലുള്ള സ്വർണ്ണ ബയിന്റോടുകൂടിയ വി. വേദപുസ്തകവും എത്യോപ്യൻ പരവതാനിയും പള്ളിക്ക് സമ്മാനിച്ചു. 1980–ൽ ചേപ്പാട്ട് തിരുമേനിയുടെ 125–ാമത് ചരമ വാർഷിക ജൂബിലി ആഘോഷിച്ചു. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി സാധുജനസഹായ നിധി എന്ന പേരിൽ ഒരു പ്രസ്ഥാനം 1969 ആരംഭിച്ചു. ഇത് 1986–ൽ ചേപ്പാട് മാർ ദീവന്നാസ്യോസ് സൊസൈറ്റി എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു. ചേപ്പാട് തിരുമേനിയുടെ ഫൗണ്ടേഷൻ വകയായി ഒരു വൃദ്ധമന്ദിരം മാവേലിക്കര ഭദ്രാസനത്തിലെ പശ്ചിമ മേഖലയിലെ പള്ളികളുടെ ചുമതലയിൽ ചേപ്പാട്ട് നടത്തപ്പെടുന്നു. 150–ാം ഓർമ്മപ്പെരുന്നാളിൽ പ. ബസ്സേലിയോസ് മാത്യൂസ് ദ്വിതീയൻ ബാവാ ദേവാലയത്തെ മലങ്കരസഭയുടെ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചു.



ഫാ. കെ. എം. വർഗീസ് കളീക്കൽ
(വികാരി)

### തിരുമേനിയുടെ ജീവിത നാൾവഴി

പള്ളിപ്പാട്ടു ആഞ്ഞിലിമൂട്ടിൽ കുടുംബാംഗമായ ഫിലിപ്പോസ് ദീവന്നാസിയോസിന്റെ ജനനം 1781 നോടടുത്തായിട്ടാണ് പറയുന്നത്. കോട്ടയം വൈദിക സെമിനാരിയിലെ ഒരു മല്പാനായി 1825 വരെ സേവനമനുഷ്ഠിച്ചു. പുന്നത്ര ദിവന്നാസിയോസിന്റെ അകാലമരണത്തെ തുടർന്നു പിൻഗാമിയായിട്ട് ഇദ്ദേഹത്തെ ഒരു കുറിയിട്ടെടുപ്പിലൂടെ 1825–ൽ തെരഞ്ഞെടുത്തു. ആഗസ്റ്റ് മാസം 29–ാം തീയതി ഞായറാഴ്ച കോട്ടയം ചെറിയ പള്ളിയിൽ വച്ചു തോഴിയൂർ സഭയുടെ കിടങ്ങൻ മാർ പീലക്സീനോസിനാൽ ദിവന്നാസിയോസ് എന്ന നാമത്തിൽ ഇദ്ദേഹം മെത്രാനായി അഭിഷിക്തനായി. ഫീലക്സീനോസിന്റെ സഹായിയായി 1829 വരെ സേവനം ചെയ്തു.

പീലക്സിനോസിന്റെ മരണം 1829–ൽ സംഭവിച്ചു. മാർച്ച് മാസത്തിൽ മലങ്കര മെത്രാപ്പോലീത്തയായി ദിവന്നാസിയോസിനു വിളംബരം ലഭിച്ചു. ഫീലക്സിനോസിനു ഒരു പിൻഗാമിയേയും ദിവന്നാസിയോസ് വാഴിച്ചുകൊടുത്തു. പുതിയ നിയമത്തിന്റെ മലയാള പരിഭാഷ പ്രസിദ്ധീകരിച്ചത് ഈ സമയത്തായിരുന്നു. ദീവന്നാസിയോസ് ഈ സംരംഭത്തിൽ ഉത്സാഹത്തോടെ സഹകരിച്ചതായി സാക്ഷ്യമുണ്ട്.

1830–നും 1836–നു മിടയിൽ മിഷനറിമാരുടെ കുതന്ത്രങ്ങളും എതിരാളികളുടെ ഏഷണികളും ഒക്കെ സംഘർഷം വർദ്ധിപ്പിച്ചു. പരിഹരിക്കുവാൻ നിവൃത്തിയില്ലാത്ത ഘട്ടത്തിലെത്തിച്ചു. ആംഗ്ലിക്കൻ സഭയുടെ കൽക്കട്ടാ ബിഷപ്പ് ദാനിയേൽ വിൽസൺ 1835–ൽ വരുന്നതും ആറു നിർദ്ദേശങ്ങൾ പരിഹാരാർത്ഥം സമർപ്പിക്കുന്നതും 1836–ൽ മാവേലിക്കരയിൽ ദിവന്നാസിയോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സുന്നഹദോസ് വിൽസന്റെ നിർദ്ദേശങ്ങളെ അപ്പാടെ നിരാകരിച്ച് മിഷനറി മാരുമായുള്ള സഹകരണം അവസാനിപ്പിച്ചതായി പ്രഖ്യാപിച്ചു.

ദീവന്നാസിയോസ് അവസാനകാലം സ്വദേശമായ ചേപ്പാട്ടുപള്ളിയിൽ കഴിച്ചുകൂട്ടുകയും 1855 കന്നിമാസം 26–ന് കാലം ചെയ്കയും ചെയ്തു.

# യോസ് മെത്രാപ്പോലീത്തായുടെ 30 മുതൽ ഒക്ടോ. 12 വരെ

## പ്രോഗ്രാം

**2007 സെപ്റ്റംബർ 30 ഞായർ**

| | |
|---|---|
| രാവിലെ | : **വി. കുർബ്ബാന** **അഭി. പൗലോസ് മാർ പക്കോമിയോസ്** |
| 10.30 a.m. | : കൊടിയേറ്റ് |

**2007 ഒക്ടോബർ 2 ചൊവ്വ**

| | |
|---|---|
| 10.00 a.m. | : മാവേലിക്കര ഭദ്രാസന യുവജന സംഗമം. |

**3–10–2007 ബുധൻ, വ്യാഴം,**

| | |
|---|---|
| 7.00 p.m. | : സുവിശേഷയോഗം |

**5–10–2007 വെള്ളി**

| | |
|---|---|
| 10.00 a.m. | : ധ്യാനം, 7.00 p.m. : സുവിശേഷയോഗം |

**6–10–2007 ശനി**

| | |
|---|---|
| 10.00 a.m. | : അഖില മലങ്കര സൺഡേസ്ക്കൂൾ അദ്ധ്യാപക മേഖലാ സമ്മേളനം |
| 7.00 p.m. | : സുവിശേഷയോഗം |

**7–10–2007 ഞായർ,തിങ്കൾ,ചൊവ്വ**

| | |
|---|---|
| 7.00 a.m | : **വി. കുർബ്ബാന** |

**10–10–2007 ബുധൻ**


| | |
|---|---|
| 7.00 a.m | : **വി. കുർബ്ബാന** |
| 2.00 p.m. | : ചേപ്പാട് മാർ ദീവന്നാസിയോസ് അനുസ്മരണ സമ്മേളനം പി.എം.ഡി. യുപിഎസിൽ വച്ച്. നവതി ആഘോഷ ഉദ്ഘാടനം. അഭി. തിരുമേനിമാർ, ബഹു. മന്ത്രിമാർ, സാംസ്ക്കാരിക നായകന്മാർ സംബന്ധിക്കുന്നു. സാധുജന സഹായ വിതരണം. |

**11–10–2007 വ്യാഴം**

| | |
|---|---|
| 7.00 a.m | : **വി. കുർബ്ബാന** |
| 6.00 p.m. | : സന്ധ്യാനമസ്ക്കാരം |
| 7.00 p.m. | : പ്രസംഗം, |
| 8.00 p.m. | : റാസ, കരിമരുന്ന് പ്രയോഗം |

**12–10–2007 വെള്ളി**

| | |
|---|---|
| 7.30 a.m | : നമസ്ക്കാരം, **വി. അഞ്ചിന്മേൽ കുർബ്ബാന** പ. കാതോലിക്കാ ബാവാ, നിയുക്ത കാതോലിക്കാ ബാവാ, അഭി. സഖറിയാസ് മാർ അന്തോണിയോസ്, അഭി. കുറിയാക്കോസ് മാർ ക്ലീമ്മീസ്, അഭി. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് |
| 8.30 a.m | : പദയാത്രികർക്ക് സ്വീകരണം. |
| 11.00 a.m | : ശ്ലൈഹിക വാഴ്വ്, പെരുന്നാൾ സദ്യ |
| 3.00 p.m | : വി. റാസ, ആശീർവാദം, കൊടിയിറക്ക്, നേർച്ചവിളമ്പ് |



## പള്ളി നർമ്മങ്ങൾ

ചിന്താശേഷിയും ഭാവനയും നിറഞ്ഞവരാണ് നമ്മുടെ സൺഡേ സ്ക്കൂൾ കുട്ടികൾ. അവരോട് അല്പ സമയം സംസാരിച്ചിരുന്നാൽ നമുക്കത് വ്യക്തമാകും. സൺഡേസ്ക്കൂൾ കുട്ടികൾ ചോദിച്ച കുറെ ഉത്തരം മുട്ടിക്കുന്ന ചോദ്യങ്ങളും അവർ തന്നെ നല്കിയ മറുപടിയും ശ്രദ്ധിക്കുക.

### മൂന്ന് റഷ്യാക്കാർ

വി. കുർബ്ബാനക്രമത്തിൽ ഓർക്കുന്ന മൂന്ന് റഷ്യാക്കാരുടെ പേരുകൾ പറയാമോ?

– എന്തെങ്കിലും ക്ലൂ?

– പ്രഭാത നമസ്ക്കാരത്തിലാണത്...

– പിടി കിട്ടുന്നില്ല  സുല്ല്!

ചാവേക്കീ, ഴാക്കി, ബലവാൻസ്ക്കീ എന്നിവരാണ് ആ മൂന്നുപേർ അതിൽ 'ബലവാൻ സ്ക്കീ' പായിലുറങ്ങിയെന്ന് ഒരു വിരുതൻ പറഞ്ഞു വച്ചു.

*  *  *  *

### കുടുംബപ്പേര്

ചോദ്യം: മനോരമക്കാരെ ഓർക്കാറുണ്ടോ?

– ഇതെന്തു ചോദ്യം പുള്ളേ

ഉത്തരം: അമ്പരക്കേണ്ട ഉണ്ട്! കുടുംബപ്പേരാണ് കേട്ടോ

"വിധി നിലയേ  ദയ കണ്ടെത്തീ–" (കണ്ടത്തിൽ)

*  *  *  *

### 'അങ്കിൾ'


സൂര്യനേയും ചന്ദ്രനേയുമൊക്കെ ബഹുമാന പൂർവ്വം അഭിസംബോധന ചെയ്യുമോ സാർ...

ഇല്ല കുഞ്ഞേ

എന്നാലതും സന്ധ്യാ നമസ്ക്കാര പുസ്തകത്തിൽ ചിലർ വായിക്കാറുണ്ട് പകൽ 'സൂര്യനങ്കിളും' രാത്രി "ചന്ദ്രനങ്കിളും" നിന്നെ ഉപദ്രവിക്കുകയില്ല.

ഞങ്ങൾ പരമസുല്ല് പറഞ്ഞു പിരിഞ്ഞു!

ഇല്ലായ്മയുടെ കാലങ്ങളെ മറയ്ക്കുവാൻ ശ്രമിക്കുന്ന ഒരു കാലഘട്ടത്തിൽ, ഇല്ലായ്മയുടെ ചുറ്റുപാടുകളെ സന്തോഷത്തോടെ സ്വീകരിച്ച പിതാക്കന്മാരെ മറക്കുവാൻ നമുക്ക് കഴിയില്ല. ഇന്ന് പടർന്നുപന്തലിച്ച് എഴുപത്തിയഞ്ച് ഇടവകകളുമായി നില്ക്കുന്ന മുംബൈ ഭദ്രാസനത്തിന്റെ ബാലാരിഷ്ടതകളുടെ കഥകളിൽ മാർ തെയോഫിലോസിന്റെ കണ്ണീരും ചവർപ്പും ഉണ്ട്.



# മാർ തെയോഫിലോസ്
# - സ്നേഹത്തിന്റെ വാടാമലരുകൾ

**കൊച്ചുമോൻ, മുംബൈ**

ബാഹ്യകേരള ഭദ്രാസനം വിഭജിച്ച് മുംബൈ ഭദ്രാസനം ജന്മം പൂണ്ടപ്പോൾ അതിന്റെ ബാല്യത്തിന് യൗവനത്തിന്റെ പ്രസരിപ്പോടും ഒരു പ്രവാചകന്റെ ദീർഘവീക്ഷണത്തോടും നടുനായകത്വം വഹിച്ചത് അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായായിരുന്നു.

അങ്കമാലി–തൃക്കുന്നത്തു സെമിനാരി സംഭവത്തിന്റെ കണ്ണീരിലും എതിർചേരിയുടെ ആക്രോശങ്ങളുടെ നടുവിലുമാണ് മുംബൈ ഭദ്രാസനത്തിന്റെ നായകത്വം അദ്ദേഹം ഏറ്റെടുത്തത്.

അന്ന് മുംബൈ ഭദ്രാസനത്തിൽ നാലു പള്ളികളാണുണ്ടായിരുന്നത്. ദാദർ, ചെമ്പൂർ, കല്യാൺ, മലാഡ്. ശൈശവത്തിന്റെ പോരായ്മകൾ പോലെ തിരുമേനിക്കു വസിക്കുവാൻ സ്ഥലം ഇല്ല. ചെമ്പൂർ ഇടവക പ്രത്യേകമായി പരിശ്രമിച്ച് അതിനുള്ള താല്ക്കാലിക വഴി കണ്ടെത്തി. ചെമ്പൂർ പള്ളിയുടെ ആഫ്ളാറ്റിൽ താമസിച്ചകൊണ്ടാണ് മുംബൈ ഭദ്രാസനത്തിന്റെ അതിർവരമ്പുകളെ സ്വപ്നം കണ്ട് പ്രവർത്തനം അദ്ദേഹം ആരംഭിച്ചത്.

**അരിഷ്ടതയുടെ ചില കാണാപ്പുറങ്ങൾ**

ആദ്യകാലത്ത് സ്വന്തമായി വണ്ടിയില്ല. ചെമ്പൂർ താമസിച്ചുകൊണ്ട് ബസിലും ട്രയിനിലുമായി യാത്ര ചെയ്തിരുന്നു. ആ കാലങ്ങളിൽ ബഥനിയിലെ ലാസറച്ചനായിരുന്നു സെക്രട്ടറി.

ഒരിക്കൽ ദാദറിൽനിന്നും കല്യാണിലേക്ക് തിരുമേനിയും ലാസറച്ചനും പോകവെ, ദാദർ സ്റ്റേഷനിൽനിന്നും ടിക്കറ്റെടുക്കുവാൻ ലാസറച്ചനെ ചുമതലപ്പെടുത്തി. യാത്രയുടെ ബുദ്ധിമുട്ടും ആൾത്തിരക്കും കാരണം ലാസറച്ചൻ ഒന്നാം ക്ലാസ്സ് ടിക്കറ്റെടുത്തു. എന്നാൽ തിരുമേനി ഒന്നാം ക്ലാസ്സിൽ യാത്ര ചെയ്യുവാൻ കൂട്ടാക്കിയില്ല. ലാസറച്ചനെയും കൊണ്ട് ആ ടിക്കറ്റ് ക്യാൻസൽ ചെയ്യിച്ച് സാധാരണ ബോഗിയിലാണ് അവർ യാത്ര ചെയ്തത്. കല്യാൺ സ്റ്റേഷനിലെ തിരക്കുകാരണം ലാസറച്ചനിറങ്ങുവാൻ കഴിഞ്ഞില്ല. അച്ചൻ അടുത്ത സ്റ്റേഷനിലാണ് ഇറങ്ങിയത്.

1979 മുതൽ തിരുമേനിയെ നേരിട്ടറിയുന്നതുകൊണ്ട് തിരുമേനിയുടെ പല പ്രതിസന്ധികളും നന്നായി അറിയാമായിരുന്നു. പാസ്ബുക്കിലെ ചുവന്ന വരകൾ കാണിച്ചിട്ട് "ഇതെല്ലാം ഓവർ ഡ്രാഫ്റ്റാണ് കൊച്ചുമോനെ", എന്ന് പറയുമായിരുന്നു. ഇല്ലായ്മകളിലും പരിഭവങ്ങൾ അദ്ദേഹത്തിനില്ലായിരുന്നു.

തിരുമേനിക്ക് ഒരു കാർ വാങ്ങിക്കുവാൻ ദാദർ പള്ളിയിൽ കൂടിയ മീറ്റിങ്ങിനുശേഷം അത് എങ്ങനെയായിരിക്കണം എന്നന്വേഷിച്ചപ്പോൾ, ഞാൻ സഭയുടേതാണ്. അതിനാൽ സഭയ്ക്കു വേണ്ടി ഭദ്രാസനത്തിന്റെ പേരിൽ വാങ്ങിയാൽ മതി എന്ന് നിഷ്കർഷിച്ചു.

**സ്നേഹത്തിന്റെ**
**കാരുണ്യസ്പർശങ്ങൾ**

തിരുമേനിയുമായി അടുത്ത ആരും ആ സ്നേഹത്തിന്റെ അലിവ് അനുഭവിക്കാതെ പോയിട്ടില്ല. ആ കാരുണ്യസ്പർശം ജാതിമതചിന്തകൾക്കതീതമായിരുന്നു എന്നതും പ്രസ്താവ്യമാണ്.

രണ്ടു സംഭവങ്ങൾ എന്റെ ഓർമ്മയിൽനില്ക്കുന്നു. ലാത്തൂർ ഭൂകമ്പത്തിന്റെ തീവ്രതയാണ് ഒന്ന്. ഭൂകമ്പം ഉണ്ടായി എന്നു കേട്ടമാത്രയിൽ അതിന്റെ കാര്യങ്ങളെ മനസ്സിലാക്കി സഹായഹസ്തവുമായി മുംബൈ ഭദ്രാസനം ഉണർന്നു. ബഹു. കോശി അലക്സ് അച്ചന്റെ നേതൃത്വത്തിൽ സഹായങ്ങളുമായി ഒരു ടീമിനെ ഉടനെ ക്രമീകരിക്കുവാൻ തിരുമേനിക്ക് കഴിഞ്ഞു. എം.പി. കൊച്ചുകുഞ്ഞ് വാഹനങ്ങൾ ക്രമീകരിച്ചു.

രണ്ടാമത് കുവൈറ്റ് യുദ്ധത്തെ തുടർന്നുണ്ടായ അഭയാർത്ഥി പ്രവാഹമാണ്. ഉടനെ അടിയന്തിര മീറ്റിങ് വിളിച്ചുകൂട്ടി എങ്ങനെ സഹായിക്കാം എന്ന് ചിന്തിച്ചു. പണത്തിന്റെ ആവശ്യം ധാരാളം, കൂടിയവർ പള്ളിക്കാരും വ്യക്തികളും–ഒന്നും മിണ്ടുന്നില്ല. തിരുമേനി തന്നെ എന്റെ വക 50,000 രൂപ എന്നു പറഞ്ഞു. തുടർന്ന് പണത്തിന്റെ ഒഴുക്കായിരുന്നു. മുംബൈ ഓർത്തഡോക്സ് പള്ളികൾ കേന്ദ്രീകരിച്ച് നമ്മുടെ ആൾക്കാരുടെ ഭവനങ്ങളിലും ദേവാലയങ്ങളിലുമായി ചെയ്ത സഹോദരസ്നേഹത്തെ പത്രമാധ്യമങ്ങൾ കീർത്തിക്കുകയുണ്ടായി. എഴുപതിനായിരത്തോളം ആളുകളാണ് അന്ന് അതിന്റെ ഗുണഭോക്താക്കളായത്.

തിരുമേനിയുടെ മെത്രാഭിഷേക ജൂബിലി ആഘോഷിക്കുവാൻ ഭദ്രാസനത്തിൽ തീരുമാനം ഉണ്ടായപ്പോൾ അദ്ദേഹം പറഞ്ഞത് ഞാനിന്നുമോർക്കുന്നു. "ഞങ്ങൾ മൂന്നു പേരാണ് ഒന്നിച്ച് പട്ടമേറ്റത്. അതിലൊരാൾ പോയി. ബാക്കി ഞങ്ങൾ രണ്ടുപേരുണ്ട്. (ഇപ്പോഴത്തെ പ. ബാവാതിരുമേനി). ഞങ്ങൾ രണ്ടുപേരുടെയും ഒന്നിച്ച് ആഘോഷിച്ചാൽ മതി."



# വിശ്വാസപാഠം

## കഷ്ടതയും പ്രയാസങ്ങളും ശാപമാണോ?

- ഗീവർഗ്ഗീസ് കൊല്ലന്റഴികം, കൊട്ടറ

കഷ്ടതയും പ്രയാസങ്ങളും ഉണ്ടാകുന്നത് ജീവിതത്തിലെ യാഥാർത്ഥ്യങ്ങളാണ്. മനുഷ്യന്റെ പാപവും അതുവഴി സൃഷ്ടിമുഴുവന്റെയും മലിനീകരണവും അതിന്റെ പിന്നിലുണ്ടെന്ന വസ്തുതയും നിഷേധിക്കാവുന്നതല്ല. സൃഷ്ടിയുടെ ആരംഭത്തിൽ തന്നെ അതു നമുക്ക് ദർശിക്കാവുന്നതാണല്ലോ (ഉല്പത്തി 3:12-20). എന്നാൽ ഓരോ വ്യക്തിയുടേയും പാപഫലമായി അയാൾക്ക് ലഭിക്കുന്ന ശാപമാണ് കഷ്ടതയും നിരപരാധികൾ പലരും കഷ്ടതയിലാകുന്നതും വേദപുസ്തക യാഥാർത്ഥ്യമാണ് (മത്തായി 2:16). ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നെ സകലവും നന്മയ്ക്കായി വ്യാപരിക്കുന്നു (റോമ 8:28) എന്നും വേദപുസ്തകം സാക്ഷിക്കുന്നുണ്ട്. അങ്ങനെയെങ്കിൽ കഷ്ടതയും പ്രയാസങ്ങളുമൊക്കെ അനുഗ്രഹത്തിന് കാരണമാകുന്നു എന്നു വേണം കരുതുവാൻ. "നീതി നിമിത്തം പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാൻമാർ, സ്വർഗ്ഗരാജ്യം അവർക്കുള്ളത്" (മത്തായി 5:10-12) എന്നാണ് കർത്താവ് പറയുന്നത്. "ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട് എങ്കിലും ധൈര്യപ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു (യോഹ. 16:33) എന്നതും കർത്താവിന്റെ വചനമാണ്. കഷ്ടതയുടെ പാരമ്യത ദൈവ ദർശനവും അതുവഴിയുള്ള മഹത്വീകരണവുമാണ്. ആകയാൽ ശാപമെന്ന മനുഷ്യതിന്മയുടെ ഫലം കഷ്ടതയിലുണ്ടെങ്കിലും ഓരോ വ്യക്തിക്കും സമൂഹത്തിനുമൊക്കെയുണ്ടാകുന്ന കഷ്ടത അവരുടെ മാത്രം കുഴപ്പമാണെന്ന് ധരിക്കരുത്.

ഇന്ന് പലയിടങ്ങളിലും ശാപവിമുക്തി ശുശ്രൂഷകളും മറ്റും നടക്കുന്നുണ്ട്. അവിടെയൊക്കെയുള്ള ഊന്നൽ ഈ ലോകത്തിലെ സുഖം കിട്ടാൻ ശാപത്തിൽ നിന്നു മുക്തി നേടുക എന്ന (prosperity gospel) ചിന്തയായതുകൊണ്ട് അവയിൽ കാണുന്നത് ദൈവനിന്ദയും അഹങ്കാരവുമാണെന്ന് പറയാതിരിക്കാൻ നിവർത്തിയില്ല. മനുഷ്യൻ പുതുക്കപ്പെടണം; അനുതപിക്കണം; തെറ്റിൽ വീഴാതിരിക്കുവാൻ പ്രാർത്ഥിക്കണം. ജീവിത വിശുദ്ധിയും അതുവഴിയുള്ള അന്തരീക്ഷ വിശുദ്ധിയും കാത്തുസൂക്ഷിക്കുവാൻ ശ്രദ്ധിക്കണം. പ്രവർത്തിയും പ്രസംഗവും സമന്വയിക്കണം. വെറുതെ ശബ്ദമുണ്ടാക്കി അന്തരീക്ഷമലിനീകരണം നടത്തരുത്. മനുഷ്യൻ ദൈവസൃഷ്ടിയുടെ മകുടവും കാര്യവിചാരകനുമാകയാൽ പാപത്തിൽ വീഴാതെ ജീവിക്കുക. അതാണ് ഉത്തമം.

**- ജെ. പി.** ■

---

▶

തിരുമേനിയുടെ താല്പര്യപ്രകാരം അങ്ങനെതന്നെയാണ് ചെയ്തത്.

പത്തുവർഷക്കാലം ഹ്രസ്വമായ ഒരു കാലമാണ്. പക്ഷേ, വേർപാടിന്റെ പത്തുവർഷങ്ങൾ അദ്ദേഹത്തെ സ്നേഹിച്ചവർക്ക് പത്തു നൂറ്റാണ്ട് പോലെയാണ്. കോലഞ്ചേരി ആശുപത്രിയിൽവച്ച് 1992 സെപ്റ്റംബർ 6-ന് അദ്ദേഹത്തെ അവസാനമായി കണ്ടതും ഓർക്കുന്നു പാവനമായ ജീവിതത്തിലൂടെ പരമാത്മാവിന്റെ സവിധത്തിലെത്തിയ പിതാവിന്റെ പ്രാർത്ഥനയിലഭയം തേടുന്നു. ■


## വധുവിനെ ആവശ്യമുണ്ട്

കോട്ടയം ജില്ല, ഓർത്തഡോക്സ് യുവാവ് (36 വയസ്സ്) 165 c.m. B.com + Computer. ഒരു സ്ഥാപനത്തിൽ പാർട്ട്-ടൈം ജോലി. ആത്മീക പ്രസ്ഥാനങ്ങളിൽ സജീവമായി പ്രവർത്തിക്കുന്നു. ദത്തുനിൽക്കുന്നതിനും, ജോലി മാറുന്നതിനും തടസ്സമില്ല. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

Contact no:

**09447081663**
**0481-2581663**



## ഇൻഡ്യൻ ഓർത്തഡോക്സ് സഭാചരിത്ര വിജ്ഞാനകോശം

### 2007 ഡിസംബറിൽ പ്രസിദ്ധീകരിക്കുന്നു

സഭാ ചരിത്ര സംബന്ധമായ ഈ നൂറ്റാണ്ടിലെ അതുല്യ റഫറൻസ് ഗ്രന്ഥം. 3000 ശീർഷകങ്ങൾ. 800-ൽ പരം പേജ്. ചതുർവർണ്ണ കവർ, ഓഫ്സെറ്റ് അച്ചടി.

മലങ്കരസഭാ ചരിത്രത്തിന് മുഖ്യമായും ഊന്നൽ നൽകിക്കൊണ്ട് ദീർഘനാളത്തെ പരിശ്രമഫലമായി ശ്രദ്ധാപൂർവ്വം തയ്യാറാക്കിയിരിക്കുന്ന അതുല്യമായ ഒരമൂല്യ ഗ്രന്ഥമാണീ ചരിത്രവിജ്ഞാനകോശം. സഭാവിജ്ഞാന സാഗരത്തെ കടഞ്ഞെടുത്തു അറിവിന്റെ അമൃതിനെ ഒരു കുടത്തിൽ ഒതുക്കി കനകനിധി കണക്കെ താങ്കളുടെ കരങ്ങളിൽ സസന്തോഷം സമർപ്പിക്കുന്നു.

പള്ളികൾക്കും, വികാരിമാർക്കും, വൈദീക വിദ്യാർത്ഥികൾക്കും, സഭാ സ്ഥാപനങ്ങൾക്കും സഭാ സ്ഥാനികൾക്കും സൺഡേസ്ക്കൂൾ അദ്ധ്യാപകർക്കും, ആദ്ധ്യാത്മിക പ്രവർത്തകർക്കും സഭാ സ്നേഹികൾക്കും ഒഴിച്ചു കൂടാനാവാത്ത ഉത്തമ റഫറൻസ് ഗ്രന്ഥം. ഒരു വലിയ സഭാ നിഘണ്ടുവിന്റെ പരിധിയിലും ഉൾക്കൊള്ളിക്കാനാവാത്ത സവിശേഷ വിജ്ഞാനകോശം സഭയുടെ ഒരു മുതൽക്കൂട്ടാണ്.

**ഗ്രന്ഥകർത്താ: ഫാ. ഡോ. ജോസഫ് ചീരൻ**

**അവതാരിക**: ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലൂസ് മാർ മിലിത്തിയോസ്

**പ്രസാധകൻ**: കെ. വി. മാമ്മൻ, കോട്ടയ്ക്കൽ പബ്ലീഷേഴ്സ്, പി.ബി. നമ്പർ 10, മാങ്ങാനം, കോട്ടയം-18, ഫോൺ: 0481-2578936

**വില 500 രൂപ. പ്രീ പബ്ലിക്കേഷൻ വില 350 രൂപ**

(2007 നവംബർ 15 വരെ പോസ്റ്റേജ് പുറമേ. ചെക്കാണെങ്കിൽ 30 രൂപ കൂടുതൽ). ഭദ്രാസനങ്ങളോ, പള്ളികളോ മുൻകൂർ പണമടച്ച് 10 കോപ്പി ബുക്കി ചെയ്യുന്നപക്ഷം 3000 രൂപ നൽകിയാൽ മതി. (പോസ്റ്റേജ് പുറമേ).

സഭാകാര്യം

റോയി കെ. ജോർജ്ജ്
(സഭാ മാനേജിംഗ് കമ്മറ്റി മെമ്പർ)

# മദ്രാസ് ഭദ്രാസനം : യൗവ്വനപ്രസരിപ്പോടെ മുന്നോട്ട്

മദ്രാസ് ഭദ്രാസനം രൂപീകൃതമായതിന്റെ 25-ാം വാർഷിക ആഘോഷം കഴിഞ്ഞിട്ട് രണ്ട് വർഷം കൂടി പിന്നിട്ടിരിക്കുന്നു. ഇന്ന് 27-ന്റെ യൗവനപ്രസരിപ്പോടെ കുതിച്ചുയരുന്ന ഭദ്രാസനം വ്യക്തമായ ലക്ഷ്യബോധത്തോടെ, പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി അസൂയവഹമായി മുന്നേറി കൊണ്ടിരിക്കുന്നു. ഭാഗ്യസ്മരണാർഹനായ സഖറിയാ മാർ ദിവന്നാസിയോസ് തിരുമേനിയുടെ പ്രാർത്ഥനയും ആത്മീയ സാന്നിദ്ധ്യവും ഭദ്രാസന വികസനത്തിന്റെ അടിസ്ഥാന ശിലയാണ്. ഭദ്രാസനാധിപനായ അഭി. ഡോ. യാക്കൂബ് മാർ ഐറേനിയസ് തിരുമേനി ചുമതല ഏറ്റിട്ടു ഏകദേശം 10 വർഷം പിന്നിട്ടിരിക്കുന്നു. സഭയ്ക്കുള്ളിലും, പുറത്തും, ദേശീയ അന്തർദേശീയ തലങ്ങളിലും കഴിവുകൾ തെളിയിക്കപ്പെട്ട വ്യക്തിത്വത്തിന്റെ ഉടമ എന്നനിലയിൽ അഭിവന്ദ്യ തിരുമേനി ഭദ്രാസനത്തിന് അഭിമാനവും, അനുഗ്രഹവും, മുതൽകൂട്ടുമാണ്.

> ...13 വില്ലേജുകളിൽ തെലുങ്കരായ മിഷനറിമാരെ ഉപയോഗിച്ച് ഏകദേശം 300 കുടുംബങ്ങൾക്കിടയിൽ സുവിശേഷവേല നിർവ്വഹിക്കുന്നു. ഓർത്തഡോക്സ് വിശ്വാസം തെലുങ്ക് സമൂഹത്തിൽ സമന്വയിപ്പിക്കുക എന്നതാണ് ഈ നൂതന ആശയം.

**പുതിയ ഭദ്രാസന ആസ്ഥാനം**

അണ്ണാനഗർ, പെരമ്പർ എന്നീ രണ്ട് സ്ഥലങ്ങൾ ഉപേക്ഷിച്ചാണ് വിനായകപുരത്ത് ആസ്ഥാനം ഉറപ്പിച്ചത്. എന്നാൽ ഭദ്രാസന ആസ്ഥാനം ജനങ്ങളിൽ നിന്ന് വളരെയേറെ ഒറ്റപ്പെട്ടു എന്ന തോന്നൽ അന്നുമുതൽ തന്നെ ജനങ്ങളുടെ മനസ്സിൽ ഉണ്ടായിരുന്നു. സിറ്റിയ്ക്കുള്ളിലേക്ക് ആസ്ഥാനം തിരിച്ചുകൊണ്ടുവരണം എന്നത് നമ്മുടെ ധാരാളം ആളുകളുടെ സ്വപ്നം ആയിരുന്നു. നമ്മുടെ ആളുകൾ തിങ്ങിപ്പാർക്കുന്ന, നഗരത്തിന്റെ ഹൃദയഭാഗം എന്നു വിശേഷിപ്പിക്കാവുന്ന മേഹമേത്താ നഗറിലെ രാജേശ്വരി സ്ട്രീറ്റിൽ ദൈവം അതിന് വഴിയൊരുക്കി. 15 സെന്റ് സ്ഥലവും മൂന്ന് നില കെട്ടിടവും, താല്കാലിക ഭദ്രാസന ആസ്ഥാനം ഭംഗിയായി പ്രവർത്തിക്കുവാൻ ആവശ്യമയ എല്ലാ ക്രമീകരണങ്ങളോടുംകൂടിയ ഭവനം 2006 ഫെബ്രുവരി 16-ാം തീയതി പരിശുദ്ധ ബാവാ തിരുമേനിയുടെ പേരിൽ ആധാരം രജിസ്റ്റർ ചെയ്തു. തിരുമേനിക്ക് ലഭിച്ച സ്വകാര്യകൈമുത്തു കളും, യാത്രപ്പടികൾപോലും ഈ ആവശ്യത്തിനുവേണ്ടി മാറ്റിവച്ചു എന്നതും പ്രത്യേകം സ്മരണീയമാണ്. ഇടവകകളുടെ കൂട്ടത്തിൽ ഏറ്റവും വലിയ തുക നൽകി സഹകരിച്ചത് മദ്രാസ് ബ്രോഡ്‌വേ കത്തീഡ്രൽ ഇടവകയാണ്, 15 ലക്ഷം രൂപ, ഭദ്രാസനത്തിലെ എല്ലാ വൈദികരും ഒരു മാസത്തെ ശമ്പളം നൽകി മാതൃക കാട്ടി.

**ഹോം ഫോർ ഡിഫറൻഷ്യലി ഏബിൾഡ്** (Home for Differentially abled)

ഭദ്രാസന ആസ്ഥാനം പുതിയ അരമനയിലേക്ക് മാറ്റുമ്പോൾ വിനായകപുരത്തുള്ള വിശാലമായ സൗകര്യം അംഗവൈകല്യമുള്ള കുഞ്ഞുങ്ങൾക്ക് വളരെ മാതൃകാപരമായ ഒരു ജീവകാരുണ്യസംരംഭത്തിന് പ്രയോജനപ്പെടുത്തണം എന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന സ്ഥാപനമാണ് ഇത്.

**ആന്ധ്രാ മിഷൻ**

ശാരീരികവും മാനസികവുമായ വൈകല്യമുള്ള 25 കുട്ടികളെ വളർത്തുന്ന ഒരു 'ദയാഭവനം'. വൈദിക പഠനത്തിനെത്തുന്ന വിദ്യാർത്ഥികളുടെ പ്രീ-സെമിനാരി ട്രെയിനിംഗ് എന്ന നിലയിൽ അവരുടെ സേവനം ഇവിടെ വിനിയോഗിക്കുന്നു. 13 വില്ലേജുകളിൽ തെലുങ്കരായ മിഷനറിമാരെ ഉപയോഗിച്ച് ഏകദേശം 300 കുടുംബങ്ങൾക്കിടയിൽ സുവിശേഷവേല നിർവ്വഹിക്കുന്നു. ഓർത്തഡോക്സ് വിശ്വാസം തെലുങ്ക് സമൂഹത്തിൽ നട്ടുവളർത്തി ഒരു പുതിയ വിശ്വാസീ സമൂഹത്തെ രൂപപ്പെടുത്തുക എന്നതാണ് ഈ നൂതന

ആശയം.

**സ്നേഹഭവൻ, വെല്ലൂർ**

വെല്ലൂർ മെഡിക്കൽ കോളജിൽ ചികിത്സക്കായി എത്തുന്ന സാധാരണക്കാരായ രോഗികൾക്ക് ആശ്രയവും, അഭയസ്ഥാനവും ആയി പ്രവർത്തിക്കുന്ന സ്ഥാപനം ആണ് സ്നേഹഭവൻ. 5 സെന്റ് സ്ഥലവും 8 മുറികളുള്ള ഒരു കെട്ടിടവും അവിടെ ഉണ്ട്. 365 ദിവസവും അല്പം പോലും ഒഴിവില്ലാതെ ആളുകൾ വന്ന് താമസിച്ച് ചികിത്സ നടത്തി വരുന്നു. ബ്രോഡ്‌വേ കത്തീഡ്രൽ നൽകിയ മാരുതിവാൻ റയിൽവേസ്റ്റേഷനിൽ എത്തിച്ചേരുന്ന രോഗികളെ സ്നേഹഭവനിലേക്കും, ആശുപത്രിയിലേക്കും എത്തിക്കുവാൻ വളരെയധികം ഉപകരിച്ചുകൊണ്ടിരിക്കുന്നു. വെല്ലൂർ ഇടവകയുടെ സഹായവും സംരക്ഷണവും നല്ലതുപോലെ ലഭിക്കുന്നുണ്ട്.

**വിദ്യാഭ്യാസപ്രവർത്തനങ്ങൾ**

1. വിനായകപുരം അരമനയോട് ചേർന്ന് ഒരു പ്രൈമറി സ്കൂൾ, ഈ ഗ്രാമത്തിന്റെ മുഴുവൻ പ്രതീക്ഷയായി ഭംഗിയായി വളർന്നുവരുന്നു.

2. സെന്റ് മേരീസ് സ്ക്കൂളുകൾ; ആന്റമാൻ, നിക്കോബാർ ദ്വീപസമൂഹങ്ങളിൽ 4 പ്രൈമറി സ്കൂളുകൾ കഴിഞ്ഞ 2 വർഷമായി ആരംഭിച്ച് പ്രവർത്തിച്ചു വരുന്നു.

3. സെന്റ് മേരീസ് ഹയർ സെക്കന്ററി & ഡിഗ്രി കോളജ്, എൻ.ആർ.പുര, കർണ്ണാടക: മംഗലാപുരത്തിനടുത്തുള്ള നരസിംഹരാജപുരത്ത് 2005-ൽ ആണ് ഈ കോളജ് ആരംഭിച്ചത്. കോളജിനു വേണ്ടി 5 ഏക്കർ സ്ഥലം ഭദ്രാസനം സ്വന്തമായി വാങ്ങിച്ചിട്ടുണ്ട്. മാംഗ്ലൂർ യൂണിവേഴ്സിറ്റിയുടെ കീഴിലാണ് കോഴ്സുകൾ ആരംഭിച്ചിരിക്കുന്നത്.

4. സെന്റ് പോൾസ് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ, രാമഗുണ്ടം: മദ്രാസ് ഭദ്രാസനത്തിന്റെ മേൽനോട്ടത്തിൽ കഴിഞ്ഞ 17 വർഷമായി നടത്തി വരുന്ന ഈ സ്കൂൾ അഭി. തിരുമേനിയുടെ നിയന്ത്രണത്തിൽ ലഭിച്ചിട്ട് മൂന്നുവർഷമേ ആയിട്ടുള്ളു. മൂന്നുവർഷത്തിനുള്ളിൽ കരിംനഗർ വിദ്യാഭ്യാസ ജില്ലയിലെ ഏറ്റവും ഉയർന്ന നിലവാരം പുലർത്തന്ന സ്ക്കൂൾ എന്ന പദവിയിലേക്കുയർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ആയിരത്തിമുന്നൂറോളം കുട്ടികൾ ഇപ്പോൾ അവിടെ പഠിക്കുന്നു. അടുത്ത അദ്ധ്യാനവർഷം മുതൽ ഹയർസെക്കന്ററി ആയി ഉയർത്തുവാൻ വേണ്ട അംഗീകാരം ലഭിച്ചിട്ടുണ്ട്.

**ഗസ്റ്റ്ഹൗസുകൾ**

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ചെന്നൈ നഗരത്തിൽ വിദ്യാഭ്യാസത്തിനും ഉദ്യോഗാർത്ഥവും എത്തിച്ചേരുന്ന യുവതീയുവാക്കൾക്ക് താമസസൗകര്യം ഒരുക്കുക എന്ന ലക്ഷ്യമാണ് ഗസ്റ്റ്ഹൗസുകൾക്ക് ഉള്ളത്. കമ്പ്യൂട്ടർ ഐ.ടി മേഖലകളുടെ വികസനം ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നതിനാൽ ധാരാളം ആളുകൾ പട്ടണത്തിൽ എത്തിച്ചേരുന്നുണ്ട്. അവരുടെ താമസസൗകര്യം വളരെ ഗൗരവമുള്ള വിഷയമായി വളർന്നുകൊണ്ടും ഇരിക്കുന്നു.

**തൂത്തൂക്കുടി മിഷൻ (ബാലഭവനം)**

തൂത്തുക്കുടിയ്ക്കടുത്ത് ശ്രീശൈലേശ്വരത്ത് ബ്രദർ സ്ലീബായുടെ നേതൃത്വത്തിൽ ആരംഭിച്ച അശരണരായ ബാലന്മാരെ സംരക്ഷിക്കുന്ന ഈ സ്ഥാപനം ഭദ്രാസനം ഏറ്റെടുക്കുവാനുള്ള നടപടി ആരംഭിച്ചു കഴിഞ്ഞു. ഇപ്പോൾ ഈ സ്ഥാപനത്തിൽ 40-ഓളം കുട്ടികൾ വളരുന്നു.

**ഭദ്രാസന കൺവൻഷനുകൾ**

ഭദ്രാസനത്തിന്റെ മൂന്നു പ്രധാന കേന്ദ്രങ്ങളിൽ കഴിഞ്ഞ മൂന്നു വർഷമായി ആരംഭിച്ചു നടത്തിവരുന്ന സുവിശേഷ മഹായോഗങ്ങൾ ഇടവകകളെ കൂട്ടിയോജിപ്പിക്കുവാനും ജനങ്ങളെ നമ്മുടെ വിശ്വാസം പഠിപ്പിച്ച് അതിൽ ഉറപ്പിച്ച് നിർത്തുവാനും വളരെയധികം സഹായിച്ചുകൊണ്ടിരിക്കുന്നു. മദ്രാസ്, ബാംഗ്ലൂർ, ഹൈദരാബാദ് എന്നീ പ്രധാന പട്ടണങ്ങൾ കേന്ദ്രീകരിച്ചാണ് ഇപ്പോൾ കൺവൻഷനുകൾ നടക്കുന്നത്. എല്ലാ ഇടവകകളും സഹകരിച്ച് ഒരു സ്ഥലത്ത് എല്ലാവരും കേന്ദ്രീകരിച്ച് വളരെ വിജയകരമായി ഈ സംയുക്ത കൺവൻഷനുകൾ നടന്നുവരുന്നു.


**ഉപസംഹാരം**

വളരെവേഗം വളർന്നുകൊണ്ടിരിക്കുന്ന സമൂഹത്തിൽ പഴമയുടെ പാരമ്പര്യങ്ങളെ മുറുകെപ്പിടിച്ച് പുറം തിരിഞ്ഞുനിൽക്കാതെ, സ്വീകരിക്കാവുന്ന പുതുമകളെ സ്വീകരിച്ച് പുതിയ തലമുറക്ക് ഒരു ദിശാബോധം നൽകണം. വ്യക്തമായ ഒരു ലക്ഷ്യബോധം ഇന്ന് ഭദ്രാസനത്തിന് കൈവന്നിരിക്കുന്നു. ഇത് നഷ്ടപ്പെടുത്താതെ സൂക്ഷിക്കണം. പുതിയ ഭദ്രാസന ആസ്ഥാനം വളരെയേറെ പ്രവർത്തനങ്ങളെ ഏകീഭവിപ്പിക്കുന്ന കേന്ദ്രമായി വളരുവാൻ കഴിയും. ■


*For Favours Received*



ഒരു വിശ്വാസി



Dr. George Varughese Koppara

# Is Ozone Depletion hazardous to life on earth?

**September 16 "World Ozone Day**

The 'China Daily' asked Stephen Hawking, the great theoretical Physicist, about the environment, and he responded that he was "very much worried about Global warming than nuclear weapons" due to the presence of ozone depletion in the atmosphere and the destruction of rain forests. In 1994, the United Nations General Assembly voted to designate September 16 as "World Ozone Day", due to the importance incurred. The damage occurring to the ozone layer of earth is hazardous to the life on earth. Ozone layer is a portion of earth's atmosphere appears at an altitude of 20-30 Km in the stratosphere.

### Ozone depletion and its causes

The compound contains Chlorine, Flourine and Carbon is called Chlorofluorocarbon (CFC). The carbon tetra chloride and chloroform are important human produced ozone depleting gases that have been used in refrigerators, air-conditioners, in the form of blowing, cleaning of electronic components. The chlorine or bromine accounts for approx. 75-85% ozone damage. Perhaps the most destructive one is Chloroflouro Carbon (CFC). As $CFC_s$ are emitted, molecule floats towards the ozone rich stratosphere. When UV radiation contacts with CFC molecule, it liberates one chlorine atom. This chlorine atom destroys the ozone layer. The gas $CFC_s$ absorbing some of the infra-red emitted by earth's surface, thereby effectively heating the earth's surface. Thus 'Global warming' occurred in nature. CFC has a life span of 20-100 years. During volcanic eruption, Sulphur dioxide is released which is more dangerous than Chlorine. The Antarctic ozone hole is an area of the Antarctic stratosphere in which the recent ozone levels have dropped to as low as 33% of their pre-1975 values. The ozone hole occurs during the Antarctic spring, from September-December, over 50% of the lower stratospheric ozone is destroyed during the Antarctic spring.

### Consequences

Since the ozone layer absorbs UV-B light from the Sun. The Ozone layer is detrimental for human life. It is able to absorb harmful UV radiation, preventing its penetration to the earth's surface. Exposure of UV radiation damages DNA (Deoxy ribo Nucleic Acid). The DNA is especially sensitive to radiation with wave length in the range 280-315 Nm.

**1. Skin cancer**

Thus depletion of ozone layer causes skin cancer to human being, immuno-suppression, cataracts and snow blindness. Skin cancer is divided into two categories. Melanomia and Non-melanomia. The melanomia skin cancer is the more dangerous of the two .This type of cancer has the ability to spread quickly throughout the body and invade other cells. Jan Van der Leun, a Dutch scientist, explains that light hitting the outer layer of the skin, the epidermis, trigger the production of some substance which diffuse into the dermis below. The dermis is filled with blood vessels and the chemical substance cause them to dilate, making the skin red and warm to touch.

**2. Immuno- suppression.**

Ozone depletion also causes the disease immuno- suppression. When the UV radiation hits the skin, it causes Urocanic Acid (UCA) within the skin to change the molecular structure from trans-UCA to Cis –UCA. This transformation interacts with a number of cells in the skin and sends a signal to the immune system causing it to hinder its reaction. If the UCA has caused damage to the DNA, then the possibility exists for a cancer growth.

**3. Cortical Cataracts**

Like immuno suppression, the depletion of ozone layer cause an increased number of Cataract cases. Cataract is a condition which begins with a blurry vision and developed into blindness. It has proven that the UV rays can damage the DNA membrane and proteins in the eye.

#### 4. Effects on Crops

An increase of UV radiation would be expected to affect crops. A number of economically important species of plants, such as rice, depend on cyanobacteria residing on their roots for the retention of nitrogen. Cyanobacteria are sensitive to UV light and they would be affected by its increase. If a plant is exposed too much UV radiation, the DNA of the plant may become damaged due to penetration of harmful UV radiation into sensitive area of the plant. UV radiation also cause problem to Photosynthesis. Ozone depletion would lead reduction of crops. If the ability of taking carbon dioxide is decreasing, that will affect the life in the earth.


#### 5. Global warming

Carbon dioxide produced is expected to cool the stratosphere. This cooling, in turn, produce a relative increase in ozone ($O_3$) depletion and the frequency of ozone holes. There are two opposing effects: Reduced ozone causes the stratosphere to absorb less solar radiation, thus cooling the stratosphere while warming the troposphere.

#### 6. Remedial measures

Government should take decision to discontinue the production of $CFC_s$, halons, carbon tetra chloride and chloroform. Industries should try to develop more ozone-friendly substitutes. Other methods to decrease the rate of depletion of ozone layer would be organic agriculture, bio-degradation, recycling plant, bio-gas from wastes, bio-fuels, wind energy and solar energy. By organic farming one can reduce the use of pesticides, herbicides, fertilizers and focus on composting and other measures to maintain soil fertility. There the production of $Cl_2$, $F_2$, $H_2$, $SO_2$ etc. can be reduced. Recycling plant enables one to convert the electronic waste or other wastes into usable goods. The use of thermal energy and atomic energy are also a threat to ozone and can be decreased by making use of wind energy & solar energy.

*(The author is Reader in Physics, Catholicate College, Pathanamthitta)*



| | | |
|---|---|---|
| **പുസ്തകം** | : | **ഓർമ്മകളുടെ ചെപ്പ്** |
| **ഗ്രന്ഥകർത്താവ്** | : | **ഫാ. റ്റി.ജെ. ജോഷ്വാ** |
| **പ്രസിദ്ധീകരണം** | : | **സി.എസ്.എസ്., തിരുവല്ല** |
| **വില** | : | **125 രൂപ** |

പത്തനംതിട്ട ജില്ലയിലെ കോന്നിക്കടുത്തുള്ള കൊന്നപ്പാറ എന്ന മനോഹര ഗ്രാമത്തിലെ ഒരു സാധാരണ കുടുംബത്തിൽ ജനിച്ച് മലങ്കരസഭയുടെ അഭിമാനമായി വളർന്നുവന്ന ശ്രേഷ്ഠ ഗുരു വന്ദ്യ റ്റി.ജെ. ജോഷ്വാ അച്ചൻ അദ്ദേഹത്തിന്റെ ഓർമ്മകളുടെ ചെപ്പ് തുറന്നിരിക്കുന്നു. സംഭവബഹുലമായ ജീവിതവഴികൾ താണ്ടി എൺപതിനോടടുത്ത സമയത്ത് ഡയറിക്കുറിപ്പുകളുടെയോ മറ്റു രേഖകളുടെയോ പിൻതാങ്ങലില്ലാതെ ഓർമ്മയിൽനിന്ന് ചികഞ്ഞെടുത്ത ജീവചരിത്രാംശങ്ങളുടെ ചെപ്പ് അതിന്റെ അടുക്കിലും ചിട്ടയിലും തന്നെ അതിശയം നിറഞ്ഞതാണ്.

ആത്മകഥയെഴുതുന്നതിൽ അടങ്ങിയിരിക്കുന്ന അപകടസാദ്ധ്യതകളെക്കുറിച്ച് ഉത്തമബോദ്ധ്യമുള്ള വന്ദ്യഗുരുവിന്റെ ആത്മാവിൽ കുതിർന്ന അക്ഷരങ്ങൾ അനുവാചകർക്ക് അറിവും പ്രചോദനവും പ്രകാശവും നല്കുന്നവയാണ്. പഴംപുരാണങ്ങൾ അവതരിപ്പിക്കുവാൻ ശ്രമിക്കാതെ പഴയകാല ജീവിതങ്ങളും പാരമ്പര്യങ്ങളും പകർന്നുനല്കി പുതുതലമുറയെ ബോധവത്കരിക്കുവാനുള്ള ലക്ഷ്യമാണ് ഓർമ്മകളുടെ ചെപ്പിലൂടെ നിറവേറ്റപ്പെട്ടിരിക്കുന്നത്.

വ്യക്തികളെക്കുറിച്ചും സംഭവങ്ങളെക്കുറിച്ചും സഭയെക്കുറിച്ചും ഒക്കെയുള്ള പരാമർശങ്ങളിൽ ചിലപ്പോൾ മറ്റുള്ളവർക്ക് വിയോജിപ്പുണ്ടാകാമെങ്കിലും അഭിപ്രായങ്ങൾ തുറന്നു പ്രകടിപ്പിക്കുന്നതിൽ അച്ചൻ മടിച്ചിട്ടില്ല. ജീവിതത്തിന്റെ നല്ല പങ്കും സഭയ്ക്കുവേണ്ടിയും പ്രത്യേകിച്ച് വൈദികസെമിനാരിക്കുംവേണ്ടി ഉഴിഞ്ഞുവച്ച അച്ചൻ സഭയ്ക്കും സമൂഹത്തിനും നല്കിയിരിക്കുന്ന സംഭാവന അർപ്പണബോധവും ഉത്തരവാദിത്വമനോഭാവവുമുള്ള മെത്രാപ്പോലീത്തന്മാരുൾപ്പെടെയുള്ള ധാരാളം വൈദികരെയാണ്. വൈദികർക്ക് വേദവിജ്ഞാനം പകർന്നു നല്കുന്നതും ശുശ്രൂഷയിൽ അവരെ കർമ്മോത്സുകരാക്കുന്നതും അച്ചൻ തന്റെ ജീവിതസാഫല്യമായി കരുതുന്നു. വൈദികരിലൂടെയാണ് സഭ മുഴുവനും സമൂഹവും ദൈവികവിജ്ഞാനത്തിന്റെ അംശം അനുഭവമാക്കുന്നത്. വൈദികസെമിനാരിയെക്കുറിച്ചും വൈദികരെക്കുറിച്ചുമുള്ള ഓർമ്മകളുടെ ചെപ്പു തുറക്കുന്നത് ശിഷ്യരെയും ഗുരുക്കന്മാരെയും ഒരുപോലെ ആദരിച്ചുകൊണ്ടാണ്. സഭയിലെ ആദ്ധ്യാത്മികസംഘടനകളോടും പ്രത്യേകിച്ച് സൺഡേസ്കൂൾ പ്രസ്ഥാനത്തോടുമുള്ള ജോഷ്വാ അച്ചന്റെ ആഭിമുഖ്യം ഇന്നത്തെ യുവലോകം മധുരതരമായ വെല്ലുവിളികളായി സ്വീകരിച്ച് വായിച്ചറിയേണ്ട യാഥാർത്ഥ്യങ്ങളാണ്. പഠനത്തിനും സുവിശേഷ പ്രചരണത്തിനുമായി വിശുദ്ധ നാടുകൾ ഉൾപ്പെടെയുള്ള ദേശങ്ങളിലേക്കുള്ള യാത്രാവിവരണം ഒരു തീർത്ഥാടകന്റെ സഞ്ചാരമായി കണക്കാക്കാം.

ഓർമ്മകളുടെ ചെപ്പിലെ ഏറ്റവും പ്രധാന വിഷയം രോഗപീഡകളോടും പ്രതിസന്ധികളോടുമുള്ള ക്രൈസ്തവ പ്രതികരണമാണ്. രോഗപീഡ ഏറെ ഏറ്റുവാങ്ങി അംഗപ്രത്യംഗം ശസ്ത്രക്രിയയ്ക്ക് വിധേയനായ അച്ചന്റെ പ്രതികരണം ശ്രദ്ധേയമാണ്, "രോഗങ്ങൾ എന്നെ നിരാശനോ നിഷ്ക്രിയനോ ആക്കിയിട്ടില്ല. ഓരോ പീഡയും കഴിയുമ്പോൾ പൂർവ്വോപരി ഉത്സാഹത്തോടും ഉന്മേഷത്തോടും ഞാൻ കർമ്മനിരതനാകുന്ന അനുഭവമാണുള്ളത്. അത് ദൈവകൃപ ഒന്നുകൊണ്ട് മാത്രമെന്ന് ഞാൻ വിശ്വസിക്കുന്നു." ഓർമ്മകളുടെ ചെപ്പിലെ പതിനാല് അദ്ധ്യായങ്ങൾ രോഗപീഡയുടെയും പ്രതിസന്ധിയുടെയും പിന്നാലെ ഉണ്ടാകുന്ന ധന്യവും സ്വാർത്ഥകവുമായ ജീവിതത്തിന്റെ സൗഖ്യദായകമായ സൗരഭ്യമാണ് തുറന്നു തരുന്നത്.

34 ഗ്രന്ഥങ്ങളും, അസംഖ്യം ലേഖനങ്ങളും മലയാള മനോരമയിലെ 'ഇന്നത്തെ ചിന്താവിഷയങ്ങളും' റേഡിയോ സുഭാഷിതങ്ങളും വഴി ഏറെക്കുറെ മലയാളികൾക്കും സുപരിചിതനായ ബഹു. അച്ചന്റെ മറ്റൊരു സുവർണ്ണകൃതിയായി ഇത് ശോഭിക്കുന്നു. ഏകദേശം ഒരേ അളവിൽ തികഞ്ഞ ലാളിത്യത്തോടെ അൻപത്തിയേഴ് അദ്ധ്യായങ്ങളിലായി അടുക്കിവച്ചിരിക്കുന്ന "ഓർമ്മകളുടെ ചെപ്പ്" തിരുവല്ല ക്രൈസ്തവസാഹിത്യസമിതിയാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. വൈദിക സെമിനാരി പ്രിൻസിപ്പൽ ബഹു. ഡോ. കെ.എം. ജോർജ് അച്ചൻ ഗുരുദക്ഷിണയായി എഴുതി സമർപ്പിച്ചിരിക്കുന്ന അവതാരികയും ശ്രീ. എം. കുര്യന്റെ അവലോകനവും തുറന്ന ചെപ്പിന്റെ മാധുര്യവും സൗരഭ്യവും വർദ്ധിപ്പിക്കുന്നു.

**ഗ്രന്ഥനിരൂപണം : ഫാ. ഡോ. എം. ജോൺ പണിക്കർ**

# Blessed Memorial of Late Lamented Fathers



**Alvaris Mar Julios**
First Metropolitan Arch Bishop of Outside Kerala, Goa & Ceylon
(1889-1923)



**Philipose Mar Theophilos**
Senior Metropolitan Arch Bishop of Ankamaly & Bombay
(1966-1997)

*Heavenly Adobe on*

*23rd Sept. 1923* | *28th Sept. 1997*

**These Fathers have been source of strength & courage, Pillars, Doctors and Ambassadors of Malankara Orthodox Church**


Inserted by:-

**MATHAI MAMPALLIL, ANNIE MATHAI, THOMAS M. MATHAI, ESTHER & AJIT, AHEMEDABAD**

---

**6th Death Anniversary**

**09.09.2007**



# MR. M.V. MATHAI

**SHADHOL (M.P.)**

*By Sorrowing Family,*

**Mrs. Sosamma Mathai (wife)**
**Anil - Annie, Biji - Anitha,**
**Ani - Biji, Shruthi,**
**Vishalmon & Kripamol**

---

**രണ്ടാം ചരമ വാർഷികം**

15–09–2007



# ടി. ജി. ജോർജ്ജ്

ശാന്തിഭവൻ
പത്തനംതിട്ട

*സന്തപ്ത കുടുംബാംഗങ്ങൾ*

ധ്യാനപംക്തി

# ഞായർദിന ചിന്തകൾ

ഫാ. അലക്സ് ഡാനിയേൽ,
നാഗ്പ്പൂർ സെമിനാരി



സഹോദരങ്ങളോടും സമൂഹത്തോടുമുള്ള കടമകൾ മറന്ന് 'നിദ്രാധീനരായി' കാണപ്പെടുന്നവർ അവർക്ക് കരഗതമായിരിക്കുന്ന വിലമതിക്കാനാവാത്ത പ്രതിഫലം നഷ്ടമാക്കും.

സെപ്റ്റം. 16

**സ്ലീബാപ്പെരുന്നാളിനു ശേഷം ഒന്നാം ഞായറാഴ്ച**

**വി. മർക്കോസ് 13: 28 – 37**

ആരാധനാവർഷത്തിലെ അവസാന കാലഘട്ടത്തിലെ ആദ്യ ഞായറാഴ്ചയാണിത്. കർത്താവിന്റെ പുനരാഗമനത്തേയും ലോകാവസാനത്തേയും സൂചിപ്പിക്കുന്ന ചിന്തകളാണ് ഈ കാലഘട്ടത്തിലെ വേദനവായനകളിൽ പ്രധാനമായും അടങ്ങിയിരിക്കുന്നത്. വി. മർക്കോസിന്റെ സുവിശേഷം 13–ാം അധ്യായം മുഴുവൻ കാലാവസാനത്തെപ്പറ്റിയുള്ള യേശുവിന്റെ പ്രബോധനങ്ങളാണ്. ഇന്നത്തെ സുവിശേഷ ഭാഗത്തു പ്രധാനമായും അഞ്ചു കാര്യങ്ങൾ അടങ്ങിയിരിക്കുന്നു.

ഒരു ഉപമ (28–29), അന്ത്യനാളിനെപ്പറ്റിയുള്ള അറിയിപ്പ് (30), ദൈവവചനത്തിന്റെ ആധികാരികത (31), കാലത്തെപ്പറ്റിയുള്ള അറിയിപ്പ് (32–33), മറ്റൊരു ഉപമ (34–37).

**അത്തിവൃക്ഷം നല്കുന്ന പാഠം**

മനുഷ്യപുത്രന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചുള്ള പ്രതിപാദനത്തിന്റെ ഉപസംഹാരമായി യേശു പറയുന്നതാണ് അത്തിമരത്തിന്റെ ഉപമ. ശിഷ്യസമൂഹത്തിന് പ്രത്യാശയും പ്രതീക്ഷയും നല്കുന്ന ഉപമയാണിത്. വേനൽക്കാലത്ത് തളിർത്തു പന്തലിച്ചു നില്ക്കുന്ന അത്തിവൃക്ഷം തണലും അതിന്റെ പോഷകസമ്പന്നമായ ഫലങ്ങളും പ്രദാനം ചെയ്യുന്നു. യഹൂദമനസ്സിൽ അത്തിവൃക്ഷം സമൃദ്ധിയുടെ പ്രതീകമാണ്. അത്തിപ്പഴങ്ങൾ ദൈവികദാനത്തിന്റെ പ്രതീകമായി യോവേൽ പ്രവാചകൻ ചിത്രീകരിക്കുന്നുണ്ട് (യോവേൽ 2:22). അത്തിമരത്തിന്റെ ചുവട്ടിൽ വിശ്രമിക്കുക എന്നതിന് ദൈവത്തിന്റെ ശാന്തിയും സമാധാനവും ആസ്വദിക്കുക എന്നുകൂടി അർത്ഥമുണ്ട് (1 രാജാ. 4:25, മീഖാ 4:4). യെഹെസ്കിയേലിന്റെ പുസ്തകത്തിൽ വിസ്തൃതമാകുന്ന രാജ്യത്തിന്റെ പ്രതീകമായും അത്തിമരത്തെ അവതരിപ്പിക്കുന്നു (യെഹെ. 41:7).

പ്രകൃതിയുടെ അടയാളങ്ങൾ കണ്ട് അവയെ തിരിച്ചറിഞ്ഞ് ദൈവരാജ്യത്തെപ്പറ്റി മനസ്സിലാക്കുവാനാണ് യേശു ഇവിടെ ആവശ്യപ്പെടുന്നത്. പ്രകൃതിയിൽ ഋതുഭേദങ്ങൾ എങ്ങനെ സ്വാഭാവികമാണോ അതുപോലെതന്നെ തികച്ചും സ്വാഭാവികമാണ് ദൈവരാജ്യത്തിന്റെ ആഗമനവും.

വേദനകൾക്കും കഷ്ടപ്പാടുകൾക്കും ശേഷമുള്ള സന്തോഷത്തെക്കുറിച്ച് യേശു പലപ്പോഴും പല രീതിയിൽ പഠിപ്പിച്ചിട്ടുണ്ട്. സ്ത്രീയുടെ പ്രസവവേദനയിലും (യോഹ. 16:21), അഴിഞ്ഞില്ലാതെയാകുന്ന ഗോതമ്പുമണിയിലും (യോഹ. 12:24) എല്ലാം ഈ പ്രതീക്ഷയുടെ പാഠം നമുക്ക് ദർശിക്കാം. ഇതെല്ലാം പ്രകൃതി നിയമമാണ്.

പ്രകൃതിയിൽനിന്ന് പാഠം പഠിക്കുന്ന യേശുവിന്റെ ശൈലി പ്രകൃതിയെപ്പറ്റി ചിന്തിക്കുന്ന ഈ കാലഘട്ടത്തിൽ വളരെ പ്രസക്തമാണ്. പ്രപഞ്ചഘടികാരത്തിലെ സൂചിയായി മരങ്ങളെ കണ്ട്, അതിലൂടെ ദൈവരാജ്യത്തിന്റെ സമയം അറിയിക്കുവാൻ യേശു ആഗ്രഹിക്കുന്നു. പ്രകൃതിയുടെ താളത്തിലൂടെ–ഋതുഭേദങ്ങളിലൂടെ–ദൈവരാജ്യത്തിന്റെ സത്യം വെളിപ്പെടുത്തുമ്പോൾ പ്രകൃതിയെ മനസ്സിലാക്കുവാനുള്ള ഒരു ആഹ്വാനംകൂടിയാണ്.

**ജാഗ്രതയോടെയുള്ള കാത്തിരിപ്പ്**

നന്മ മാത്രം കാംക്ഷിക്കുന്ന ഒരു യജമാനനെ രണ്ടാമത്തെ ഉപമയിൽ യേശു ചിത്രീകരിച്ചിരിക്കുന്നു. അപകടസാധ്യതകളിൽനിന്നും പ്രലോഭനങ്ങളിൽനിന്നും രക്ഷനേടാൻ എങ്ങനെ സാധിക്കുമെന്ന് യജമാനൻ ദാസരെ ഉപദേശിക്കുന്നുണ്ട്. ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ എന്നു ഉപദേശിക്കുകയും അവരവർക്കുള്ള അധികാരങ്ങൾ നല്കുകയും ചെയ്തതിനുശേഷമാണ് യജമാനൻ യാത്രപോകുന്നത്. 13–ാം അധ്യായം മുഴുവൻ മുഴങ്ങി നില്ക്കുന്ന ശബ്ദമാണ് "ജാഗരൂകരായിരിക്കുവിൻ" എന്നത്. "ആരും നിങ്ങളെ വഴിതെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ" (13:5) എന്ന ഉപദേശം സുവിശേഷങ്ങളിൽ മാത്രമല്ല പൗലോസിന്റെ ലേഖനങ്ങളിലും കാതോലിക ലേഖനങ്ങളിലും നമുക്ക് കാണാം. മക്കദോന്യയിലേക്ക് യാത്രയ്ക്ക് ഒരുങ്ങുന്ന പൗലോസ് കൊരിന്തുകാരോട് പറയുന്നു: "നിങ്ങൾ ജാഗരൂകരായിരിക്കുവിൻ, വിശ്വാസത്തിൽ ഉറച്ചുനില്ക്കുവിൻ" (1 കൊരി.

16:13). തെസ്സലോന്യർക്ക് അപ്പോസ്തോലൻ മുന്നറിയിപ്പു നല്കുന്നു, "രാത്രിയിൽ കള്ളൻ എന്നപോലെ കർത്താവിന്റെ ദിനം വരുമെന്ന് നിങ്ങൾക്ക് നന്നായറിയാം... അതിനാൽ മറ്റുള്ളവരെപ്പോലെ ഉറങ്ങിക്കഴിയാതെ നമുക്ക് ഉണർന്നും സുബോധമുള്ളവരായിരിക്കാം." (1 തെസ്സലോ. 5:2–6).

പത്രോസ്ശ്ലീഹായുടെ ഭാഷ കുറെക്കൂടി ശക്തമാണ്, "നിങ്ങൾ സമചിത്തതയോടെ ഉണർന്നിരിക്കുവിൻ, നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചുകൊണ്ട് ചുറ്റി നടക്കുന്നു (1 പത്രോ. 5:8). എഫേസൂസിലെ സഭയിലെ ശ്രേഷ്ഠന്മാരെ വിളിച്ച് പൗലോസ് പറയുന്നു, "നിങ്ങളേയും അജഗണം മുഴുവനേയുംപറ്റി നിങ്ങൾ ജാഗ്രതയുള്ളവരായിരിക്കുവിൻ" (അപ്പോ. 20:28). തിന്മയുടെ ശക്തി എന്നും നമ്മുടെമേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമം നടത്തും. നന്മയുടെ പാതയിൽനിന്നും വഴിതെറ്റിച്ച് ആപത്തിൽ അകപ്പെടുത്താൻ പലരും ശ്രമിക്കും. തിന്മയ്ക്കും അന്ധകാരശക്തിക്കും കീഴ്പ്പെടാതിരിക്കാൻ നിതാന്തജാഗ്രത ആവശ്യമാണ്.

നിതാന്ത ജാഗ്രത പുലർത്തുന്നവർ ആയിരിക്കണമെന്ന് പറയുമ്പോൾ അർത്ഥമാക്കുന്നത് തിന്മയിലകപ്പെടാതിരിക്കാൻ നടത്തേണ്ട ആത്മീയസമരത്തെക്കുറിച്ചാണ്. അതുകൊണ്ടാണ് പൗലോസ് ശ്ലീഹാ എഫേസൂസിലെ വിശ്വാസികളോട് പറയുന്നത്, "സാത്താന്റെ കുടിലതന്ത്രങ്ങളോട് എതിർത്തു നില്ക്കുവാൻ കഴിയേണ്ടതിനു ദൈവത്തിന്റെ സർവായുധവർഗ്ഗം ധരിച്ചുകൊൾക. നമുക്ക് പോരാട്ടമുള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും, ആ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടുമത്രേ."

**വിശ്വാസത്തോടെയുള്ള കാത്തിരിപ്പ്**

ശിഷ്യന്മാരെ വിശ്വാസത്തിൽ ഉറപ്പിച്ചുനിറുത്തുന്നതിനുള്ള ശക്തമായ ആഹ്വാനമാണ് ഈ വേദഭാഗത്തുള്ളത്. ഇവിടെ പേടിയിൽനിന്നും ഉത്കണ്ഠയിൽനിന്നും ഉടലെടുക്കുന്ന കാത്തിരിപ്പിന്റെ മനോഭാവമല്ല. പ്രത്യുത ഓരോരുത്തരും ചെയ്തുതീർക്കേണ്ട കടമകൾ ഉടനെ ചെയ്തുതീർക്കുക എന്നുള്ളതാണ് അർത്ഥമാക്കുന്നത്. അങ്ങനെവരുമ്പോൾ ഓരോ നിമിഷവും യജമാനനെ സ്വീകരിക്കുവാനുള്ള ഒരുക്കമായിരിക്കും. മറ്റൊരുതരത്തിലൽ പറഞ്ഞാൽ അനുദിന വിശ്വസ്തത പുലർത്തുന്നവർക്ക്–ഉണർന്നിരിക്കുന്നവർക്ക്–കർത്താവിന്റെ ആഗമനം സന്തോഷത്തിന്റെ അനുഭവമാകും. അത് എപ്പോൾ സംഭവിക്കുമെന്നുള്ള ഉത്കണ്ഠയ്ക്ക് സ്ഥാനമില്ല. യുഗാന്ത്യത്തെ മുന്നിൽ കണ്ട് ജീവിതം ക്രമീകരിക്കുവാൻ ആധുനിക മനുഷ്യൻ വ്യഗ്രതയുള്ളവനല്ല. ഇന്നത്തെ ജീവിതം ആസ്വദിക്കുവാനാണ് അവൻ ശ്രദ്ധിക്കുന്നത്. സുഖസൗകര്യങ്ങൾക്കുവേണ്ടിയുള്ള നെട്ടോട്ടം, നഷ്ടങ്ങളുടെ, കോട്ടങ്ങളുടെ, പാളിച്ചകളുടെ അനുഭവത്തിലേക്കാണ് അവനെ കൈപിടിച്ചു നടത്തുന്നത്. അപരന്റെ നന്മ കാംക്ഷിക്കുന്നവരും അയൽക്കാരനോടുള്ള കടമ നിറവേറ്റുന്നവരും ഇന്ന് കുറവാണ്. സ്വന്തം ആവശ്യങ്ങളോടെ ജാഗ്രതയോടെ വർത്തിക്കുന്നവർ അപരന്റെ ആവശ്യങ്ങളിലും ഈ ജാഗരൂകത കാണിച്ചാൽ കർത്താവിന്റെ രണ്ടാമത്തെ ആഗമനത്തിൽ നീതിമാന്മാർക്കായി സജ്ജമാക്കിയിരിക്കുന്ന ജീവനിലേക്ക് പ്രവേശിക്കാം. സഹോദരങ്ങളോടും സമൂഹത്തോടുമുള്ള കടമകൾ മറന്ന് 'നിദ്രാധീനരായി' കാണപ്പെടുന്നവർ അവർക്ക് കരഗതമായിരിക്കുന്ന വിലമതിക്കാനാവാത്ത പ്രതിഫലം നഷ്ടമാക്കും.

ഈ ലോകത്തിന്റെ സുഖഭോഗങ്ങളിൽ മുഴുകി കഴിയുന്നവരോട് ജാഗരൂകരായിരിക്കാനുള്ള വിളി സമവീക്ഷണ സുവിശേഷങ്ങളിൽ പലയിടങ്ങളിലും കാണാം. "സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവയാൽ ഭാരപ്പെട്ട് ആ ദിവസം നിങ്ങൾക്ക് പെട്ടെന്നു കള്ളനെപോലെ വരാതിരിക്കാൻ സൂക്ഷിച്ചുകൊൾവിൻ. അതു സർവതലത്തിലും വസിക്കുന്ന ഏവർക്കും വരും. ആകയാൽ ഈ സംഭവിപ്പാനുള്ള എല്ലാറ്റിനും ഒഴിഞ്ഞുപോകുവാനും മനുഷ്യപുത്രന്റെ മുമ്പിൽ നില്പ്പാനും നിങ്ങൾ പ്രാപ്തരാകേണ്ടതിനു സദാകാലവും ഉണർന്നും പ്രാർത്ഥിച്ചുംകൊണ്ടിരിപ്പിൻ."

സെപ്റ്റം. 23

## സ്ലീബാപ്പെരുന്നാളിനു ശേഷം രണ്ടാം ഞായറാഴ്ച

**വി. മത്തായി 16: 5 – 12**

യേശുക്രിസ്തു ശിഷ്യന്മാർക്കു മാത്രം നല്കുന്ന ചില ഉപദേശങ്ങളിൽപ്പെട്ട ഒന്നാണ് ഇന്നത്തെ വേദഭാഗം.

**പുളിമാവ്**

വേദപുസ്തകത്തിൽ ദുഃസ്വാധീനത്തെ സൂചിപ്പിക്കാൻ പുളിമാവ് സാധാരണ ഉപയോഗിച്ചിരിക്കുന്നത് (1 കൊരി. 5:6, 1 ഗലാ. 5:9). പുളിമാവിന്റെ പ്രവർത്തനരീതിയാണ് പ്രാധാന്യമർഹിക്കുന്നത്. മാവിനെ മുഴുവൻ പുളിപ്പിക്കുന്ന പുളിപ്പിന്റെ പ്രവർത്തനം അത്ഭുതമാണ്. അല്പം പുളിപ്പ് മാവിനെ മുഴുവൻ പുളിപ്പിക്കുന്നു. വീര്യമായി പ്രവർത്തിച്ച് വികസിക്കുന്നു. ഒരിക്കൽ ചേർത്താൽ മുഴുവൻ മാവും പുളിക്കുന്നതുവരെ പ്രവർത്തിച്ചുകൊണ്ടിരിക്കും. നല്ലതിനോ ചീത്തയ്ക്കോ ഉള്ള നിർണ്ണായക സ്വാധീനമാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്.

**മനുഷ്യമഹത്വം**

വിജാതീയരുടെ സമ്പർക്കമുള്ള ഭക്ഷണസാധനങ്ങളും മറ്റും നിഷിദ്ധങ്ങളായാണ് യഹൂദർ മനസ്സിലാക്കിയിരുന്നത്. ആയതിനാൽ തങ്ങളുടെ ഭക്ഷണം അവർ കൈയിൽ കരുതിയിരുന്നു (യെഹ. 12:2). സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും അടിസ്ഥാനമായി നിലകൊള്ളുന്നത് മനുഷ്യന്റെ മഹത്വത്തെക്കുറിച്ചുള്ള നേരായ ദർശനമാണ്. മനുഷ്യമഹത്വത്തെക്കുറിച്ചുള്ള ഉന്നതവും ദൈവികവുമായ ചിന്തകൾക്കു മാത്രമേ വിവേചനത്തെ ചെറുത്തു തോല്പിക്കാനാവുകയുള്ളൂ. വേദപുസ്തകം മനുഷ്യമഹത്വത്തിന്റെ ഗീതമാണ്. എല്ലാ മനുഷ്യർക്കും ഒരു മനുഷ്യപ്രകൃതിയും ഉത്ഭവസ്ഥാനവുമേയുള്ളൂ. ക്രൂശിന്റെ ബലിയാൽ എല്ലാവരും വിളിക്കപ്പെടുന്നത് ഒരേ ദൈവിക സൗഭാഗ്യത്തിലേക്കാണ്. അതുകൊണ്ട് എല്ലാവരും തുല്യരാണ്. മനുഷ്യമഹത്വമാണ് ഈ തുല്യതയുടെ നിദാനം. എല്ലാ മനുഷ്യർക്കുമുള്ള മൗലികമായ സമത്വം കൂടുതൽകൂടുതൽ അംഗീകരിക്കപ്പെടണം. ശാരീരികവും മാനസികവും ധാർമ്മികവുമായ കഴിവുകളിൽ എല്ലാ മനുഷ്യരും തുല്യരല്ലെന്നത് ശരിതന്നെ.

എങ്കിലും മനുഷ്യന്റെ മൗലികാവകാശങ്ങളെ സ്പർശിക്കുന്ന ഏതൊരു വിവേചനവും അതു സമൂഹത്തെയോ, സംസ്കാരത്തെയോ സംബന്ധിച്ചതാകട്ടെ, അല്ലെങ്കിൽ ലിംഗം, ജാതി, വർണ്ണം, സാമൂഹ്യനില, ഭാഷ, മതം എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ളതാകട്ടെ ദൈവത്തിന്റെ ഉദ്ദേശങ്ങളുടെ വിരുദ്ധമെന്ന നിലയിൽ പരിവർജ്ജിക്കേണ്ടതും പൂർണ്ണമായും ഉന്മൂലനം ചെയ്യേണ്ടതുമാണ്. മനുഷ്യമഹത്വത്തിൽ ഊന്നിനിന്നുകൊണ്ട് ഒരുമയുടെ സന്ദേശം പ്രഘോഷിക്കണ്ടവളാണ് സഭ. സഭയ്ക്കുള്ളിലും പുറത്തും നിലനില്ക്കുന്ന എല്ലാ വിവേചനങ്ങളെയും തോല്പിക്കുവാൻ വൈവിധ്യങ്ങളെ ബഹുമാനിക്കുന്ന വിശാല മനസ്കത വളർത്തേണ്ടിയിരിക്കുന്നു. ന്യൂനപക്ഷങ്ങളെ അംഗീകരിക്കാനും മറ്റു മതങ്ങളെ അംഗീകരിച്ചാദരിക്കാനും സാധിക്കണം. ബഹുമാനം കൊണ്ടുമാത്രം വിവേചനം ഇല്ലാതാകുന്നില്ല. സാഹോദര്യം ശക്തിപ്പെടണം. ഓരോ വ്യക്തിയും എന്റെ സഹോദരനാണെന്ന തിരിച്ചറിവാണ് മനുഷ്യനന്മയുടെ മകുടം.

**പരീശരും സദൂക്യരും**

വി. മർക്കോസിന്റെ (8:15) വിവരണത്തിൽ പരീശരുടെയും ഹേരോദ്യരുടെയും പുളിമാവ് എന്നാണ് പറഞ്ഞിരിക്കുന്നത്. യഹൂദമതത്തിലെ വിവിധ വിഭാഗങ്ങളായിരുന്നു ഇവർ. യേശുവിന്റെ ജീവിതകാലത്ത് യഹൂദരുടെ ഇടയിൽ ഉണ്ടായിരുന്ന രാഷ്ട്രീയ പാർട്ടിയാണ് ഹേരോദ്യർ. സദൂക്യർ, കുലീനരും, സമ്പന്നരും പൗരോഹിത്യ പാരമ്പര്യം ഉള്ളവരും ആണെന്ന് സ്വയം അഭിമാനിച്ചു. രാഷ്ട്രീയം, ദേവാലയ ഭരണം, പൗരോഹിത്യാധിപത്യം ഇവ ഇവരുടെ അധീനത്തിലായിരുന്നു. പരീശന്മാരാകട്ടെ ആത്മീയകാര്യങ്ങളിൽ തീക്ഷ്ണത പ്രകടിപ്പിക്കുകയും സുനഗോഗുകളിലെ മതപരമായ അദ്ധ്യാപനത്തിൽ ശ്രദ്ധിക്കുകയും ചെയ്തു. എന്നാൽ മതതീവ്രവാദം ഇവരുടെ പൊതുസ്വഭാവമാണ്. മറ്റൊരു വ്യക്തിക്കോ സമൂഹത്തിനോ തിരുത്താനാവാത്തവിധം തങ്ങൾ വിശ്വസിക്കുന്നത് സത്യമാണെന്ന ബോധ്യത്തിലും അനുഭവത്തിലും അവർ ഉറച്ചുനില്ക്കുന്നു. ഏറ്റവും പരിപാവനമെന്നു വിശ്വസിക്കുന്ന ഒന്നിനും കോട്ടം സംഭവിക്കുന്ന പുതിയ അറിവുകളൊന്നും സ്വീകരിക്കുവാൻ അവർ സന്നദ്ധരല്ല. തങ്ങൾ സ്വന്തമാക്കിയ വീക്ഷണങ്ങളെ മറ്റുള്ളവരെക്കൊണ്ട് അംഗീകരിപ്പിക്കുവാനുള്ള ദൃഢനിശ്ചയമാണ് ഇവരുടെ ഒരു പ്രത്യേകത. തീപിടിച്ച ആത്മാക്കളെപ്പോലെ തങ്ങളുടെ വിശ്വാസം പ്രചരിപ്പിക്കാൻ സാമൂഹ്യജീവിത്തിന്റെ എല്ലാ മേഖലകളിലും ഇറങ്ങിച്ചെന്ന് പ്രവർത്തിക്കുന്നു. സംയമനത്തോടുള്ള നിരുപാധികം വിധേയത്വം പുലർത്താത്തവരെ ഏറ്റുമുട്ടി കീഴ്പ്പെടുത്തലാണ് ഇവരുടെ സഹജമായ ഭാവം. ഈ ജീവിതശൈലിയെ അകറ്റിനിർത്താനാണ് യേശു പഠിപ്പിക്കുന്നത്.

**ആധുനിക പഠിപ്പിക്കലുകളിലെ ദുഷിപ്പുകൾ**

തിന്മയെന്നു മുദ്രകുത്തി സമൂഹം തള്ളിക്കളഞ്ഞിരുന്ന ജീവിതശൈലികളെല്ലാം ഇന്നു മാതൃകാഗുണങ്ങളായി ചിത്രീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. സിനിമയിലെ വില്ലൻ കഥാപാത്രങ്ങളുടെ മുദ്രകളായിരുന്ന മാനറിസങ്ങളും, മദ്യപാനവും പുകവലിയും ഗുണ്ടായിസവും സ്ത്രീപീഢനവുമെല്ലാം ഇന്ന് പുരുഷ മാതൃകകളായി അവതരിപ്പിക്കപ്പെടുന്നു. മത്സരബുദ്ധിയും പ്രതികാരവുമാണ് മനുഷ്യന്റെ അടിസ്ഥാന ഭാവങ്ങളെന്ന് മാധ്യമങ്ങൾ ചിത്രീകരിച്ചു പഠിപ്പിക്കുന്നു. ഭാഷാപ്രയോഗത്തിലും വസ്ത്രധാരണത്തിലും ഭക്ഷണരീതികളിലും കലാരൂപങ്ങളിലുമെല്ലാം മാധ്യമസ്വാധീനം പ്രകടമാണ്. മലയാളിയുടെ സംസ്കാരത്തിൽ വന്നിട്ടുള്ള നിഷേധാത്മക മാറ്റങ്ങൾക്ക് പ്രധാന കാരണം ചലച്ചിത്രങ്ങളുടെ സ്വാധീനമാണെന്ന് ബുദ്ധിജീവികൾതന്നെ വിലയിരുത്തുന്നു. ഇത്തരം ദുഷിപ്പുകളിൽനിന്ന് നാം ഒഴിഞ്ഞിരിക്കണം.

സെപ്റ്റം. 30

**സ്ലീബാപ്പെരുന്നാളിനുശേഷം മൂന്നാം ഞായർ**

**വി. മർക്കോസ് 2: 23– 28**

ശബ്ബത്തിൽ കതിർ പറിച്ച ശിഷ്യന്മാരെ പരീശന്മാർ വിമർശിക്കുന്ന സാഹചര്യത്തിൽ ശബ്ബത്തിനെപ്പറ്റി കർത്താവ് പഠിപ്പിക്കുന്നതാണ് ഇന്നത്തെ വേദഭാഗം.

വിശ്രമിക്കുക, നിറുത്തിവയ്ക്കുക എന്നൊക്കെ അർത്ഥമുള്ള സബോത്ത് എന്ന ഹീബ്രു മൂലത്തിൽ നിന്നാണ് 'ശബത്' എന്ന പദം വരുന്നത്. പഴയനിയമത്തിൽ ജോലിയിൽനിന്ന് ഒഴിഞ്ഞിരിക്കുക എന്ന മതപരമായ അർത്ഥത്തിലാണ് ഇതുപയോഗിച്ചിട്ടുള്ളത്. പുറപ്പാടു പുസ്തകത്തിൽ (പുറ. 34: 21–27) ഇത് സന്തോഷത്തിന്റെയും വിശ്രമത്തിന്റെയും ആരാധനയുടെയും ദിനമായാണ് പറഞ്ഞിരിക്കുന്നത്. ശാബ്ബതാചരണം യഹോവയും ജനങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ അടയാളമാണ് (പുറ. 31:13, യെസ. 20:20). മന്ന വർഷിച്ച അവസരത്തിൽ ആദ്യ ശബ്ബത്തിനെപ്പറ്റി മോശ പറയുന്നു (പുറ. 16:23). പില്ക്കാലത്ത് ദൈവത്തെ ആരാധിക്കുന്നതിന് ഒന്നിച്ചു കൂടുന്ന ദിവസമായി മാറി (ലേവ്യ. 23:3). ദേവാലയത്തിൽ പ്രത്യേകമായ ബലികൾ അർപ്പിക്കപ്പെട്ടിരുന്നു. യേശുവും ശബ്ബത് അനുഷ്ഠിച്ചിരുന്നതായി സുവിശേഷങ്ങളിൽ (മർക്കോ. 6:2, ലൂക്കോ. 4:16) കാണുന്നു. വള്ളിയോ പുള്ളിയോ വിടാതെയുള്ള അനുഷ്ഠാനമായാണ് യഹൂദർ ഇതു കരുതിയിരുന്നത്. എന്നാൽ യേശു അതിനെ വിശുദ്ധമായി കരുതി. അനാവശ്യവും ദുഷ്കരവുമായ നിയമങ്ങളെ യേശു എതിർക്കുന്നുണ്ട് (മത്താ. 12:7, ലൂക്കോ. 6:1–5, 6–10)

**കരുണയ്ക്ക് വഴിമാറുന്ന നിയമം**

പരിശീന്മാരെ സംബന്ധിച്ചിടത്തോളം ദൈവിക വെളിപാടിലൂടെ വെളിപ്പെട്ട ദൈവകരുണയേക്കാൾ യഹൂദ പൗരോഹിത്യം രൂപപ്പെടുത്തിയ പുരോഹിത നിയമങ്ങളായിരുന്നു പ്രധാനം. ശാബതിനെ ശുദ്ധമായി ആചരിക്കുക എന്ന ദൈവിക കല്പനയെ ഏകദേശം 39 പ്രവൃത്തികളിൽനിന്നു വിലക്കിക്കൊണ്ട് വിശ്രമത്തിന്റെ വിശുദ്ധി അവർ പഠിപ്പിച്ചു.

പുരോഹിതൻ ദാവീദിനോടു കാണിച്ച കരുണ (1 ശമു. 21:1–6) നിയമവ്യാഖ്യാനത്തിനുള്ള ഉത്തമദൃഷ്ടാന്തമായി കർത്താവ് ഉദ്ധരിക്കുന്നു. ബുദ്ധിമുട്ടിലായിരിക്കുന്ന ദാവീദിനോട് കരുണ തോന്നുന്ന പുരോഹിതൻ ഏതു രീതിയിൽ ദാവീദിനെ സഹായിക്കാമെന്നാണ്

ചിന്തിക്കുന്നത്. വിശുദ്ധ കാഴ്ചയപ്പം ഭക്ഷിക്കുന്നതിനാവശ്യമായ ഒരുക്കം തനിക്കും തന്റെ ബാല്യക്കാർക്കും ഉണ്ട് എന്ന ഉറപ്പ് ദാവീദിൽ നിന്നും ലഭിച്ചപ്പോൾ പുരോഹിതൻ കാഴ്ചയപ്പം നല്കുകയായിരുന്നു. പ്രതിസന്ധിഘട്ടത്തിൽ കരുണയോടെ ദർശിക്കുമ്പോൾ അവനെ സഹായിക്കാനുള്ള മാർഗ്ഗങ്ങൾ തെളിയും. അവിടെ നിയമം കാരുണ്യത്തിനു വഴിമാറുന്നു. നിയമത്തിന്റെ ആക്ഷരിക വ്യാഖ്യാനങ്ങളെക്കാൾ കരുണ പ്രധാന മാനദണ്ഡമാക്കി മനുഷ്യന്റെ അവസ്ഥയെ വിലയിരുത്താൻ കഴിയണം.

പഴയനിയമത്തിൽ ഉടമ്പടി ബന്ധത്തെ നിയമത്തിന്റെ അനുഷ്ഠാനത്തിലൂടെ മാത്രം കണ്ട യഹൂദ മതനേതൃത്വം ചരിത്രത്തിൽ വെളിപ്പെട്ട ദൈവ കരുണയെ മനസ്സിലാക്കിയില്ല. പഴയനിയമത്തിൽ വെളിപ്പെട്ട ദൈവകരുണയുടെ പൂർണ്ണതയാണ് പുതിയനിയമത്തിൽ മശിഹായിലൂടെ ലഭ്യമായത്. വി. യോഹന്നാൻ ശ്ലീഹായുടെ ഭാഷയിൽ, "വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽനിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു" (യോഹ. 1:14). വി. പൗലോസ് പറയുന്നു, "നിങ്ങൾ നിയമത്തിനു കീഴിലല്ല, കൃപയ്ക്കു കീഴിലാണ്." പഴയനിയമത്തിലും പുതിയ നിയമത്തിലും ദൈവത്തിന്റെ രക്ഷാകരപ്രവൃത്തിയിലൂടെ ഈ കൃപ സൃഷ്ടിയിൽ വ്യാപരിച്ചു.

**ന്യായപ്രമാണത്തിലും വെളിപ്പെടുന്നത് ദൈവകൃപ**

ന്യായപ്രമാണം മോശവഴി നല്കപ്പെട്ടു. കൃപയും സത്യവും യേശുക്രിസ്തു മുഖാന്തിരം വന്നു (യോഹ. 1:19) പഴയനിയമം ദൈവ ജന ചരിത്ര നിയമത്തിൽ അധിഷ്ഠിതമാണെങ്കിൽ പുതിയനിയമം കൃപയിൽ അധിഷ്ഠിതമാണ്. വി. യോഹന്നാന്റെ കാഴ്ചപ്പാടിൽ നിയമം കൃപയ്ക്ക് വഴിമാറിക്കൊടുത്തു എന്നു പറയുന്നെങ്കിലും പഴയനിയമത്തിൽ ദൈവം സ്വയം വെളിപ്പെടുത്തിയത് കൃപയുടെ ദൈവമായിട്ടാണ്. നിയമം നല്കപ്പെട്ടത് ദൈവത്തിന്റെ കൃപയുടെ ഒരു പ്രകാശനമായിട്ടാണ്. കൃപാലുവായി ദൈവം ഉടമ്പടി ബന്ധത്തിലൂടെ യിസ്രയേൽ ജനതയെ സ്വന്തമാക്കി തന്റെ ഹിതം അവർക്ക് വെളിപ്പെടുത്തിക്കൊടുത്ത മാധ്യമമാണ് നിയമം. ദൈവത്തിന്റെ കൃപയുടെ വെളിപ്പെടുത്തൽ തന്നെയായിരുന്നു ഉടമ്പടി ബന്ധവും നിയമവും. "യഹോവയായ ദൈവം കരുണയും കൃപയുമുള്ളവൻ, ദീർഘക്ഷമയും, മഹാദയയും വിശ്വസ്തതയുമുള്ളവർ, ആയിരം ആയിരത്തിനു ദയ പാലിക്കുന്നവൻ, അകൃത്യവും അതിക്രമവും പാപവും ക്ഷമിക്കുന്നവൻ," (പുറ. 34:6, 7) എന്നുള്ളത് യിസ്രയേലിന്റെ ദൈവത്തെക്കുറിച്ചുള്ള മനോഹരമായ നിർവ്വചനവും വിവരണവുമായി കണക്കാക്കാവുന്നതാണ്. വീണ്ടും പത്തു കല്പനകളുമായി ബന്ധപ്പെടുത്തി പറയുന്നു "എന്നാൽ എന്നെ സ്നേഹിക്കുകയും എന്റെ കല്പനകൾ പാലിക്കുകയും ചെയ്യുന്നവരോട് ആയിരം ആയിരം തലമുറകൾ വരെ ഞാൻ കരുണ കാണിക്കും" (പുറ. 20:6). കല്പനകൾ അനുഷ്ഠിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് "ഞാൻ നിങ്ങളുടെ ദൈവവും നിങ്ങൾ എന്റെ ജനവുമായിരിക്കും" എന്നുള്ള ബന്ധം.

**ദൈവത്തിന്റെ കൃപയുടെ വെളിപ്പെടുത്തൽ**

യിസ്രയേലിന്റെ ചരിത്രം ദൈവകൃപ വെളിപ്പെടുത്തുന്ന വേദിയാണ്. ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യൻ ദൈവത്തിന്റെ കല്പന ലംഘിച്ച് ദൈവസാന്നിദ്ധ്യത്തിൽനിന്നും അകലുന്നു. എന്നാൽ നിയമത്തിന്റെ ശിക്ഷണത്തേക്കാൾ കൃപയുടെയും കരുണയുടെയും സ്നേഹത്തിലേക്ക് അവരെ നയിക്കുകയും സ്വർഗ്ഗീയനന്മകളുടെ അവകാശികളാക്കിത്തീർക്കുകയും ചെയ്യുന്ന രക്ഷയുടെ ചരിത്രമാണ് പഴയനിയമം മുഴുവൻ പരാമർശിക്കുന്നത്. മക്കൾക്കടുത്ത മഹനീയബന്ധത്തെ തച്ചുടച്ചു കളഞ്ഞ് ധൂർത്തപുത്രരായിത്തീർന്ന യിസ്രയേൽ ജനത്തെ ദൈവത്തിന്റെ കൃപയും കരുണയും ഒന്നുകൊണ്ടുമാത്രം ദൈവത്തിന്റെ ഊഷ്മളസ്നേഹത്തിലേക്ക് ദൈവകൃപയുടെ പാരമ്യം പ്രവചനപുസ്തകങ്ങളിൽ ദർശിക്കുന്നുണ്ട് (ഹോശ 2:14–23) ഈ ദൈവിക കൃപയുടെ ഏറ്റവും വലിയ ദാനമാണ് ക്രിസ്തുവിലൂടെ വെളിപ്പെട്ടതും. യേശുവിന്റെ ജീവിതത്തിലൂടെയും വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ഒക്കെ അനുഭവവേദ്യമായത് ദൈവത്തിന്റെ കൃപയാണ്. യേശു പഠിപ്പിച്ച പാഠങ്ങളിലൂടെയും പ്രവർത്തിച്ച അത്ഭുതങ്ങളിലൂടെയും പിതാവിന്റെ സ്നേഹസ്പർശം ജനഹൃദയങ്ങളിൽ നല്കി അവരെ ദൈവികമായ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും അനുഭവത്തിലേക്ക് നയിക്കുകയായിരുന്നു. നിയമങ്ങളുടെ പരിമിതിക്കുള്ളിൽനിന്ന് കാരുണ്യത്തിന്റെ സ്നേഹവലയത്തിലേക്ക് മനുഷ്യനെ നയിക്കുന്ന പ്രക്രിയയാണ് യേശുക്രിസ്തുവിലൂടെ വെളിപ്പെട്ടതും.

ഒക്ടോബർ 7

**സ്ലീബാ പെരുന്നാളിനുശേഷം 4-ാം ഞായർ**

വി. ലൂക്കോസ് 16:9-18

ഉപമകളുടെ അദ്ധ്യായങ്ങൾ എന്നു വിശേഷിപ്പിക്കാവുന്നവയാണ് 15, 16 അദ്ധ്യായങ്ങൾ. കാര്യവിചാരകത്വത്തിൽ ബുദ്ധിയും വിശ്വസ്തതയും അത്യാവശ്യമാണെന്ന് തെളിയിക്കാനുള്ള ഉപമയാണ് ബുദ്ധിമാനായ കാര്യസ്ഥന്റെ ഉപമ. യജമാനന്റെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി കടക്കാരോട് അന്യായമായി പെരുമാറുകയും അവർക്കു താങ്ങാവുന്നതിലധികം ഭാരം അവരെ അടിച്ചേല്പിക്കുകയും ചെയ്തെങ്കിലും യജമാനന്റെ അനിഷ്ടത്തിന് ഈ ദാസൻ ഇരയായിത്തീരുന്നു. അവൻ യജമാനന്റെ അപ്രീതിക്ക് പാത്രമായപ്പോൾ താൻ അനീതിയായി എഴുതിച്ചേർത്തതും ഒരുപക്ഷേ അതിലൂടെ തനിക്കും ധനികനാകാമെന്ന ബോദ്ധ്യത്തിൽ ചെയ്തതുമായ തെറ്റിനെ തിരുത്തി കടക്കാരുടെ വിശ്വസ്തത ആർജ്ജിക്കുന്നു.

ധനവും കാര്യവിചാരകത്വജോലിയും അഴിമതിക്കും അന്യായത്തിനും മുഖാന്തിരമാകാവുന്നവയാണ്. ധനം അഴിമതിക്കും കാര്യവിചാരകത്വം അധികാര ധൂർത്തിനും ഇടയാകാൻ സാദ്ധ്യതയുള്ളതാണ്. അങ്ങനെ പ്രവർത്തിച്ച ഒരു മനുഷ്യൻ വിശ്വസ്തനായിത്തീർന്ന ഉപമയാണിത്. അഴിമതിക്കും ധൂർത്തിനും കാരണമായിത്തീരാൻ സാദ്ധ്യതയുള്ള പണവും അധികാരവും ബുദ്ധിപൂർവ്വം ഉപയോഗിക്കുന്നു. സമ്പത്തിന്റെ വിശ്വസ്തമായ ഉപയോഗം

പ്രവർത്തിപദത്തിൽ എത്തിച്ചപ്പോഴാണ് അവന് സ്നേഹിതന്മാരെ ലഭിച്ചത്. ഈ ഉപമയെത്തുടർന്ന് കർത്താവ് നല്കുന്ന പ്രബോധമാണ് ഇന്നത്തെ വേദഭാഗം.

'വിശ്വസ്തത' എന്ന ക്രിസ്തീയ സുകൃതത്തെ വളരെ അർത്ഥഗംഭീരമായി വിവരിക്കുന്ന വേദഭാഗമാണ് 16-ാം അദ്ധ്യായം.

**ദൈവത്തിന്റെ വിശ്വസ്തത**

വാഗ്ദാനങ്ങളിലുള്ള വിശ്വസ്തതയും കരുണയും മൂലം ദൈവജനത്തിന് വാഗ്ദത്തഭൂമിയിൽ പ്രവേശിക്കാൻ ഇടയായി. ദൈവം തന്റെ വിശ്വസ്തതയിൽ അവരെ സ്വന്തമാക്കി സത്യത്തിലും കരുണയിലും സ്നേഹത്തിലും വഴി നടത്തി. മനുഷ്യന്റെ അവിശ്വസ്തതയ്ക്കുമപ്പുറം അവനെ സ്നേഹിക്കുകയും അവൻ വഴിതെറ്റിപ്പോകുമ്പോൾ ദുഃഖിക്കുകയും ചെയ്യുന്ന ദൈവത്തെ പ്രവാചകന്മാരിൽ കാണുന്നു. (ഹോശേയ 11:1-9, യിര. 2:1-9). പഴയനിയമത്തിൽ ഉപമകളിലൂടെയും സംഭവങ്ങളിലൂടെയും വെളിപ്പെട്ട ദൈവത്തിന്റെ വിശ്വസ്തത മാംസം ധരിച്ച് ചരിത്രത്തിലേക്ക് കടന്നുവന്നതാണ് യേശുക്രിസ്തു. പാപികളായിരിക്കെ നമ്മെ സ്നേഹിക്കുകയും (യോഹ. 3:16-21) നഷ്ടപ്പെട്ടുപോയതിനെ അന്വേഷിച്ചിറങ്ങുകയും ചെയ്ത ദൈവത്തിന്റെ സ്നേഹമാണിത് (ലൂക്കോ. 15:1-7). ചരിത്രത്തിൽ പ്രകാശിതമായ ദൈവത്തിന്റെ വിശ്വസ്തതയുടെ ഏറ്റവും വലിയ അടയാളമാണ് കുരിശിൽ മരിച്ചു കിടക്കുന്ന ദൈവപുത്രനായ മശിഹാ. അവിടെ ദൈവത്തിന്റെ സ്നേഹവും വിശ്വസ്തതയും ഒന്നാകുകയാണ്. ബുദ്ധിയുടെ തലത്തിൽ വിശകലനാതീതമാണെങ്കിലും യേശുവിന്റെ കുരിശിനെ ഹൃദയത്തിനു മനസ്സിലാക്കുവാൻ കഴിയും. കുരിശും കുരിശിന്റെ പര്യായങ്ങളുമാണ് വിശ്വസ്തതയുടെ മാനദണ്ഡമെന്ന് യേശുവിന്റെ മരണം നമ്മെ പഠിപ്പിക്കുന്നു.

**വിലകൊടുക്കേണ്ടിവന്ന വിശ്വസ്തത**

സീനായ് ഉടമ്പടിയുടെ കാതൽ "ഞാൻ നിങ്ങളുടെ ദൈവവും നിങ്ങൾ എന്റെ ജനവുമായിരിക്കും" (പുറ. 19:1-5) എന്ന വസ്തുതയാണ്. സ്നേഹത്തിൽ തുടങ്ങി സ്നേഹത്താൽ നിലനിർത്തപ്പെടുന്ന ഒരു ബന്ധം (ഹോശേയ 11:7-12). വാഗ്ദത്ത ഭൂമിയിൽ പ്രവേശിച്ചതുമുതൽ അവിശ്വസ്തതയായിരുന്നു യിസ്രായേലിന്റെ മുഖ്യപ്രവർത്തനശൈലി. അതുകൊണ്ട് പാപം ശിക്ഷയെയും, ശിക്ഷ മനസ്താപത്തെയും, മനസ്താപം പൊറുതിയെയും, പൊറുതി അനുഗ്രഹത്തെയും, അനുഗ്രഹം സമൃദ്ധിയെയും, സമൃദ്ധി പാപത്തെയും, പാപം ശിക്ഷയെയും വിളിച്ചു വരുന്ന രീതി യിസ്രായേലിന്റെ ചരിത്രത്തിൽ കാണാം. ന്യായാധിപന്മാരുടെ പുസ്തകമാണ് ഇതിന് ഏറ്റവും ശക്തമായ തെളിവ്. ആവർത്തനപുസ്തകത്തിലെ പ്രധാന പ്രമേയം യഹോവയോടുള്ള വിശ്വസ്തത അനുഗ്രഹത്തിലേക്കും അവിശ്വസ്തത നാശത്തിലേക്കും നയിക്കുമെന്നുള്ളതാണ് (ആവർത്തനം 30: 15-20).




നാശത്തിലേക്ക് ജനത്തെ നയിക്കുന്ന രാജാക്കന്മാർ ജനത്തോടൊപ്പം ശിക്ഷിക്കപ്പെടുന്നു. ബി.സി. 722-ലെ അസീറിയൻ മേധാവിത്വവും ബി.സി. 586-ലെ ബാബിലോൺ അടിമത്വവും ഇതിനുള്ള മാർഗ്ഗങ്ങളായിരുന്നു. ബാബിലോൺ അടിമത്വത്തോടുകൂടി ലോകദൃഷ്ടിയിൽ യിസ്രായേൽ ഒന്നുമല്ലാതായി ത്തീർന്നു. കാരണം, അതോടെ രാജത്വം അവസാനിച്ചു. രാജ്യം അന്യാധീനമായി. ദേവാലയം നശിപ്പിക്കപ്പെട്ടു. ബലിയും പ്രാർത്ഥനകളും നിലച്ചു. നേതാക്കന്മാരും പുരോഹിതരും ആരോഗ്യമുള്ള എല്ലാ ജനങ്ങളും നാടുകടത്തപ്പെട്ടു (യിര. 52: 12-16). എങ്കിലും ദൈവം വിശ്വസ്തനായിരുന്നു. യിസ്രായേൽ ജനത്തോട് കരുണ കാണിക്കുന്ന ബാബിലോൺ രാജാവായ എഗ്രവീൽ മെരോദകിന്റെ ചരിത്രം രാജാക്കന്മാരുടെ രണ്ടാം പുസ്തകത്തിൽ പറയുന്നു (2 രാജാ. 25:27-30).

**കാരുണ്യത്തിലൂടെ പ്രകടമാക്കേണ്ട വിശ്വസ്തത**

പൂർവ്വികരുടെ അപദാനങ്ങൾ വർണ്ണിക്കുമ്പോൾ "അവർ കരുണയുള്ളവരായിരുന്നു" എന്നാണ് ബാറാസിറായുടെ പുസ്തകത്തിൽ പറയുന്നത് (ബാറാസിറാ 44:10). "എല്ലാം തികഞ്ഞവർ" എന്ന ധ്വനിയാണ് ഇതിലുള്ളത്. മോശയെ കാരുണ്യവാൻ എന്നും എല്ലാവർക്കും "പ്രീതിപാത്രം" എന്നും വിളിക്കുമ്പോൾ ഈ ധ്വനി കൂടുതൽ വ്യക്തമാകുന്നു (ബാറാസിറാ 44:23). ഈ ആശയത്തിന്റെ വിശദീകരണത്തിനായി (ബാറാസിറാ 45:1-5) മോശയെ മഹത്വത്തിൽ വിശുദ്ധർക്കു സമനെന്നും, ദൈവമഹത്വത്തിന്റെ ഭൗതീകദർശനം ലഭിച്ചവനെന്നും പ്രസ്താവിക്കുന്നുണ്ട്. മാനുഷികതലത്തിൽനിന്നും ദൈവികതലത്തിൽ ചെന്നെത്തിനില്ക്കുന്ന കരുണയുടെയും ദയയുടെയും പ്രകാശമാണ് പൂർവ്വികരായ ശ്രേഷ്ഠ വ്യക്തികളുടെ വിശ്വസ്തതയായി ഈ പുസ്തകത്തിൽ വിവരിച്ചിരിക്കുന്നത്.

ഇവിടെയാണ് കരുണ, ദയ തുടങ്ങിയ സവിശേഷഗുണങ്ങൾ ദൈവത്തിന്റെ സത്തയിൽ നിന്നുരുത്തിരിയുന്ന സ്വഭാവങ്ങളാണെന്നും, ദൈവം സൃഷ്ടികളിൽ, പ്രത്യേകിച്ച് മനുഷ്യരിൽ, വർഷിക്കുന്ന അതിവിശിഷ്ട ദാനങ്ങളാണെന്നുമുള്ള സത്യം മനസ്സിലാക്കാൻ സാധിക്കുന്നത്. മനുഷ്യനിൽ വെളിപ്പെടുന്ന നന്മയെല്ലാം ഈ ദൈവിക സ്വഭാവത്തിലുള്ള ഭാഗഭാഗിത്വമോ അതിന്റെ പ്രതിഫലനമോ ആണ്. ഈ ദൈവികഗുണവിശേഷങ്ങൾ ജീവിതത്തിൽ പ്രകാശിപ്പിക്കുന്നവനാണ് യഥാർത്ഥ വിശ്വസ്തൻ. കരുണയും വിശ്വസ്തതയും ഒരുവന്റെ അധർമ്മത്തിനു പരിഹാരമാണെന്നത്രേ സദൃശ്യവാക്യങ്ങളിൽ പറയുന്നത് (സദൃ. 16:6). ■

*For Favours Received*

എൽസി സി.ഐ.,
ചിറവത്തൂർ

എം. ജേക്കബ്,
കല്യാൺ ഈസ്റ്റ്

# ADMISSION TO M.TH & D.TH. COURSES

## THE FEDERATED FACULTY FOR RESEARCH IN RELIGION AND CULTURE (FFRRC)

*An Ecumenical post-gradiate amd Research Centre*

*(Affiliated to the Senate of Serampre College)*

Invites application from eligible candidates (II Class / Grade B both in aggregate and respective discipline in which the candidate seeks to study) for admission to the master of Theology and Doctor of Theology courses for the Academic Session beginnig in June 2008.

***Master of Theology***

Old Testament
New Testament
Christian Theology
Early Teachers of Faith (Patristics)
Liturgical Theology
History of Christianity
Religion
Pastoal Counseling

***Doctor of Theology***

Old Testament
New Testament
Christian Theology
History of Christianity

Application forms can be obtained on payment of **Rs. 200/** for M.Th. courses and **Rs. 300/** for D.Th. courses by M.O. Demand Draft, from Fr. Dr. John Mathews, Registar, FFRRC, Orthodox Theological Seminary, P.B.No. 98, Kottayam 686001, Kerala. The last date of receiving application will be **20 November 2007**. Candidates must submit thier **Senate Transcript** with the application form.

# ഗിവ്സൈറ്റ് പ്രോജക്ട് കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.**

തിമിരംമൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സൈറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ 10L കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നു സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്വച്ചുള്ള ഓപ്പറേഷന് 1000 രൂപയും സാധാരണ ഓപ്പറേഷന് 500 രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ചനല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986-ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും, വൈസ് പ്രസിഡണ്ട് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുമാണ്. M.S. (ophthal) ബിരുദമുള്ള 4 വിദഗ്ദ്ധ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 695817.90- രൂപയുടെ സൗജന്യചികിത്സ, അർഹിക്കുന്നവർക്കായി നല്കുകയുണ്ടായി. 15289 ഓപ്പറേഷൻ ആകെ 2006 മാർച്ച് 31 വരെയുള്ള കാലത്ത് നടത്തിയതിൽ 5022-ഉം സൗജന്യമായിരുന്നു. അതുപോലെ ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 3645 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കാനും സാധിച്ചു.

പല സ്വകാര്യ ആശുപത്രികളും ഇതേ ഓപ്പറേഷൻ ഒന്നിനു 10,000-ൽ അധികം ചാർജ് ചെയ്തുവരുന്നുണ്ട്. ആ നിലയിൽ ഈ സ്ഥാപനത്തിലൂടെ ചെയ്യുന്ന സേവനം എത്ര മഹത്തരമാണെന്നോർക്കുക.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യപ്രവൃത്തിയെന്ന നിലയിൽ **ഗിവ്സൈറ്റ് പ്രോജക്ടിലേക്ക്** സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A. അനുവാദവും ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവന **ട്രഷറാർ, ഗിവ്സൈറ്റ് പ്രോജക്ട്, M.O.S.C. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ. 673 591, വയനാട്, കേരള, ഇൻഡ്യ** എന്ന അഡ്രസ്സിൽ ചെക്ക്/ ഡി.ഡി./എം.ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

**ഫാദർ അബ്രഹാം മാത്യു എടേക്കാട്ട്** (സെക്രട്ടറി ഗവേണിംഗ്ബോർഡ്)

# സൺഡേസ്ക്കൂൾ വാർത്തകൾ



**ഫാ. ഡോ. ഒ. തോമസ്**
**(ഡയറക്ടർ ജനറൽ)**



**എക്സിക്യൂട്ടീവ് കമ്മിറ്റിയും പൊതുയോഗവും**

പതിവുപോലെ ഓഗസ്റ്റ് രണ്ടാം ശനിയാഴ്ച നടക്കുന്ന പൊതുയോഗം ഈ വർഷവും പൂർവ്വാധികം ഭംഗിയായി നടന്നു. 10–ാം തീയതി എക്സിക്യൂട്ടീവ് കമ്മറ്റിയും കൂടി. പരിശുദ്ധ കാതോലിക്കാ ബാവാ, ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലൂസ് മാർ മിലിത്തിയോസ് തിരുമേനി, പ്രസ്ഥാനം പ്രസിഡന്റ് അഭിവന്ദ്യ യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ എന്നവരെകൂടാതെ അഭിവന്ദ്യ തേവോദോസ്യോസ് തിരുമേനിയും സംബന്ധിച്ചിരുന്നു. ജീവകാരുണ്യത്തിൽ നിന്നുള്ള സംഭാവനയായി രണ്ട് ലക്ഷം രൂപ പരിശുദ്ധ ബാവാ തിരുമേനിയിൽ നിന്നും, പ്രൊജക്ടിനുവേണ്ടി അദ്ദേഹം ഏറ്റുവാങ്ങി. ബഹുമാന്യ റ്റി. ജെ. ജോഷ്വാ അച്ചൻ മുഖ്യ പ്രഭാഷണം നടത്തിയതിനു പുറമേ അദ്ദേഹത്തിന്റെ ഓർമ്മയുടെ ചെപ്പുകൾ എന്ന പേരിൽ സി. എസ്. എസ്. പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ പ്രകാശനവും നടന്നത് വളരെ സന്തോഷപ്രദമായിരുന്നു. പ്രതീഭാ, പ്രവീൺ, വിജ്ഞാനി തുടങ്ങിയവർക്കുള്ള അവാർഡുകളും അഖിലമലങ്കര മത്സരവിജയികൾക്കും സഹപാഠ്യ മത്സരത്തിലെ സോണൽ വിജയികൾക്കും സമ്മാനങ്ങൾ നൽകുകയുണ്ടായി. എക്സിക്യൂട്ടീവ് കമ്മറ്റിയിലെ മറ്റു തീരുമാനങ്ങൾ സർക്കുലർ വഴി പിന്നാലെ അറിയിക്കുന്നതാണ്.

**സഹപാഠ്യമത്സരങ്ങൾ**

സൺഡേസ്കൂൾ തലത്തിലുള്ളത് ഓഗസ്റ്റ് 19ന് നടന്നു കഴിഞ്ഞതായി അറിഞ്ഞു.ഡിസ്ട്രിക്റ്റുതലത്തിലുള്ളത് സെപ്റ്റംബറിലാണല്ലോ. അവധി ദിവസത്തിൽ തന്നെ ക്രമീകരിച്ചിരിക്കുന്നത് എല്ലാവർക്കും പങ്കെടുക്കുന്നവാൻ സൗകര്യമാകേണ്ടതിനാണ്. മത്സരത്തിൽ വിജയവും തോൽവിയും സുനിശ്ചിതമാകയാൽ രണ്ടവസ്ഥയെയും ഒരു പോലെ സ്വീകരിക്കാനുള്ള മാനസിക പക്വത കുട്ടികൾ തേടിയെടുക്കത്തക്കവിധം അവരെ പരിശീലിപ്പിക്കണം. മത്സരത്തിലെ തോൽവിയുടെ പേരിൽ ഭിന്നതകൾ ഉണ്ടാകാതെയിരിക്കാൻ എല്ലാ സൂക്ഷ്മതയോടെ ചെയ്യുവാൻ ഭാരവാഹികൾ ശ്രദ്ധിക്കുകയും വേണം.

**10, 12 ക്ലാസുകളിലെ ലിസ്റ്റ്**

ഈ ക്ലാസുകളിൽ പരീക്ഷയ്ക്ക് ചേരുന്നവരുടെ ലിസ്റ്റ് ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർമാർ ഓഗസ്റ്റ് 30 ന് മുമ്പ് കേന്ദ്രഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. ചിലയിടങ്ങളിൽ കുട്ടികൾ വിമുഖത കാട്ടുന്നുണ്ട്. മറ്റു ചിലയിടങ്ങളിൽ കുട്ടികളെ പരിശീലിപ്പിക്കാൻ അദ്ധ്യാപകരില്ലെന്ന പേരിൽ താല്പര്യമുള്ള കുട്ടികളെ പോലും നിരുത്സാഹപ്പെടുത്തുന്നുണ്ട്. ഇതുരണ്ടും ഒഴിവാക്കപ്പെടേണ്ടതാണ്. സെക്കുലർ പാഠ്യപദ്ധതിയിൽ നിന്നും വ്യതസ്തമായ അദ്ധ്യാത്മിക പഠനത്തിന് അല്പസമയം നീക്കിവെയ്ക്കുന്നത് പഠനത്തിന് നഷ്ടമുണ്ടാക്കില്ലെന്നു മാത്രമല്ല, അത്തരത്തിലുള്ള മാറ്റം സെക്കുലർ പഠനത്തേയും കൂടുതൽ ഊർജ്ജിതപ്പെടുത്തുകയേയുള്ളു. ഒരേ പ്രവർത്തി തന്നെ ചെയ്യുന്നത് വിരസതജനിപ്പിക്കും. വൈവിധ്യങ്ങളാണ് ജീവിതത്തെ ശോഭനമാക്കുന്നത്. അതിനാൽ കൂടുതൽ വിദ്യാർത്ഥികളെ 10, 12 ക്ലാസുകളിൽ പരീക്ഷക്കിരുത്താൻ ഹെഡ്മാസ്റ്റർമാർ പ്രത്യേകം ശ്രദ്ധിക്കണം.

**മൂല്യങ്ങളെ തിരികെ കൊണ്ടുവരുവാനുള്ള ബോധപൂർവ്വമായ ശ്രമം**

ലോകത്തിന്റെ എതുകോണിലുമുള്ള മലയാളികൾ ഓണാഘോഷത്തിന്റെ തിരക്കിലാണല്ലോ . പകർച്ചപ്പനിയും, കാലവർഷക്കെടുതിയുമൊക്കെ സാധാരണക്കാരിൽ ഏറെ ദുരിതം വരുത്തിയിട്ടുണ്ടെങ്കിലും മാധ്യമങ്ങളും ഉപഭോഗ വസ്തുക്കളുടെ നിർമ്മാതാക്കളും ഓണാഘോഷങ്ങൾ ഏറ്റെടുത്തിരിക്കുന്ന സ്ഥിതിക്കെ പുറമേയുള്ള പൊലിമയ്ക്ക് കാര്യമായ കോട്ടമൊന്നും ഉണ്ടായിട്ടില്ല. വർണ്ണപൊലിമ വർദ്ധിച്ചിട്ടേയുള്ളു. ഇതിനിടയിൽ ഈ ഉത്സവത്തിന്റെ തനതായ മൂല്യം കുഞ്ഞുങ്ങളെ പഠിപ്പിക്കുവാൻ മുതിർന്നവർ മറുന്നുപോകരുത്. കള്ളവും, ചതിവും, വഞ്ചനയുമൊന്നുമില്ലാത്ത ഒരു നല്ല നാളേയെ സ്വപ്നം കാണാനുള്ള കഴിവെങ്കിലും അവരിൽ ഉണ്ടാക്കണം. ഓണത്തിന്റെ പേരിൽ സമ്പന്നർ കാട്ടിക്കൂട്ടുന്ന തിളക്കങ്ങളുടെ മദ്ധ്യേ, സഹധർമ്മിണിയുടെ മൃതശരീരം ദഹിപ്പിക്കാൻ ആറടി മണ്ണുപോലുമില്ലാത്ത ഹതഭാഗ്യരുടെ സാന്നിദ്ധ്യത്തെ വിസ്മരിച്ചുകളയരുത്. മദ്യം പ്രധാനവിഭവമായി തീരുന്നവിധം ആഘോഷങ്ങൾ നടത്തി ചില ക്രിസ്തീയ കുടുംബങ്ങളെങ്കിലും കുഞ്ഞുങ്ങൾക്ക് മാതൃകാദോഷം കാട്ടിയിട്ടുണ്ട്. നീതിയും സത്യവും, കരുണയും, സഹാനുഭൂതിയും ഒക്കെ ചേരുന്ന ദൈവരാജ്യമൂല്യങ്ങളെ പകരുവാൻ ഓണത്തിന്റെ ഐതിഹ്യങ്ങളേയും ആഘോഷങ്ങളെയും നാം ബോധപൂർവ്വം ഉപയോഗിക്കണം. നഷ്ടമാകുന്ന ധർമ്മത്തെയും മൂല്യങ്ങളെയും വീണ്ടെടുക്കുവാൻ ശ്രദ്ധിച്ചുകൊണ്ട് എല്ലാവർക്കും ഐശ്വര്യപൂർണ്ണമായ ഓണാശംസകൾ നേരുന്നു. ■

*For Favours Received*



ഒരു വിശ്വാസി

# യുവജന പ്രസ്ഥാനം ദേശീയ സമ്മേളനം സമാപിച്ചു



*യുവജനപ്രസ്ഥാനം 71–ാമത് അന്തർദേശീയ വാർഷിക സമ്മേളനം ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.*

**കൊട്ടാരക്കര:–** ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം 71–ാമത് അന്തർദേശീയ വാർഷീക സമ്മേളനം കൊട്ടാരക്കര മൈലം എം.ജി.എം. സ്ക്കൂളിൽ വച്ച് നടന്നു. 2007 ഓഗസ്റ്റ് 30–ന് രാവിലെ 11 മണിക്ക് ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

പ്രസ്ഥാനം പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഡെപ്യൂട്ടി സ്പീക്കർ ജോസ് ബേബി മുഖ്യാതിഥിയായിരുന്നു. മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ അനുഗ്രഹ പ്രഭാഷണം നടത്തി. ശ്രീമതി ഐഷാ പോറ്റി എം.എൽ.എ., ഭദ്രാസന സെക്രട്ടറി ഫാ. കെ. റ്റി. വർഗീസ്, പ്രസ്ഥാനം ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. നെൽസൺ ജോൺ, എം.ജി.ഒ.സി.എസ്. എം. ജനറൽ സെക്രട്ടറി ഫാ. ഡോ. വി. എം. ഏബ്രഹാം, ശ്രീ ജി. സാംകുട്ടി, ശ്രീമതി എലിസബത്ത് വർഗീസ് എന്നിവർ ആശംസകളറിയിച്ചു.

തുടർന്ന് നടന്ന ക്ലാസ്സുകളിലും പ്രഭാഷണങ്ങളിലും ഈ വർഷത്തെ ചിന്താവിഷയമായ "അതിജീവനത്തിന്റെ കാഴ്ചപ്പാടുകൾ" (Perspectives of outiving) വിശദമാക്കപ്പെട്ടു. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ, സ്വാമി അശ്വതി തിരുന്നാൾ, ശ്രീ. ക്യാപ്റ്റൻ രാജു, ജെറി അമൽദേവ്, ഫാ. ജോജി. കെ. ജോയി, ഫാ. ഡോ. ജേക്കബ് ജോൺ, ഫാ. ഡോ. മാത്യു ബേബി, ഡോ. വർഗീസ് ജോർജ് (മാർത്തോമാ കോളജ്, തിരുവല്ല), ഫാ. ഡോ. എഡ്വേർഡ് ജോർജ് (ക്ലിനിക്കൽ സൈക്കോളജിസ്റ്റ്), ശ്രീ. രാജൻ ജോൺ (ഡി.വൈ.എസ്.പി.), എന്നിവർ ക്ലാസ്സുകൾക്കും പഠനങ്ങൾക്കും നേതൃത്വം നൽകി.

സമാപന സമ്മേളനത്തിൽ കേന്ദ്ര തൊഴിൽ വകുപ്പു മന്ത്രി ശ്രീ. ഓസ്ക്കാർ ഫെർണാണ്ടസ്, ശ്രീ. ജിജി തോംസൺ ഐ.എ.എസ്., ശ്രീ. ആർ. ബാലകൃഷ്ണപിള്ള, ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, ശ്രീ. എം.ജി. ജോർജ് മുത്തൂറ്റ്, ഡോ. ജോർജ് ജോസഫ് എന്നിവർ പങ്കെടുത്തു. ഫാ. തോമസ് മാത്യു, ശ്രീ. ഗീവർഗീസ് യോഹന്നാൻ എന്നിവർ ആശംസകളർപ്പിച്ചു.

കൊല്ലം ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ നടന്ന വാർഷിക സമ്മേളനത്തിന്റെ വിജയത്തിനായി ഫാ. സ്പെൻസർ കോശി (ജനറൽ സെക്രട്ടറി) ഫാ. ജോൺ ചാക്കോ, ഫാ. ജോൺ റ്റി. വർഗീസ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിച്ചു.

യുവജനപ്രസ്ഥാനം അന്തർദ്ദേശീയ സമ്മേളനത്തോടനുബന്ധിച്ച് 'സഹോദരങ്ങളെത്തേടി' പ്രവാസി സെൽ ഉദ്ഘാടനം ചെയ്തു. വിദേശ രാജ്യങ്ങളിൽ ജോലി നോക്കുന്ന യുവാക്കളുടെ ജോലി സംബന്ധവും, വിസാ സംബന്ധവുമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നു. ഫോൺ: 9447036550, 9847060170

## സിൽവർ ജൂബിലിക്ക് തുടക്കം

**നാസിക്ക്:–** വ്യക്തിത്വ വികസനം അതിന്റെ പൂർണ്ണതയിലെത്തുവാൻ വൈജ്ഞാനിക സർവ്വകലാശാലയിലെ പഠനത്തോടൊപ്പം ആത്മീയ സർവ്വകലാശാലയിലെ പഠനവും അനിവാര്യമാണെന്നും കുടുംബം ഒരു ആത്മീക സർവ്വകലാശാല ആകണമെന്നും ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ബാവ അഭി. പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത പ്രസ്താവിച്ചു. വിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ പെരുന്നാൾ ദിവസം നാസിക്ക് സെ. ജോർജ് ഓർത്തഡോക്സ് ഇടവകയുടെ സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് നിയുക്ത കാതോലിക്കാ ബാവാ തുടക്കം കുറിച്ചു.

## MGOCSM കലാമത്സരങ്ങൾ

MGOCSM ന്റെ ആഭിമുഖ്യത്തിൽ ഓർത്തഡോക്സ് സഭാംഗങ്ങളായ ഹയർ സെക്കന്ററി/കോളേജ് വിദ്യാർത്ഥികൾക്കായി വിവിധ കലാമത്സരങ്ങൾ 2007 ഒക്ടോബർ 2–ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ കോട്ടയം മാർ തെയോഫിലോസ് സ്റ്റഡി സെന്ററിൽ നടക്കുന്നതാണ്.

വിശദ വിവരങ്ങൾക്ക് ജന. സെക്രട്ടറി, എം.ജി.ഒ.സി. എസ്.എം, സി.എം.എസ്. കോളേജ് ജംഗ്ഷൻ, പി. ബി. 610, കോട്ടയം എന്നവിലാസത്തിൽ ബന്ധപ്പെടുക.

**ഫോൺ:–** 0481–2567338 (off.)
9447963528 (mob.)

## വൈദീക ചരമം



പള്ളം:– മലങ്കര ഓർത്തഡോക്സ് സഭയിലെ സീനിയർ വൈദികനും പള്ളം സെ. പോൾസ് ഓർത്തഡോക്സ പള്ളി മുൻ വികാരിയും ഇടവക പട്ടക്കാരനുമായിരുന്ന പാറയിൽ ഫാ. പി. ജെ. ഗീവർഗീസ് (88) ദിവംഗതനായി. സംസ്ക്കാരം നിയുക്ത കാതോലിക്ക അഭി. പൗലോസ് മാർ മിലിത്തിയോസ്, അഭി. ഗീവർഗീസ് മാർ ഈവാനിയോസ്, അഭി. പൗലോസ് മാർ പക്കോമിയോസ് എന്നീ തിരുമേനിമാരുടോ കാർമ്മികത്വത്തിൽ പള്ളം സെ. പോൾസ് പള്ളിയിൽ നടത്തി.

## പ്രശസ്ത വിജയം



കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയത്തിനും A+ വാങ്ങി പ്രശസ്ത വിജയം കൈവരിച്ച എബിൻ ബാബുജി. ളാക്കൂർ സെ. തോമസ് ഓർത്തഡോക്സ് ഇടവകാംഗം .

## കൈപ്പറ്റി

### The Shephered of English

ലോകത്തില ആദ്യത്തെ ഇംഗ്ലീഷ് വിപരീത പദനിഘണ്ടു ശൈലികളും, ഭാഷാ പ്രയോഗങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. ഭാഷാ പഠിതാക്കൾക്കും, വിദ്യാർത്ഥികൾക്കും പ്രയോജനപ്രദമായ ഗ്രന്ഥം പരിഷ്ക്കരിച്ച രണ്ടാം പതിപ്പ് പുറത്തിറങ്ങി പേജ് 750, വില 475/–, പ്രീ പബ്ലിക്കേഷൻ 200/–, ഫാ. ഡോ. ഒ. തോമസ്, അമ്പലത്തും നിരപ്പ് പി.ഓ., തലവൂർ, കൊല്ലം, കേരള – 691508, ഫോൺ: 0475–2328544

**യോർദ്ദാൻ നൈൽ നദി തീരങ്ങളിലൂടെ**

യരുശലേം സന്ദർശനത്തിന്റെ അനുഭവക്കുറുപ്പുകൾ പങ്കിട്ടുകൊണ്ട് ഫാ. ജോൺ പടിയറ പുറത്തിറക്കിയ യാത്രാവിവരണമാണ് യോർദ്ദാൻ നൈൽ നദി തീരങ്ങളിലൂടെ. വിവരണവും ചിത്രങ്ങളുമടങ്ങിയ ബൈബിൾ പഠിതാക്കൾക്ക് താല്പര്യമുളവാക്കുന്നതാണ്.

യോർദ്ദാൻ നൈൽ നദി തീരങ്ങളിലൂടെ
പ്രൊഫ. ഫാ. ജോൺ പടിയറ
വില 50 രൂപ

## തിരഞ്ഞെടുത്തു



ഫാ. മാത്യു കോലമല മലബാർ ഭദ്രാസന വൈദക സംഘം സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. ഇപ്പോൾ പുളിയക്കോട് സെ. ജോർജ് പള്ളി വികാരി. മുൻ സഭാ മാനേജിംഗ് കമ്മറ്റിയംഗം.

## ശ്രാദ്ധപ്പെരുന്നാൾ കൊണ്ടാടി

കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തായായിരുന്ന ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ 16–ാം ശ്രാദ്ധപ്പെരുന്നാൾ വന്ദ്യ തിരുമേനിയുടെ കബറിടം സ്ഥിതി ചെയ്യുന്ന മുളക്കുളം കർമ്മേൽകുന്ന് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ പരിശുദ്ധ കാതോലിക്കാ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവായുടെ പ്രധാന കാർമികത്വത്തിലും ശ്രേഷ്ഠ നിയുക്ത കാതോലിക്കാ അഭി. പൗലോസ് മാർ മിലിത്തിയോസ് (കുന്നംകുളം), അഭി. പൗലോസ് മാർ പക്കോമിയോസ് (മാവേലിക്കര) എന്നീ മെത്രാപ്പോലീത്താമാരുടെ സഹ കാർമ്മികത്വത്തിലും 2007 ഓഗസ്റ്റ് മാസം 16,17,18 തീയതികളിൽ നടന്നു.

**മൈലപ്ര:–** മാർ കുറിയാക്കോസ് ആശ്രമസ്ഥാപകനും സുപ്പീരിയറുമായിരുന്ന ഭാഗ്യസ്മരണാർഹനായ വന്ദ്യ ദിവ്യ ശ്രീ. പി.ഐ. മാത്യൂസ് റമ്പാന്റെ 16–ാം ശ്രാദ്ധപ്പെരുന്നാൾ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന മാർ കുറിയാക്കോസ് ആശ്രമ ചാപ്പലിൽ പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനിയുടേയും ശ്രേഷ്ഠ നിയുക്ത കാതോലിക്കാ അഭി. പൗലോസ് മാർ മിലിത്തിയോസ്, തുമ്പമൺ ഭദ്രാസനാധിപൻ അഭി. ഫീലിപ്പോസ് മാർ യൗസേബിയോസ്, പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് എന്നീ തിരുമേനിമാരുടെ പ്രധാന കാർമികത്വത്തിലും വന്ദ്യ റമ്പാന്മാർ, കോർ എപ്പിസ്ക്കോപ്പാമാർ, വൈദിക ശ്രേഷ്ഠർ എന്നിവരുടെ സഹാ കാർമികത്വത്തിലും 2007 സെപ്റ്റംബർ 3,4 (തിങ്കൾ, ചൊവ്വ) എന്നീ തീയതികളിൽ ആചരിച്ചു.

ശ്രാദ്ധപ്പെരുന്നാളിനോടനുബന്ധിച്ച് സെപ്റ്റംബർ 1,2,3 തീയതികളിൽ കൺവൻഷൻ ഉണ്ടായിരുന്നു. 4–ാം തീയതി വി. കുർബ്ബാനയ്ക്കു ശേഷം ശ്രേഷ്ഠ നിയുക്ത കാതോലിക്കാ അഭിവന്ദ്യ പൗലോസ് മാർ മിലിത്തിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അനുസ്മരണ സമ്മേളനത്തിൽ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി അനുസ്മരണ പ്രഭാഷണം നടത്തി.

## സാറാമ്മ ജേക്കബ് നിര്യാതയായി

**നിരണം:–** മുൻ മന്ത്രി ഇലഞ്ഞിക്കൽ ഇ.ജോൺ ജേക്കബിന്റെ ഭാര്യയും സാമൂഹിക പ്രവർത്തകയു മായിരുന്ന സാറാമ്മ ജേക്കബ് (82) നിര്യാതയായി.

ശവസംസ്കാരം പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും, ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ്, ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, ഗീവറുഗീസ് മാർ കൂറിലോസ്, പൗലോസ് മാർ പക്കോമിയോസ് എന്നിവരുടെ സഹകാർമ്മികത്വത്തിലും, അനേകം കോർ–എപ്പിസ്കോ പ്പാമാർ, റമ്പാച്ചന്മാർ, വൈദികർ എന്നിവരയുടെ സാന്നിദ്ധ്യത്തിലും നിരണം സെന്റ് മേരീസ് വലിയപള്ളിയിൽ നടത്തി.

മന്ത്രിമാരായ റ്റി. യു കുരുവിള, മാത്യു റ്റി തോമസ്, പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി, മുൻ മന്ത്രിമാരായ കെ.എം മാണി, സി.എഫ് തോമസ്, സഭാ സെക്രട്ടറി ഡോ. ജോർജ് ജോസഫ്, മുൻ സഭാ സെക്രട്ടറിമാരായ ഡോ. അലക്സാണ്ടർ കാരയ്ക്കൽ, ശ്രീ. പോൾ മത്തായി, ജോസഫ് എം. പുതുശ്ശേരി എം.എൽ.എ, മുൻ എം.പി തോമസ് കുതിരവട്ടം, മർത്തമറിയം വനിതാ സമാജം സെക്രട്ടറി ശ്രീമതി അക്കാമ്മ പോൾ, സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ തുടങ്ങിയ അനേകം രാഷ്ട്രീയ, സാമൂഹ്യ, സാമൂദായിക നേതാക്കന്മാർ സംബന്ധി ച്ചിരുന്നു.

## ഷിമോഗ ക്യാമ്പസ് മിഷൻ

മദ്രാസ് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ കർണ്ണാടകയിലെ ഷിമോഗാ ജില്ലയിലെ വിവിധ പ്രഫഷണൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥി കളെ ലക്ഷ്യമാക്കി ഷിമോഗ ക്യാമ്പസ് ആരംഭിച്ചു. ഇതിനായി ഷിമോഗായിയ്ക്കും ഭദ്രാവതിയ്ക്കും ഇടയിലായി ഷിമോഗാ – ബാംഗ്ലൂർ നാഷണൽ ഹൈവേ യിൽ ദേവാലയത്തിന്റെ പണികൾ പൂർത്തിയാക്കി. ഭദ്രാസനാധിപൻ ഡോ. യാക്കൂബ് മാർ ഐറേനിയോസ് തിരുമനസ്സുകൊണ്ട് കൂദാശാ കർമ്മം നിർവ്വഹിച്ചു. വി. ഗീവറുഗീസ് സഹദായുടെയും മാർ ദിവന്ന്യാസോ സിന്റേയും നാമത്തിലുള്ള ദേവാലയം വിദ്യാർത്ഥികൾക്ക് വേണ്ടി എല്ലാ മാസവും രണ്ടു ഞായറാഴ്ചകളിലെങ്കിലും ഇപ്പോൾ കുർബ്ബാന അർപ്പിച്ചു വരുന്നു. സമീപ ഇടവകകളായ എൻ. ആർ. പുരാ സെന്റ് മേരീസ്, കരുഗുണ്ഡാ സെന്റ് ജോർജ് എന്നീ പള്ളികളിലെ വികാരിമാരായ റവ. ഫാ. ബെന്നി മാത്യു, റവ. ഫാ. ജേക്കബ് തോമസ് റവ. ഡി. ബിനു എന്നിവർ നേതൃത്വം നൽകുന്നു.

## ഒന്നാം റാങ്ക്



കോട്ടയം മഹാത്മാ ഗാന്ധി സർവ്വ കലാശാലയിൽ നിന്നും Bachelor of Business Administration (BBA) യിൽ ഒന്നാം റാങ്കു നേടിയ ജെറിൻ എബി ജോൺ. കോഴഞ്ചേരി, വഞ്ചിത്ര തോട്ട ത്തിൽ ശ്രീ. റ്റി. ഏ. ജോണിന്റേയും ലിസ്സി ജോണിന്റേയും മകനും, വഞ്ചിത്ര മാർ ബസ്ഹാനനിയ ഓർത്തഡോക്സ ഇടവകാംഗവു മാണ്.

## തെരഞ്ഞെടുത്തു



*എ. കെ. സന്തോഷ് ബേബി*



*ബിനു കെ. കോശി*

ഓർത്തഡക്സ് സഭാ തിരുവനന്തപുരം ഭദ്രാസന സൺഡേസ്ക്കൂൾ ഡയറക്ടറായി എ. കെ. സന്തോഷ് ബേബി (ചെറുവക്കൽ) ഭദ്രാസന പ്രതിനിധിയായി ബിനു കെ. കോശി (ചൊവ്വള്ളൂർ) എന്നിവരെ തെരഞ്ഞെടുത്തു.



*കൊച്ചുകോശി വൈദ്യൻ*



*എ. പി. ചാക്കോ*

മലങ്കര ഓർത്തഡക്സ് സുറിയാനി സഭാ കൊല്ലം ഭദ്രാസന സൺഡേസ്ക്കൂൾ ഡയറക്ടറായി തെരഞ്ഞെ ടുക്കപ്പെട്ട മൈനാഗപ്പള്ളി വലിയവിള കൊച്ചുകോശി വൈദ്യനും അധ്യാപക പ്രതിനിധിയായി തെരഞ്ഞെടു ക്കപ്പെട്ട കുളക്കട വലിയപള്ളി ഇടവകാംഗം ഗ്രീൻ കോട്ടേജിൽ എ. പി. ചാക്കോ കുളക്കടയും.



ഓർത്തഡക്സ് സഭാ ഇടുക്കി ഭദ്രാ സന സൺഡേസ്ക്കൂൾ ഡയറക്ടറായി സാജൻ ജോൺസൺ ചൊറിക്കാവു ങ്കൽ. സെ. തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ കുങ്കിരിപ്പെട്ടി ഇടവകാംഗ മാണ്.

## തെരഞ്ഞെടുത്തു



2006 ഒക്ടോബറിൽ മർത്തമറിയം സമാജം വനിതാ സമാജാംഗങ്ങൾക്കായി അഖില മലങ്കര അടിസ്ഥാനത്തിൽ നടത്തിയ മത്സര പരീക്ഷയിൽ തുടർച്ചയായി രണ്ടാം സ്ഥാനവും കൂടാതെ തിരുവനന്തപുരം ഭദ്രാസനാടിസ്ഥാനത്തിൽ നടത്തിയ പരീക്ഷയിൽ തുടർച്ചയായി മൂന്നാം തവണയും ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ഗ്രേസിക്കുട്ടി ജോൺ പൂജപ്പുര കുഴിക്കാട്ടിൽ പി. എസ്. ജോർജിന്റെ ഭാര്യ.

## അറിയിപ്പ്

തിരുവനന്തപുരം ലാത്തിചാർജ്ജും തുടർന്നു നടത്തിയ പ്രതിഷേധ പ്രകടനവുമായി ബന്ധപ്പെട്ട് ഓർത്തഡോക്സ് സഭാംഗങ്ങളുടെ പേരിൽ ചാർജ് ചെയ്യപ്പെട്ടിരിക്കുന്ന കേസുകളുടെ നമ്പരും മറ്റു ബന്ധപ്പെട്ട വിവരങ്ങളും എത്രയും പെട്ടന്ന് **സഭാ സെക്രട്ടറി, കാതോലിക്കേറ്റ് ഓഫീസ്, ദേവലോകം-38** എന്ന വിലാസത്തിൽ അറിയിക്കണം.

**ഡോ. ജോർജ് ജോസഫ്**
(സഭാ സെക്രട്ടറി)

## ഡോക്ടറേറ്റ് ലഭിച്ചു



**മണിപ്പാൽ:-** മൂളംന്തുരുത്തി എടപ്പങ്ങാട്ടിൽ വെരി. റവ. ഫാ. കെ. ജെ. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പായുടെ മകളും, മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റിൽ പ്രൊഫസറും, മണിപ്പാൽ സെന്റ് തോമസ് സൺഡേസ്ക്കൂൾ അദ്ധ്യാപികയുമായ സിജി ജോർജിന് ഡോക്ടറേറ്റ് ലഭിച്ചു. മണിപ്പാൽ സർവ്വകാലാശാലയിൽ "optimization and Robust, control of energy consumption in day light artificial light integrated Schemes" എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പഠനത്തിനാണ് ഡോക്ടറേറ്റ് ലഭച്ചത്. വാഴൂർ വടക്കേക്കര പരേതനായ ശ്രീ. വി.വി. ഇട്ടിയുടെ മകനും, മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ഇൻസ്ട്രമെന്റേഷൻ ആൻഡ് കൺട്രോൾ എൻജിനീയറിംഗ് വിഭാഗം മേധാവിയും, മണിപ്പാൽ യൂണിയൻ ക്രിസ്ത്യൻ കോൺഗ്രിഗേഷന്റെ പ്രസിഡന്റുമായ ഡോ. വി. ഐ. ജോർജിന്റെ ഭാര്യയുമാണ്. ഡോ. സിജി ജോർജ് നെടുമാവ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.

## പരിശുദ്ധ കാതോലിക്കാ ബാവായെ സന്ദർശിച്ചു

കേരള സർക്കാരിന്റെ വിദ്യാഭ്യാസ രംഗത്തെ ന്യൂനപക്ഷ വിരുദ്ധ പ്രവർത്തനങ്ങളെപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതിന് കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച നാഷണൽ മോണിട്ടറിംഗ് കമ്മറ്റി ഫോർ മൈനോറിറ്റീസ് എഡ്യൂക്കേഷൻ അംഗങ്ങളായ ഡോ. മാണി ജേക്കബ്, ശ്രീ. കെ.കെ. അബൂബേക്കർ എന്നിവർ കേരളത്തിലെത്തിയപ്പോൾ കോട്ടയം ദേവലോകം അരമനയിലെത്തി പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയെ സന്ദർശിച്ചു.

ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ, നാഷണൽ കമ്മീഷൻ ഫോർ മൈനോറിറ്റി എഡ്യൂക്കേഷനൽ ഇൻസ്റ്റിറ്റ്യൂഷൻസിന്റെ കേരളത്തിലെ കോ-ഓർഡിനേറ്റർ പ്രൊഫ. ഇ.ജെ. ജോൺ എന്നിവരും സന്നിഹിതരായിരുന്നു.

## ദേവാലയ കൂദാശ


ഏകദേശം 80 വർഷം പഴക്കമുള്ള വടശ്ശേരിക്കര - തലച്ചിറ മാർ ബസേലിയോസ് ഓർത്തഡോക്സ് ദേവാലയം പുനരുദ്ധരിച്ച് കൂദാശാ കർമ്മം നിർവ്വഹിച്ചു. തുമ്പമൺ ഭദ്രാസനത്തിന്റെ കീഴിലുള്ള ഈ ദേവാലയത്തിന്റെ കൂദാശ കർമ്മം ഇക്കഴിഞ്ഞ ആഗസ്റ്റ് 24, 25 തീയതികളിൽ ഭദ്രാസന മെത്രാപ്പോലീത്താ അഭി. ഫിലിപ്പോസ് മാർ യൗസേബിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും അഭി. തോമസ് മാർ അത്താനാസിയോസ് (ചെങ്ങന്നൂർ) അഭി. കുര്യാക്കോസ് മാർ ക്ലിമീസ് (സുൽത്താൻ ബത്തേരി) എന്നിവരുടെ സഹകാർമ്മികത്വത്തിലും നടത്തപ്പെട്ടു. പൊതുസമ്മേളനവും സ്നേഹവിരുന്നുമുണ്ടായിരുന്നു.

## വാർഷിക സമ്മേളനം

സ്ലീബാദാസ സമൂഹത്തിന്റെ 83-ാം വാർഷിക സമ്മേളനം 2007 സെപ്റ്റംബർ 13 ന് പരുമല സെമിനാരിയിൽ വച്ച് നടത്തുന്നു. ഭാഗ്യസ്മരണാർഹനായ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ സ്വപ്നവും പരിശ്രമവുമായ സ്ലീബാ ദാസ സമൂഹത്തിന്റെ ഒത്തുചേരൽ കൂടിയാണിത്. അന്ന് രാവിലെ പരിശുദ്ധ ബാവാ തിരുമനസ്സിന്റെ കാർമ്മികത്വത്തിൽ വി. കുർബാനയും തുടർന്ന് വാർഷിക സമ്മേളനം, കലാകായിക മത്സരങ്ങൾ, ഇവ കൂടാതെ കുടുംബ ഗിഫ്റ്റ് വിതരണവും ഉണ്ടായിരിക്കും. ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ് , ഡോ. മാത്യൂസ് മാർ സേവേറിയോസ്, സഖറിയാസ് മാർ അന്തോണിയോസ് തുടങ്ങിയ പിതാക്കന്മാർ നേതൃത്വം നൽകുമെന്ന് സെക്രട്ടറി ശെമവൂൻ റമ്പാൻ അറിയിക്കുന്നു.

## ബുദ്ധിമാൻ

ഫാ. തോമസ് പി.





# ST. MARY'S EMBROIDERY

**Palace Road, Changanacherry-686101, Kerala**

**Prop: SAJU CHACKO ✆ 0481-2425444,**
**Res. 2724224, 2727788**
**(Mob.) 9447136388**



***കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുത ലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.***

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു


40–ാം ചരമദിനം,

20–09–2007



**മാടത്തിനാൽ വീട്**
**മാലം പി. ഓ.**
**മണർകാട്,**
**കോട്ടയം**

**കുരുവിള മാത്തൻ**

**(പാപ്പച്ചി)**

*Inserted by:-*

സന്തപ്ത കുടുംബാംഗങ്ങൾ

***13–ാം ചരമ വാർഷികം***

***12–09–2007***



***എം. സി. ഗീവർഗീസ്***

***(കുഞ്ഞുഞ്ഞുട്ടി)***

**മുക്കാഞ്ഞിരത്ത്**

**തിരുമൂലപുരം**

*"നിന്റെ മഹത്വമുദിക്കും നാൾ*
*നിൽക്കണമിവൻ വലഭാഗത്തായ്"*

**സന്തപ്ത കുടുംബാംഗങ്ങൾ**

ലക്കം 9,
പുസ്തകം 63
സെപ്റ്റംബർ 2007



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ദേവലോകം, കോട്ടയം – 686 038. ഫോൺ: 0481 – 2573234
Fax : +91 481 2573234

## പത്രാധിപസമിതി

*പ്രസിഡന്റ്*
സഖറിയാസ് മാർ അന്തോണിയോസ്
Phone: 0480 - 2732023

*വൈസ് പ്രസിഡന്റ്*
ഡോ. യൂഹാനോൻ മാർ മിലിത്തോസ്
Phone: 0487- 2371039, 2371748 (Fax)

*ചീഫ് എഡിറ്റർ*
ഫാ.ഡോ. ജോൺ പണിക്കർ
Phone: 0481- 2568083, 2566526

*അംഗങ്ങൾ*
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. കെ.എം. ജോർജ്
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫാ.ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
ഡോ. ജോർജ്ജ് ജോസഫ്
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ


*മാനേജിംഗ് എഡിറ്റർ*
ഫാ.റ്റി.എ. ഇടയാടി
Phone: 0468 - 3202240 (Res.)
Mob:- 9447300908

*സബ് എഡിറ്റർ*
ഫാ. തോമസ് പി. മുകളിൽ
Phone: 0474 - 2651790 (Res.)
Mob:- 9447421948

*Cover Design & Type Setting:-*
**M.S. Graphics, Devalokam.**

**വരിസംഖ്യ**

| | |
|---|---|
| ***ഇന്ത്യയിൽ*** | |
| *ഒറ്റപ്രതി* | *: 10 രൂപ* |
| *ഒരു വർഷം* | *: 100 രൂപ* |
| *5 വർഷം* | *: 500 രൂപ* |
| *12 വർഷം (ആയുഷ്ക്കാലം)* | *: 1000 രൂപ* |
| ***വിദേശത്തേക്ക്*** | |
| *ഒരു വർഷം* | *: 1000 രൂപ* |




## ഉൾത്തുടിപ്പുകൾ

CONTENTS

**16** **Article**
Is Ozone Depletion Hazardous to life on earth?
- Dr. George Varughese Koppara

**7** **വേദപഠനം**
പ. കന്യക മറിയാം രക്ഷാ ദൗത്യത്തിലെ നിത്യ കന്യക
*– ത്യാഗി ജോസഫ്*

**11** **വീക്ഷണം**
സ്വാശ്രയ പ്രശ്നവും ചർച്ച്...
*– ബിനോസ് തോമസ് കണ്ണാട്ട്*

**4** **എഡിറ്റോറിയൽ**
മദ്ധ്യസ്ഥ ശ്രമം കബളിപ്പിക്ക.....
*– ഫാ. ഡോ. ജോൺ പണിക്കർ*

**6** **മഹാപുരോഹിത സന്ദേശം**

**16** **പ്രഭാഷണം**
ഇടവിടാതെ പ്രാർത്ഥിപ്പിൻ
*– കെ . ജിജി പണിക്കർ*

**19** **കാലികം**
അടിച്ചേല്പിക്കൽ വേണ്ട...
*– തോമസ് മാർ അത്താനാസിയോസ്*

**26** **സഭാകാര്യം**
മദ്രാസ് ഭദ്രാസനം യൗവ്വന...
*– കെ . ജജി പണിക്കർ*

**13** **കവിത**
മണിനാക്ക്
*– എം. സി. വർഗീസ്, ആലുവാ*

**24** **അനുസ്മരണം**
മാർ തെയോഫിലോസ്...
–കൊച്ചുമോൻ, മുംബൈ

**18** പുണ്യരോദനം
*– സൂസൻ ജോർജ്*

## *സ്ഥിരം പംക്തികൾ*

ധ്യാനപംക്തി, വിശ്വാസപാഠം, പള്ളി നർമ്മങ്ങൾ, ബൈബിൾ പദപ്രശ്നം, ബാലസഭ, ബുദ്ധിമാൻ, വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ.

